കുറുപ്പുംകുള ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം.
വികസനരേഖ-1996.

LOCATION MAP

കണ്ണൂർ ജില്ല.

KUTTIATTOOR GRAMA PANCHAYATH

142 – 6

കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണപരിപാടി

വികസന റിപ്പോർട്ട്

1996 ഡിസംബർ 1

കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത്
വാർഡുകൾ



താളുകൾ മറിക്കുമ്പോൾ

	പേജ്
ഭരണ സമിതി	
റിപ്പോർട്ട് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയവർ	
ജില്ലാ റിസോഴ്സ് പേഴസൺമാർ	
ആമുഖം	1
സാമൂഹിക സാംസ്കാരിക ചരിത്രം	4
ഭൂപ്രകൃതി	7
വികസന മേഖലകൾ	
1 കൃഷി, ജലസേചന	10
2 മൃഗ സംരക്ഷണം	24
3 വ്യവസായം, ഊർജ്ജ്	28
4. വിദ്യാഭ്യാസം	40
5. ആരോഗ്യം, കുടിവെള്ളം	48
6. ഗതാഗതം	53
7. പാർപ്പിടം, സാമൂഹ്യക്ഷേമം	59
8. വനിത	65
9. സംസ്കാരം	70
10. പട്ടികജാതി ക്ഷേമം	77
11. സഹകരണം	82
12. വിഭവസമാഹരണം	91

പഞ്ചായത്ത്
ഭരണ സമിതി അംഗങ്ങൾ

1. ശ്രീ : കെ.പി.ഗോപാലൻ പ്രസിഡണ്ട്
2.ശ്രീ : കെ.നാണു വൈ: പ്രസിഡണ്ട്
3 ശ്രീ : പി.പി. സുരേന്ദ്രൻ ചെയർമാൻ
സ്റ്റാൻഡിംങ്ങ് കമ്മിറ്റി
4 ശ്രീ : കെ.കെ.അബ്ദുൾ റഹിമാൻ മാസ്റ്റർ
5 ശ്രീമതി : ടി. വസന്തകുമാരി
6 ശ്രീ. : കെ.പത്മനാഭൻ മാസ്റ്റർ
7 ശ്രീമതി : കെ. സുശീലടീച്ചർ
8 ശ്രീമതി : പി.പി.ശാന്തകുമാരി
9. കുമാരി : കെ.രോഹിണി
10. ശ്രീ: എ. ശങ്കർ നമ്പൂതിരി

വികസന രേഖ ഇവരുടെ കൈകളിലൂടെ

എ. അശോകൻ
കെ.പ്രദീപൻ
ഇ.പി.ആർ വേശാല
കെ. കുഞ്ഞിക്കണ്ണൻ
വി.സി. രാജൻ
ഉഷ. കെ. പി
ടി. സുജാത
പി. പി. വസന്ത
കെ.പത്മനാഭൻ
കെ.വി. രാമചന്ദ്രൻ
പി.പി. ബാലകൃഷ്ണൻ
അച്ചുതൻ.കെ
സി.സുരേഷ്
വി.സന്തോഷ്
സുരേഷ് ബാബു. കെ
ഒ. ബാലകൃഷ്ണൻ മാസ്റ്റർ
ആർ.വി. രാമകൃഷ്ണൻ
പ്രജിത്ത് .കെ
കെ.വി. ശ്രീനിവാസൻ
സി. വി. നാരായണൻ
സി. മുരളീധരൻ
വാസുദേവൻ. എൻ
കെ. വി.നാരായണൻ
എ. സന്തോഷ്
കെ. പി. ശ്രീജിത്ത്
പി.വി. ലക്ഷമണൻ മാസ്റ്റർ
കെ.പി. പത്മിനി ടീച്ചർ
എം. വി. സുശീല
ടി. രാജൻ
സി. വി. ശശീന്ദ്രൻ
വി.പി.ബാബുരാജ്
ഒ. മുകുന്ദൻ
കെ.കരുണാകരൻ
ബി. ബാലകൃഷ്ണൻ

ജില്ലാ റിസോഴ്സ് പേഴ്സൺ

എ. അശോകൻ.
ഇ.പി ആർ.വേശാല
പി.വി. ലക്ഷമണൻ മാസ്റ്റർ
കെ. പ്രദീപൻ
സി. മുരളീധരൻ മാസ്റ്റർ
ടി. സുജാത
കെ. പി. ഉഷ
പി.പി. വസന്തകുമാരി
കെ. കുഞ്ഞിക്കണ്ണൻ
ഇ. സി. രാജൻ
കെ. വി. ശ്രീനിവാസൻ
എം.കെ. മുഹമ്മദ് ഷറീഫ്

ഡി.ടി.പി
സെവൻത്ത് സീൽ അഡ്വർടൈസേർസ്
കായ്യത്ത് റോഡ്, തലശ്ശേരി - 1
ഫോൺ- റസി :233322

പ്രിൻറിംഗ്
ഫീനിക്സ് ഓഫ്സെറ്റ് പ്രിൻേറർസ്,
തലശ്ശേരി - 7
ഫോൺ: 220823

കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത്

റോഡുകളും സ്ഥാപനങ്ങളും



ആമുഖം

കേരളം വീണ്ടുമൊരു ജനകീയ മുന്നേറ്റത്തിന് വേദിയാവുകയാണ്. താഴെതട്ടിൽ നിന്നും ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണ പദ്ധതിക്ക് സംസ്ഥാന ആസൂത്രണബോർഡും തദ്ദേശ സ്വയം ഭരണ മന്ത്രാലയവും ചേർന്ന് രൂപം നൽകിയിരിക്കുന്നു. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളുടെ അനുഭവപാഠമാണ് ഇത്തരം ഒരു തീരുമാനം എടുക്കാൻ ആസൂത്രണ ബോർഡിനെ പ്രരിപ്പിച്ചത്. ഈ പദ്ധതികാലങ്ങളിൽ സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം പിൻതള്ളപ്പെടുകയായിരുന്നു. ഉൽപാദന മേഖല കടുത്ത മാന്ദ്യം അനുഭവിക്കുമ്പോൾ, നാം ഇതുവരെ അഭിമാനത്തോടുകൂടി മാത്രം നോക്കികണ്ടിരുന്ന സേവനമേഖല നിലവാരത്തകർച്ചയെ നേരിടുന്നു. 1970 കൾക്ക് ശേഷം കാർഷികോൽപാദനത്തിന്റെ കാര്യത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. മിക്കവിളവുകളുടേയും ഉൽപാദനക്ഷമത ദേശീയ ശരാശരിയിൽ നിന്നും താഴെയാണ്. വ്യവസായ രംഗത്തെ നില ഇതിലും ദയനീയമാണ്. പുതുതായി ആധുനിക വ്യവസായസ്ഥാപനങ്ങൾ ഉണ്ടാകുന്നില്ല എന്നുമാത്രമല്ല പരമ്പരാഗതവ്യവസായങ്ങൾ പ്രതിസന്ധിയെ നേരിടുന്നു. വൈദ്യുതി ക്ഷാമം നിലവിലുള്ള വ്യവസായങ്ങളെ അടക്കം തകർച്ചയിലേക്ക് നയിക്കുന്നു. ഉൽപാദനമേഖലയിലെ മുരടിപ്പ് മൂലം തൊഴിലില്ലായ്മ ഏറ്റവും ഭീഷണമായ സംസ്ഥാനങ്ങളിൽ ഒന്നായി നാം മാറിയിരിക്കുന്നു. സൂക്ഷ്മ വിശകലനത്തിൽ ഈ സാമ്പത്തിക പ്രതിസന്ധി ഒരു സാമൂഹ്യരാഷ്ട്രീയ വെല്ലുവിളിയാണ്. അതുകൊണ്ട് തന്നെ ഇന്നത്തെ വികസന പ്രതിസന്ധിക്ക് പരിഹാരം കാണുക എന്നത് ദേശാഭിമാനബോധമുള്ള ഓരോ പൗരന്റേയും ചുമതലയാണെന്ന് കാണാൻ നമുക്ക് കഴിയണം. ഇതിനുള്ള ശാസ്ത്രീയ സമീപനം എന്നനിലയിലാണ് ജനകീയാസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. അങ്ങിനെ 1997 ഏപ്രിൽ 10ം തീയ്യതി ആരംഭിക്കുന്ന 9ാം പഞ്ചവത്സരപദ്ധതി സർവ്വമേഖലകളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടുള്ള ഒരു ജനകീയ പദ്ധതിയായി മാറാൻ പോവുകയാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം ഒരു മുന്നനുഭവം ഇക്കാര്യത്തിലുണ്ട്. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് സഹായകമാകുന്ന തരത്തിൽ ജനകീയ തലത്തിൽ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഈ പ്രവർത്തനം 1992ൽ തന്നെ തുടങ്ങിയിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടിത്തന്നെ നമുക്ക് പറയാൻ കഴിയും. കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, സെൻറർ ഫോർ ഏർത്ത് സയൻസ് സ്റ്റഡീസ് (തിരുവനന്തപുരം) ഭൂവിനിയോഗ ബോർഡ് എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിഭവ ഭൂപടം നാം നിർമ്മിച്ചിട്ടുണ്ട്. ഭൂപ്രകൃതി, ഭൂ വിനിയോഗം, ജലസമ്പത്ത്, സ്ഥാപനങ്ങൾ, ഭൂമിശാസ്ത്രപരമായ മറ്റ് പ്രത്യേകതകൾ തുടങ്ങി 8 മേപ്പുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ സെൻറർ ഫോർ ഡവല്പ്മെൻറ് സ്റ്റഡീസ് (തിരുവനന്തപുരം) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയുടെ നേതൃത്വത്തിൽ 'കേരള വികസന പരിപാടിയുടെ' ഭാഗമായി ജനകീയാസൂത്രണപരിപാടി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത കേരളത്തിലെ 22പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. ഈ മുൻ പ്രവർത്തനങ്ങൾ എല്ലാം തന്നെ ജനകീയാസൂത്രണപദ്ധതിയെ കുറിച്ച് ഒരവബോധം ജനങ്ങളിൽ ഉണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. 9ാം പദ്ധതിയുടെ ആദ്യഘട്ടപ്രവർത്തനങ്ങൾ ചിട്ടയായും സമയബന്ധിതമായും നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സെപ്തമ്പർ 21ന് ആരംഭിച്ച് ഒക്ടോബർ 6ന് അവസാനിച്ച ഗ്രാമസഭകളിൽ അഭൂതപൂർവ്വ മായ ജനപങ്കാളിത്തമായിരുന്നു.

നമ്മുടെ സംസ്ഥാനത്ത് 30ലക്ഷത്തോളം ജനങ്ങൾ പങ്കാളികളാകാൻ പോകുന്ന പരിപാടിയാണിത്. ഒപ്പം നാടിന്റെ വികസനപ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കെടുക്കാനുള്ള അവസരവും കൂടി കൈവന്നിരിക്കുകയാണ്. ഈ പ്രക്രിയയിലെ സുപ്രധാനമായ ഒരു ഘട്ടമാണ് പഞ്ചായത്ത് തല വികസന സെമിനാർ. നമ്മുടെ വികസന സെമിനാറിൽ ചർച്ചചെയ്യേണ്ടുന്ന സമഗ്ര വികസന റിപ്പോർട്ടിന് പിന്നിൽ പഞ്ചായത്ത് ഭരണ സമിതിയുടേയും, ഉദ്യോഗസ്ഥൻമാരുടേയും, റിസോർസ്ഗ്രൂപ്പിന്റേയും ത്യാഗോജ്ജ്വലമായ പ്രവർത്തനം തന്നെ നടന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ ഭാവി വികസനത്തിന്റെ അടിസ്ഥാനരേഖ എന്നിലയിൽ ഇതിനെ കാണുവാനും ഗൗരവമേറിയ ചർച്ചയ്ക്ക് വിധേയമാക്കുവാനും അതിലൂടെ നാടിന്റെ വികസന ആസൂത്രണ പ്രക്രീയയിൽ പങ്കാളികളാകാനും മുഴുവനാളുകളും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

സാമൂഹ്യ സാംസ്കാരിക ചരിത്രം

പഞ്ചായത്തിന്റെപേർ	: കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	: കുറ്റ്യാട്ടൂർ വില്ലേജ്, മാണിയൂർ വില്ലേജ്
ജില്ലാപഞ്ചായത്ത് ഡിവിഷൻ	: മയ്യിൽ, കൊളച്ചേരി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	: പാലത്തുങ്കര, കുറ്റ്യാട്ടൂർ
ബ്ലോക്ക് പഞ്ചായത്ത്	: ഇരിക്കൂർ
താലൂക്ക്	: തളിപ്പറമ്പ്
അസംബ്ലി മണ്ഡലം	: തളിപ്പറമ്പ്
പാർലിമെൻറ് മണ്ഡലം	: കാസർഗോഡ്
വിസ്തീർണ്ണം	: 35.13 ച: കി.മി
അതിരുകൾ	: വടക്ക് = മയ്യിൽ പഞ്ചായത്ത്, വളപട്ടണം പുഴ
	: തെക്ക്= മുണ്ടേരി - കൂടാളി പഞ്ചായത്തുകൾ
	കിഴക്ക് = മലപ്പട്ടം - കൂടാളി പഞ്ചായത്തുകൾ
	പടിഞ്ഞാറ്= മയ്യിൽ കൊളച്ചേരി പഞ്ചായത്തുകൾ
ജനസംഖ്യ	: 22501 (1991 സെൻസസ്)
വാർഡുകൾ	: 10
പ്രസിഡണ്ടിന്റെ പേർ	: കെ. പി. ഗോപാലൻ
വൈസ് പ്രസിഡന്റെ പേർ	: കെ. നാണു

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിൽ 1954ൽ രൂപം കൊണ്ട കുറ്റ്യാട്ടൂർ പഞ്ചായത്തും മാണിയൂർ പഞ്ചായത്തും കൂട്ടിച്ചേർത്ത് 1962ലെ പഞ്ചായത്ത് പുനഃസംഘടനയെ തുടർന്ന് കുറ്റ്യാട്ടൂർ മാണിയൂർ റവന്യൂ വില്ലേജുകൾ ഉൾപ്പെടുന്ന പുതിയ കുറ്റ്യാട്ടൂർ പഞ്ചായത്ത് രൂപീകരിച്ചു.

35.13 ചതുരശ്ര കി.മി വിസ്തീർണ്ണമുള്ള പഞ്ചായത്ത് കുന്നുകളും താഴ്വരകളുമുള്ള 'ഇടനാട്' മേഖലയിൽപ്പെടുന്നു. പഞ്ചായത്തിന്റെ കിഴക്കുഭാഗത്താണ് താരതമ്യേന ഉയർന്ന പ്രദേശങ്ങളുള്ളത്. ഈ പ്രദേശത്ത് ഏറ്റവും കൂടിയ ഉയരം 122 മീറ്ററാണ്. വടക്ക് കിഴക്ക് ഭാഗത്തുകൂടി ഒഴുകുന്ന വളപട്ടണം പുഴയും ചാലോടം കാട്ടാമ്പള്ളി റോഡും തെക്ക് പടിഞ്ഞാറ് ഭാഗത്ത് കിടക്കുന്ന മുണ്ടേരി പാഠശേഖരവും കൊണ്ടതിരിടുന്ന ഭദ്രമായ ഭൂമിശാസ്ത്രപരമായ അതിർത്തിക്കകത്താണ് പഞ്ചായത്തിന്റെ കിടപ്പ്.

ഭരണ പരമായ ചരിത്രം

1954ൽ രൂപം കൊണ്ട രണ്ട് വില്ലേജ് പഞ്ചായത്തുകൾ

1 കുറ്റ്യാട്ടൂർ വില്ലേജ് പഞ്ചായത്ത് : പ്രസിഡണ്ട് ശ്രീ. മഠപ്പുരക്കൽ കുഞ്ഞമ്പു എന്ന കോരൻ
വൈസ് പ്രസിഡണ്ട് ശ്രീ. വി. കണ്ണൻ

2 മാണിയൂർ വില്ലേജ് പഞ്ചായത്ത് : പ്രസിഡണ്ട് ശ്രീ. എം അനന്തൻ
വൈസ് പ്രസിഡണ്ട്
ശ്രീ. കെ.പി.കുഞ്ഞിക്കണ്ണൻ മാസ്റ്റർ

1961 ഡിസംബർ 31ന് ഈ പഞ്ചായത്തുകൾ പിരിച്ചുവിട്ടു. 1.1.1962ന് പുനഃസംഘടിപ്പിച്ച കുറ്റ്യാട്ടൂർപഞ്ചായത്ത് നിലവിൽ വന്നു. 31.12.1963 വരെ സ്പെഷൽ ഓഫീസർ ഭരണം നിലനിന്നു. 1963ൽ നടത്തിയ പഞ്ചായത്ത് പൊതുതെരഞ്ഞെടുപ്പിനെ തുടർന്ന് നോമിനേറ്റഡ് വനിതാ അംഗം ഉൾപ്പെടെ ഏഴംഗപഞ്ചായത്ത് 1.1.1964മുതൽ നിലവിൽ വന്നു.

പ്രസിഡൻറ് ശ്രി. വി. കണ്ണൻ, വൈസ് പ്രസിഡണ്ട് ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻമാസ്റ്റർ

തുടർന്ന് നീണ്ട പതിനാറുവർഷം പിന്നിട്ട് 1979ൽ ഒരു സീറ്റ് വനിതാ സംവരണം ഏർപ്പെടുത്തി. തെരഞ്ഞെടുപ്പ് നടത്തി 8 അംഗങ്ങളുള്ള പഞ്ചായത്ത് 1.10.1979ൽ നിലവിൽ വന്നു.

പ്രസിഡണ്ട് ശ്രീ. കെ. രവീന്ദ്രൻ, വൈസ് പ്രസിഡണ്ട് ശ്രീ.എം. പി. അച്ചുതൻ

1984ൽ കാലാവധി പൂർത്തിയാവുന്ന മുറക്ക് തെരഞ്ഞെടുപ്പ് നടന്നില്ല. പഞ്ചായത്ത് പിരിച്ച് വിട്ട് സ്പെഷൽ ഓഫീസർ ഭരണം ഏർപ്പെടുത്തി (20.10.1984 മുതൽ 31.1.88വരെ) 1987ൽ രണ്ട് സീറ്റ് വനിതകൾക്ക് സംവരണം ചെയ്തുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തി 9അംഗ പഞ്ചായത്ത് നിലവിൽ വന്നു. പ്രസിഡണ്ട് ശ്രീ. കെ. കെ. ഗോപാലൻ മാസ്റ്റർ, വൈസ് പ്രസിഡണ്ട്. ശ്രീ. പി. മുകുന്ദൻ

1993 ഡിസംബറിൽ കാലാവധി പൂർത്തിയാവുന്ന പഞ്ചായത്ത് പിരിച്ചുവിട്ട് സ്പെഷൽ ഓഫീസർ ഭരണം ഏർപ്പെടുത്തുന്നതിനു പകരം കാലാവധി 30.9.95വരെ നീട്ടി; 1995ൽ പുതിയ കേരള പഞ്ചായത്ത് രാജ് ആക്ട്റ്റിന്റെ അടിസ്ഥാനത്തിൽ വാർഡ് വിഭജനം നടത്തി 4 വനിതാ സംവരണവും ഒരു പട്ടിക ജാതി സംവരണവും ഏർപ്പെടുത്തി പൊതു തെരഞ്ഞെടുപ്പ് നടത്തി 10അംഗ പഞ്ചായത്ത് 1995 ഒക്ടോബർ 2ന് നിലവിൽ വന്നു. പ്രസിഡണ്ട് ശ്രീ. കെ. പി. ഗോപാലൻ, വൈസ് പ്രസിഡണ്ട് ശ്രീ. കെ. നാണു.

പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ

കൃഷിഭവൻ, പ്രാഥമിക ആരോഗ്യകേന്ദ്രം, വില്ലേജോഫീസുകൾ , പഞ്ചായത്തോഫീസ് വില്ലേജ് എസ്റ്റെൻഷ്യൻ ഓഫീസ് മൃഗാശുപത്രി കുടുംബക്ഷേമ കേന്ദ്രങ്ങൾ, ഗോസംവർദ്ധക ഉപകേന്ദ്രങ്ങൾ

ചരിത്രം

ചിരപുരാതനമായ ഒരു സംസ്ക്കാരവും ചരിത്രവും കുറ്റ്യാട്ടൂരിനുണ്ട്. സ്ഥലനാമങ്ങൾ സംബന്ധിച്ച് പഴമക്കാർ പറഞ്ഞുവരുന്ന ചരിത്രങ്ങൾ പരമ്പരാഗതപ്രയോഗങ്ങൾ, ഐതിഹ്യങ്ങൾ, ഒട്ടേറെ കാവുകൾ ക്ഷേത്രങ്ങൾ പുരാതന തറവാടുകൾ എന്നിവ ഇന്നും ഇതിനുള്ള തെളിവുകളാണ്. കുറ്റ്യാട്ടൂർ എന്ന പേരിനുതന്നെ പ്രബലമായ ഒരൈതീഹ്യം നിലവിലുണ്ട്. വടക്കെ മലബാറിലെ പ്രസിദ്ധമായ കൊട്ടിയൂർ ശിവക്ഷേത്രത്തിൽ ആദ്യമായി നെയ്യഭിഷേകം ചെയ്യുന്നതിനുള്ള അവകാശം കോട്ടയം തമ്പുരാനിൽ നിന്ന് കല്പിച്ചുകിട്ടിയത് കുറ്റ്യാട്ടൂരിലെ പ്രശസ്തരായ നാലുനമ്പ്യാർ തറവാട്ടുകാർക്കായിരുന്നു എന്നും, നാലര കുറ്റി പശുവിൻ നെയ്യാണിപ്രകാരം അഭിഷേകം ചെയ്യേണ്ടിയിരുന്നതെന്നും കുറ്റിയാടുന്നവരുടെ ഊര് - പ്രദേശം - കുറ്റ്യാട്ടൂരായി എന്നുമാണ് ഐതിഹ്യം.

ഇതുപോലെ തന്നെ ഋഷിമാരധിവസിച്ചിരുന്ന പ്രദേശമായിരുന്നു 'തീർത്ഥാട്ടുമല' എന്ന് ദേവീ സാന്നിധ്യം കൊണ്ട് പാവനമായ ഊരാണ് പാവന്നൂർ എന്നും, വേദശാലയായിരുന്നു വേശാല എന്നും, മണിയുടെ (സുബ്രഹ്മണ്യന്റെ) ഊരായിരുന്നു മാണിയൂരെന്നും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ ഐതിഹ്യങ്ങൾ പഴമക്കാരുടെ മനസ്സിലുണ്ട്.

ചിറക്കൽ രാജവംശത്തിന്റെ അധികാര പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ ആയിരുന്നു കുറ്റ്യാട്ടൂർ പിൽകാലത്ത് ബ്രിട്ടീഷ് ആധിപത്യത്തെതുടർന്ന് സാമ്രാജ്യത്വ ഭരണസ്ഥാപനങ്ങളുടേയും ജന്മി നാടുവാഴിത്തകൂട്ടുകെട്ടിന്റേയും നേതൃത്വത്തിൽ നടത്തിയ അടിച്ചമർത്തലുകളും ചൂഷണവും , മഹാഭൂരിപക്ഷം വരുന്ന അവർണ്ണരും താഴ്ന്ന ജാതിക്കാരുമായ സാമാന്യജനങ്ങൾ സാമൂഹ്യസാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ പിൻതള്ളപ്പെട്ടു. മാത്രമല്ല ഒരടിമ-ഉടമ ബന്ധമായിരുന്നു നിലനിന്നിരുന്നത്. മൊത്തം ഭൂമിയുടെ ജന്മാവകാശം ഏതാനും കുടുംബങ്ങളിൽ ഒതുങ്ങിയിരുന്നു. അതുകൊണ്ട് തന്നെ കേവലം പത്ത് ശതമാനം സാമ്പത്തികമായും, വിദ്യാഭ്യാസപരമായും മുമ്പോട്ടപോയപ്പോൾ തൊണ്ണൂറ് ശതമാനവും നിത്യദാരിദ്ര്യത്തിലും, നിരക്ഷരതയിലും അകപ്പെട്ടു. 1930കളിൽ ഈ പ്രദേശത്തിന്റെ അധികാരഘടനയിലെ മുഖ്യശക്തികൾ ജന്മിത്തശ്ശക്തികൾ തന്നെയായിരുന്നു. സിവിലും - ക്രമിനലുമായ ഒട്ടേറെ അധികാരങ്ങളുള്ള വിഭാഗത്തിൽ നിന്നുള്ള അധികാരശക്തിയും നിസ്സഹായരായ ഒരു ജനതയും ഇതായിരുന്നു അവസ്ഥ.

കൃഷിക്കാരിലും കർഷക തൊഴിലാളികളിലും സംഘബോധത്തിന്റേറയും അവകാശബോധത്തിൻറയും ഒരു നേരിയ ചലനമെങ്കിലും ഉണ്ടായിരുന്നില്ല. 1935ൽ വിഷ്ണു ഭാരതീയന്റെ നേതൃത്വത്തിൽ കൊളച്ചേരിയിൽ രൂപം കൊണ്ട കർഷക പ്രസ്ഥാനം അയൽ വില്ലേജുകളായ കയരളം, കണ്ടക്കൈ തുടങ്ങിയ പ്രദേശങ്ങൾക്കൊപ്പം കുറ്റ്യാട്ടൂരിലെ കൃഷിക്കാരിലും, കർഷക തൊഴിലാളികളിലും, പുതിയ ഉണർവും, ആവേശവും ഉണ്ടാക്കി. എ. കെ. ജി, ഭാരതീയൻ, കേരളീയൻ, തുടങ്ങിയ നേതാക്കളുടെ സന്ദർശനം പീഠനത്തിന്റേറയും അടിച്ചമർത്തിലിന്റേറയും നേരെ ചെറുത്തുനിൽപ്പിന്റേറയും

പ്രതിരോധത്തിന്റേയും അത് വഴി കൂട്ടായ്മയുടേയും ആശയം മെല്ലെമെല്ലെ അവശ വിഭാഗങ്ങളിൽ വിശേഷിച്ചും കൃഷിക്കാരിൽ വേരൂന്നിതുടങ്ങുകയാണ്. പ്രാദേശിക കർഷക സംഘം രൂപീകരണവും, കർഷക സമ്മേളനങ്ങളിൽ ഈ പ്രദേശത്തിന്റെ പങ്കാളിത്തവും വരുന്നതോടെ ഈ പ്രദേശത്തും ചെറുത്ത് നിൽപ്പിന്റേയും പോരാട്ടങ്ങളുടേയും തുടക്കമിടുകയായിരുന്നു.

നുരി വെച്ചുകാണൽ, പാറവശ് തുടങ്ങിയ അക്രമ പിരിവുകൾക്കെതിരെ ചിറക്കൽ താലൂക്കിൽ അലയടിച്ചുയർന്ന പ്രക്ഷോഭത്തിൽകുറ്റ്യാട്ടൂരിലെ കൃഷിക്കാരും പങ്കെടുത്തു.

കുടിയാൻ മുട്ടിനു താഴ്ത്തി മുണ്ടുടുക്കുന്നതും തോർത്ത് തലയിൽ കെട്ടി നടക്കുന്നതും നിരോധിച്ചിരുന്ന കാലത്ത് എ.കെ.ജിയുടേയും മറ്റും സാന്നിദ്ധ്യം ജനങ്ങളിൽ സമരാവേശം ഉണ്ടാക്കിയതിന്റെ തെളിവാണ് തോർത്ത്മുണ്ട് തലയിൽ കെട്ടി നടക്കുന്നതിന് വിലക്കു കൽപ്പിച്ചതിനെതിരെ നടത്തിയ പ്രസിദ്ധമായ 'തലേക്കെട്ട് സമരം' പഴശ്ശിയിലെ 'വണ്ണാത്തിമാറ്റ് സമരം' തുടങ്ങിയവ; അശാസ്ത്രീയമെങ്കിലും ഈ സമരങ്ങൾ ജന്മിമാരുടെ ക്യാമ്പിൽ ആശങ്കയുണ്ടാവുകയായിരുന്നെങ്കിൽ കർഷകർക്കിടയിൽ സംഘബോധത്തിന്റേയും, കൂട്ടായ്മയുടേയും പുതിയ മേഖലകൂടുതൽ കൂടുതൽ തെളിഞ്ഞു വരികയായിരുന്നു. അന്ന് വിദ്യാഭ്യാസമേഖലയിൽ 'ശനിയൻ സഭയ്ക്കെതിരെ പ്രത്യക്ഷമായി രംഗത്ത് വന്ന രണ്ട് അദ്ധ്യാപകർ അറസ്റ്റ് ചെയ്യപ്പെട്ടത്, പഴയകാല അദ്ധ്യാപകനേതാക്കളായ ടി. സി. നാരായണൻ നമ്പ്യാർ, പി.എം കുഞ്ഞിരാമൻ നമ്പ്യാർ എന്നിവരുടെ സന്ദർശനം എല്ലാം പുതിയൊരുമാറ്റത്തിന്റേയും ചെറുത്തുനിൽപ്പിന്റേയും തുടക്കമാവുകയായിരുന്നു.

യശശ്ശരീരനായ സ: വി. കണ്ണന്റേയും ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ ഒട്ടേറെ പ്രാദേശിക നേതാക്കളുടെയും നേതൃത്വത്തിലുള്ള പോരാട്ടങ്ങളും യശശരീരനായ അറാക്കൽ കുഞ്ഞിരാമൻ, ടി. സി. നാരായണൻ നമ്പ്യാർ, എ. കുഞ്ഞിക്കണ്ണൻ തുടങ്ങിയ നേതാക്കളുടെ സാന്നിദ്ധ്യവും കർഷകകുടിയാൻ ക്യാമ്പുകളിൽ ആവേശം പടർത്തിയിരുന്നു.

സ്വാതന്ത്ര്യലബ്ധിയെ തുടർന്നുള്ള നാളുകൾ മാണിയൂരിൽ നിന്നു വ്യത്യസ്ഥമായ കുറ്റ്യാട്ടൂരിൽ എം.എസ്സ്.പി.യു.ടേയും, ജന്മിമാരുടെ ഗുണ്ടകളുടേയും, നേതൃത്വത്തിൽ നടത്തിയ നടത്തിയ കൊടിയമർദ്ധനത്തിന്റെ നാളുകളായിരുന്നു. ഏതാനും ജന്മിവീടുകളിൽ ക്യാമ്പ് ചെയ്ത അവരുടെ വിരോധം തീർക്കുന്നതിന് രാപ്പകലില്ലാതെ വീടുകൾ റെയ്ഡ് ചെയ്തും അടിച്ചും മർദ്ധിച്ചും കൃഷിക്കാരേയും കർഷകതൊഴിലാളികളേയും കള്ളക്കേസ്സിൽ കുടുക്കിയും പീഠിപ്പിച്ച അനുഭവമായിരുന്നു. ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രവർത്തകരും ചെറുപ്പക്കാരും എം എസ് പി. യു.ടേയും ഗുണ്ടകളുടേയും കടുത്തമർദ്ധനത്തിന്നു വിധേയരാവാത്തവർ ആരുമുണ്ടായിരുന്നില്ല. സ: വി. കണ്ണൻ ഏറ്റുവാങ്ങിയ മർദ്ദനം ഹൃദയഭേദകമായിരുന്നു. എം എസ്. പി. യുടെയും, ഗുണ്ടകളുടേയും മർദ്ദനം ഏറ്റ് പിൽക്കാലത്ത് നിത്യരോഗികളായിത്തീർന്ന ഒട്ടനവധി പ്രവർത്തകർ അകാലത്തിൽ മരിക്കാൻ തന്നെയിടയായിട്ടുണ്ട്. അയൽ പ്രദേശത്ത് ഭാര്യവീട്ടിൽ പോകാൻ അധികാരിയിൽ നിന്ന് സാക്ഷ്യപ്പത്രം വാങ്ങികയ്യിൽ വെക്കുക എന്നത് അന്നത്തെ പതിവായിരുന്നു. ഭരണാധികാരികളുടെ വക്താക്കളായി കൊടിയ മർദ്ദനത്തിനും പീഠനത്തിനും നേതൃത്വം കൊടുത്ത ശക്തികൾ മഹാഭൂരിപക്ഷം വരുന്ന സാമാന്യജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട് ഒന്നുമല്ലാതായിത്തീർന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് 1954ൽ നടന്ന പഞ്ചായത്ത് പൊതുതെരഞ്ഞെടുപ്പ്. അന്ന് വില്ലേജ് പഞ്ചായത്തിലെ വോട്ടർമാരെയാകെ ഒരു

പൊതുസ്ഥലത്ത് വിളിച്ച് ചേർത്ത് പ്രസിഡണ്ടിനേയും മെമ്പർമാരേയും കൈപൊക്കി വോട്ട് രേഖപ്പെടുത്തി തെരഞ്ഞെടുക്കുകയായിരുന്നു കുറ്റ്യാട്ടൂർ വില്ലേജിലെ വോട്ടർമാരെല്ലാം കുറ്റിയാട്ടൂർ സെൻറർ എ. എൽ.പി. സ്കൂളിൽ ഒത്തുചേർന്നു. പഞ്ചായത്ത് പ്രസിഡണ്ടിനെയും മെമ്പർമാരെയും നേരിട്ട് തെരെഞ്ഞെടുക്കാൻ അവസരം കൈവന്നപ്പോൾ മറ്റൊന്നും ആലോചിക്കേണ്ടി വന്നില്ല പ്രാദേശിക കർഷക സഖ്യത്തിൻെറ പ്രവർത്തനാനുഭവമുള്ള പ്രവർത്തകരെയാണ് മഹാഭൂരിപക്ഷം വോട്ടോടെ തെരെഞ്ഞെടുത്തത് അന്നേവരെ ഭരണരംഗവുമായി യാതൊരു ബന്ധവുമില്ലാത്ത കർഷക തൊഴിലാളി മേഖലയിൽ പ്രവർത്തിച്ച അനുഭവം മാത്രം കൈമുതലായുള്ള ഏതാനും പേർ പ്രദേശിക ഭരണ ചുമതലയിലേക്ക് കടന്ന് വരികയായിരുന്നു.

ഭൂപ്രകൃതി

വൈവിദ്യമാർന്ന ഭൂപ്രകൃതി കുറ്റ്യാട്ടൂർ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. കുന്നുകളും. താഴ്വാരങ്ങളും, വയലേലകളും, ഇടവിട്ട പ്രദേശമാണിത്. · കിഴക്കുനിന്ന് പടിഞ്ഞാറോട്ട് അല്പം ചരിഞ്ഞാണ് കിടക്കുന്നത് ഉത്തര അക്ഷാംശം 11° 56'നും 12ംക്കു ഇടക്കും പൂർവ്വ രേഖാംശം 75° 26നും 75ം 30നും ഇടയിൽ സ്ഥിതി ചെയ്യുന്നു. വടക്ക് മയ്യിൽ - മലപ്പട്ടം പഞ്ചായത്തുകളും, കിഴക്ക് കൂടാളി പഞ്ചായത്തും തെക്ക് കൂടാളി - മുണ്ടേരി പഞ്ചായത്തും. പടിഞ്ഞാറ് കൊളച്ചേരി - മയ്യിൽ പഞ്ചായത്തും അതിർത്തികളായി കിടക്കുന്നു. നമ്മുടെ പഞ്ചായത്ത് വടക്കൻ ഇടനാട് എന്ന കാർഷിക ഭൂവിഭാഗത്തിൽ പെടുന്നു.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ മൂന്നായി തരം തിരിക്കുന്നു.

1 ഉയർന്ന ലാറ്ററേറ്റ് സമതലം

2 ചെരിവ് പ്രദേശങ്ങൾ

3 താഴ്വരകൾ

1 ഉയർന്ന ലാറ്ററേറ്റ് സമതലം

40 മുതൽ 122 മീറ്റർ വരെ ഉയരമുള്ള കുന്നിൻ പുറങ്ങൾ കുറ്റ്യാട്ടൂർ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുള്ള തീർത്ഥാട്ട് മല, ഉളുമ്പക്കുന്ന് എന്നിവയാണ് ഏറ്റവും ഉയരമുള്ള പ്രദേശങ്ങൾ. വടുവൻ കുളം, പോന്താറമ്പ്, ബകന്റെ കുന്ന്, എന്നിവയും ഉയർന്ന പ്രദേശങ്ങൾ തന്നെ ചട്ടുകപ്പാറ പഴശ്ശി എസ്റ്റേറ്റ് എന്നിവ ഏകദേശം 60 മീറ്റർ ഉയർന്ന പ്രദേശങ്ങളാണ്. ലാറ്ററേറ്റ് മണ്ണാണ് ഏറ്റവും കൂടുതൽ കണ്ടുവരുന്നത് കടുപ്പം കൂടിയ പാറ പ്രദേശവും ഉണ്ട്. കൂടുതൽ ഭാഗം അത് തരിശായി കാണപ്പെടുന്നു. കുറ്റ്യാട്ടൂർ മാവ്, കശുമാവ്, തെങ്ങ്, റബർ തുടങ്ങിയവയാണ് പ്രധാന കൃഷികൾ ഈ പ്രദേശം വിസ്തൃതിയിൽ 21.5 ച.കി.മി വരും.

ക്രമ നമ്പർ	ഉയരം	വിസ്തൃതി
1	120 മീറ്റർ	0.2
2	100-120 ''	0.5
3	80-100 ''	01.0
4	60-80 ''	20.0
6	20 ''	7.23
ആകെ		35.13 ച.കി.മി

(അവലംബം വിഭവഭൂപടം - 1994)

2 ചെരിവ് പ്രദേശങ്ങൾ

സമതലത്തിൽ നിന്ന് താഴ്വാര ത്തിലേക്കു ള്ളചെരിവുകൾ ഫലഭൂയിഷ്ടമായ പ്രദേശമാണ്.തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ, മരച്ചീനി തുടങ്ങിയവ കൃഷി ചെയ്യുന്നു. ഈ പ്രദേശം വിസ്തൃതിയിൽ 5 ചതുരശ്ര കിലോമീറ്റർവരും ചെരിവ് പ്രദേശങ്ങളിൽ മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വളരെ യധികം പ്രാധാന്യമുണ്ട്. ലാറ്ററേറ്റ് മണ്ണാണ് പ്രധാനം.

3.താഴ്വര:-

വിസ്തൃതമായ നെൽപാടങ്ങളും, തെങ്ങ്, കവുങ്ങ്, തോട്ടങ്ങളും ഉൾപ്പെട്ട താഴ്വരപ്രദേശങ്ങൾ വിസ്തൃതിയിൽ 8.6 ച.കി.മി വരും. മാണിയൂർ നെൽപാടം കണ്ണൂർജില്ല യിലെ രണ്ടാം സ്ഥാനമുള്ള നെൽപാടമാണ്. പ്രധാനമണ്ണിനം പശിമരാശിയാണ്. വയലു കളിൽ നെല്ലും ഇടവിളയായി പച്ചക്കറി, പയർ വർഗ്ഗങ്ങൾ എന്നിവയും കൃഷിചെയ്യുന്നു. നേന്ത്രവാഴ കൃഷിക്ക് യോജിച്ചതാണ്. വയലുകൾ. തോട്ടങ്ങളിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, മരച്ചീനി തുടങ്ങിയവ കൃഷിചെയ്യുന്നു. പാടം നികത്തി തെങ്ങ്, കവുങ്ങ് തോട്ടങ്ങളാക്കുന്ന പ്രവണത ഇന്ന് നിലനിൽക്കുന്നു.

കേരള ശരാശരിയെക്കാൾ ഉയർന്ന മഴ ലഭിക്കുന്ന പ്രദേശമാണ് കുറ്റ്യാട്ടൂർ. എന്നാൽ ഭൂമിയുടെ കിടപ്പ് പെയ്യുന്ന മഴവെള്ളത്തെ പൂർണ്ണമായി കടലിലെത്തിക്കുന്നു. ഇതുകൊ ണ്ട് തന്നെ വേനൽകാലാരംഭത്തോടെ ശക്തമായ വരൾച്ച കുറ്റ്യാട്ടൂരിനെ ബാധിക്കു ന്നു. വർഷത്തിൽ ശരാശരി 3460 മി.മീറ്റർ മഴ പെയ്യുന്നുണ്ട്. ഇവിടുത്തെ ഉയർന്ന ഊഷ്മാവ് 33.8°സി ആണ്. കുറഞ്ഞ ഊഷ്മാവ് 21.4° സി ആണ്. അനുഭവപ്പെട്ടിട്ടുള്ളത്. ജൂൺമുതൽ ഒക്ടോബർ വ്രെ മഴക്കാലവും നവംബർ മുതൽ ജനുവരി വരെ തണുപ്പ് കാലമാണ്. ഫെബ്രുവരി മുതൽ മെയ്വരെ ഉഷ്ണ കാലവും അനുഭവപ്പെടുന്നു.

പണ്ട് കാലത്ത്ജലസമ്പത്തിന്റെ കാര്യ ത്തിൽ സമ്പന്നമായിരുന്നെങ്കിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന മേഖലയാ ണിത്. വർഷ കാലത്ത് നിറഞ്ഞൊഴുകുന്ന തോടുകളും കുളങ്ങളും വേനൽക്കാലാ രംഭത്തോടെ വറ്റിവരളുന്നു.

വയലുകളും താഴ്വരകളും ജലസമ്പ ത്തിന്റെ കേന്ദ്രങ്ങളാണ്. കന്നിൻപുറങ്ങളും ഉയർന്ന സമതലവും വെള്ളത്തിന്റെ കാര്യ ത്തിൽ എപ്പോഴും പിറകിൽ തന്നെ. പഞ്ചായത്തി ന്റെ കിടപ്പ് ഇതിനൊരു

കാരണമാവുന്നു. പള്ളിച്ചാൽ, കട്ടോളി, വെങ്ങാറമ്പ്, വെള്ളുവയൽ, വേശാലമുക്ക്, ചട്ടുകപ്പാറയുടെ ചില ഭാഗങ്ങൾ, നിടുകുളം, പോന്താറമ്പ് എട്ടേയാർ - കമ്പനിഭാഗം, തുടങ്ങിയ പ്രദേശങ്ങളിൽ നാലുമാസത്തോളം ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. 50ൽ അധികം വലിയ കുളങ്ങളുണ്ടായിരുന്ന നമ്മുടെ പഞ്ചായത്തിൽ ഇന്നത് 15ൽ താഴെയായി ചുരുങ്ങിയിരിക്കുന്നു. കുളങ്ങൾ നികത്തി കൃഷിഭൂമിയാക്കുന്നത് ഇതിനൊരു പ്രധാനകാരണമാണ്. മാണിയൂർതോട്, പഴശ്ശിതോട്, മുണ്ടേരി തോട് എന്നിവയാണ് പ്രധാനപ്പെട്ട തോടുകൾ. ഭൂഗർഭ ജലസമ്പത്ത് നമ്മുടെ പഞ്ചായത്തിൽ വേണ്ടുവോളമുണ്ട്. ഈ ഭൂഗർഭ ജലശേഷി സംരക്ഷിക്കേണ്ടതുണ്ട്.

മുമ്പ് കാലത്ത് വളരെ ജൈവ സമ്പത്തുള്ള പ്രദേശമായിരുന്നു കുറ്റ്യാട്ടൂർ. നിബിഡവനങ്ങൾ തന്നെ ഇവിടെയുണ്ടായിരുന്നു. വളരെയധികം ഔഷധ സസ്യങ്ങളും ഫലവർഗ്ഗസസ്യങ്ങളും ഇവിടെയുണ്ടായിരുന്നു. കുടിയേറ്റം വർദ്ധിക്കുകയും കൃഷിരീതി മാറിയതോടുംകൂടി ഇത്തരം സസ്യങ്ങൾ ഒന്നൊന്നായി നാമാവശേഷമായികൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിൽ ധാരാളമുണ്ടായിരുന്ന തുമ്പയും, തകരയും, കീഴാർനെല്ലിയും, ഇന്ന് കാണാനേയില്ല. പഞ്ചായത്തിലെ കാടുകളിൽ പലതരം വന്യജീവികളും ഉണ്ടായതായി പഴമക്കാർ, പറഞ്ഞുകേട്ടിട്ടുണ്ട് കുറുനരി, കാട്ടുപൂച്ച, വെരുക്, പുലി,നരി,കുരങ്ങ്, കാട്ടാട് തുടങ്ങിയ മൃഗങ്ങളും കാട്ടു കോഴി, വോഴാമ്പൽ മുതലായ പക്ഷികളും ഇവിടെ അധിവസിച്ചിരുന്നു. 'ഇരണ്ട' എന്ന ദേശാടന പക്ഷിയുടെ താവളമാണ് മാണിയൂർ പ്രദേശം.

ഒരു പ്രദേശത്തിന്റെ സമ്പത്തിൽ ഏറ്റവും പ്രധാനം മനുഷ്യനാണല്ലൊ? 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 22501 ജനങ്ങളുണ്ട്. നമ്മുടെ ജനസാന്ദ്രത 612.56 ആണ്. ആറായിരത്തിൽ താഴെ മാത്രമാണ് തൊഴിലുള്ളവർ. ഇത് തൊഴിൽ ശേഷിയുടെ 52% വരും. തൊഴിലില്ലാത്തവരുടെ തൊഴിൽ ശേഷി ഉപയോഗപെടുത്തുകയും യുവജനങ്ങളുടെ തൊഴിലി നോടുള്ള മനോഭാവം മാറ്റിയെടുക്കുകയും ചെയ്താൽ മാത്രമെ പഞ്ചായത്തിന്റെ സമഗ്രവികസനം സാധ്യമാവുകയുള്ളൂ.



1

കൃഷി - ജലസേചനം

കുറ്റ്യാട്ടൂർ പഞ്ചായത്ത് കുന്നുകളാലും വയലുകളാലും നിറഞ്ഞതാണ്. കുന്നിൻെറ താഴ്വാരങ്ങൾ ഫലഭൂയിഷ്ടമായ വയലുകളും, പലകുന്നുകളും കരിങ്കൽ ചെങ്കൽ നിക്ഷേപമുള്ളവയുമാണ്. പുരാതന കാലം മുതൽക്കു തന്നെ ഇവിടുത്തെ ജനങ്ങൾ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്. അതിൽ 95%വും ജൻമികളുടെ കീഴിൽ കുടിയാൻമാരായി പാട്ടത്തിനു ഭൂമി വാങ്ങി കൃഷി ചെയ്തു പോന്നവരാണ്. എന്നാൽ കൃഷി നല്ലരീതിയിൽ അഭിവൃദ്ധിപ്പെടുത്താൻ ഇവർ തയ്യാറായിരുന്നില്ല. അതിനുള്ള അടിസ്ഥാനപരമായ കാരണം നോക്കിച്ചാർത്ത് നിലനിന്നിരുന്നു എന്നുള്ളതും, കൃഷിഭൂമിയിലെ വാരം നിശ്ചയിച്ചിരുന്നു എന്നുള്ളതുമാണ്. ജന്മിമാരുടെ കാര്യസ്ഥൻമാരായിരുന്നു, കൃഷിക്കാരിൽ നിന്നും താങ്ങാനാവാത്ത നോക്കിച്ചാർത്ത് നിശ്ചയിച്ചിരുന്നത്. അവർ കൃഷിക്കാരോട് യാതൊരു കരുണയും കാണിക്കാത്ത വരായിരുന്നു. അവർ നിർദ്ദേശിക്കുന്ന വാരം കൊടുത്തു വരേണ്ടുന്ന അവസ്ഥയായിരുന്നു.

കുടിയാൻമാരായ കൃഷിക്കാർ ഓരോ വർഷവും ഉണ്ടായ വിളവ് പൂർണ്ണമായും ജന്മിയുടെ പടിപ്പുരയിൽ എത്തിച്ചാലും പാട്ടബാക്കിഉണ്ടാവുക എന്നത് ഒരു തുടർ പ്രക്രിയയായി കാണാറുണ്ട്. ഇത് തുടർന്നാൽ കുടിയാന് ഒരു കാരണവശാലും വാരം വീട്ടി തീർക്കാനാവാതെ വരികയും മൂന്നോ നാലോ കൊല്ലത്തിനുള്ളിൽ താൻ അധ്വാനിച്ച് വിളവുണ്ടാക്കുന്ന ഭൂമി സ്വമേധയാജന്മിക്ക് ഒഴിഞ്ഞുകൊടുക്കേണ്ടിവരികയും പതിവായിരുന്നു. ഇങ്ങനെ ഒഴിപ്പിച്ചെടുത്ത ഭൂമി മറ്റ് കുടിയാൻ മാർക്ക് പാട്ടത്തിന് കൊടുക്കുകയും ചുരുക്കം ചില ജന്മികൾ ഒഴിപ്പിച്ചെടുത്ത ഭൂമി സ്വന്തമായി കൈവശം വെച്ചനുഭവിക്കുകയും ചെയ്തിരുന്നു.

അന്ന് നമ്മുടെ പഞ്ചായത്തിൽ ചില നമ്പ്യാർതറവാട്ടുകാർ, ചിറക്കൽ കോവിലകം, ചില മനകൾ, ചില മുസ്ലിം കുടുംബക്കാർ എന്നിവരുടെ കീഴിലാണ് കൃഷി ഭൂമി ഉണ്ടായിരുന്നത്. അന്ന് കൃഷിഭൂമി സ്വന്ത മായുള്ള കൃഷിക്കാർ നമ്മുടെ പഞ്ചായത്തിൽ

വിരലിലെണ്ണാവുന്നവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വാരത്തോടൊപ്പം നേന്ത്രക്കുല, പശുവിൻനെയ്യ്, കുമ്പളങ്ങ, മുസ്ലീമാണെങ്കിൽ പൂവൻകോഴി എന്നിങ്ങനെയുള്ള സാധനങ്ങൾ കാണിക്കയായി നൽകേണ്ടിയിരുന്നു. കുടിയാന്മാർ ജന്മികൾക്ക് ഓണം, പെരുന്നാൾ തുടങ്ങിയ വിശേഷ ദിവസങ്ങളിലും ജന്മിമാരുടെ വീട്ടിലു ണ്ടാകുന്ന കല്ല്യാണത്തിനും ഇത്തരം കാണിക്കകൊടുക്കേണ്ടത് നിർബന്ധമായിരുന്നു. ജന്മിയുടെ തന്നെ പറമ്പുകളിൽ പുരവെച്ചാണ് ഭൂരിഭാഗം കുടിയാന്മാരും താമസിച്ചുപോന്നി രുന്നത്. അതിനാൽ പട്ടിണി എത്ര കിടന്നാലും ജന്മിയോടും കാര്യസ്ഥന്മാരോടും അമിതമായ വിധേയത്വം പുലർത്തുന്നവരായിരുന്നു ഭൂരി പക്ഷവും. എന്നാൽ അതേസമയം തന്നെ അനീതികളെ ചോദ്യം ചെയ്യാനും തയ്യാറായി എന്നതും കാണേണ്ടതുണ്ട്. മലബാർ പ്രദേശത്ത് ജന്മിത്വത്തിന് എതിരായി നടന്ന കർഷക സമരങ്ങളിൽ കുറ്റ്യാട്ടൂർ പഞ്ചായത്തിന് എടുത്തു പറയത്തക്ക ചരിത്രമൊന്നുമില്ലെങ്കിലും അത് വളർത്തിയെടുക്കുന്നതിനും വിജയിപ്പിക്കുന്നതിനും അന്നുള്ള കർഷകരിൽ ഒരു വിഭാഗം എണ്ണമറ്റ ത്യാഗങ്ങൾ സഹിച്ചും ശാരീരിക മർദനമേറ്റും ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. അതിന്റെയൊക്കെ ഫലമായി കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമത്തോട് കൂടി കർഷകർ കൃഷിഭൂമിയുടെ അവകാശികളായി മാറി അതോടെ കൃഷിഭൂമി അഭിവൃദ്ധി പ്പെടുത്തുന്നതിനും പുതിയ വിളക്രമം ഉപയോഗപ്പെടുത്തു ന്നതിനും വേണ്ടി കർഷകർ മുന്നോട്ടുവന്നു.

ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ

അടിസ്ഥാന വിവര രജിസ്റ്ററിൽ നിന്ന്

പട്ടിക - 1

ഇനം	വിസ്തീർണ്ണം (ഹെക്ടർ)
നിലം	276.25
പുരയിടം	2823.7.5
പുറമ്പോക്ക്	294
തരിശ്ശ്	116
ആകെ	3510

നീർമറി മേഖല വളരെ കൂടുതലുള്ള പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ നീർക്കെട്ടിന്റെ ഫലമായി കൃഷിനാശം സംഭവിക്കാറുണ്ട്. വളപട്ടണം പുഴ നമ്മുടെ പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽ കൂടിയും മുണ്ടേരിപുഴ പടിഞ്ഞാറ് ഭാഗത്തു കൂടിയും കടന്നുപോകുന്നു. വളരെ ചെറിയ നീളം മാത്രമാണ് പുഴയോരം ഉള്ളത്. എന്നിരുന്നാലും പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലത്തും ലഭിക്കുന്ന മഴവെള്ളം ഫലഭൂയിഷ്ടമായ മേൽ മണ്ണോടെ മണിക്കൂറുകൾക്കകം ഈ പുഴകളിൽ എത്തിച്ചേരുന്നു. ഇതാണ് നമ്മുടെ പഞ്ചായത്തിൽ അനുഭവിക്കുന്ന ജലക്ഷാമത്തിന്റെ പ്രധാനകാരണം. ഇതിന് ഏറ്റവും മുൻഗണന അർഹിക്കുന്ന പരിഹാരം അത്യന്താപേക്ഷിതമാണ്. അതിനാകട്ടെ കർഷകരുടേയും തൊഴിലാളികളുടേയും നിർലോഭമായ സഹകരണത്തോടുകൂടിയ നീർമറി സംരക്ഷണ പ്രവർത്തനം വിജയകരമായി നടത്തിത്തീർക്കേ ണ്ടിയിരിക്കുന്നു.

പാട്ടകോടതി നിലവിൽ വന്നത് ഈ പഞ്ചായത്തിലെ പലകർഷകർക്കും ഗുണമായിരുന്നു. പാട്ടകോടതിയിൽ കേസു കൊടുത്ത് ചിലർക്ക് വാരം കുറയുന്നതിനും ഒറ്റപ്പെട്ട കേസുകളിൽ വാരം കൂടുന്നതിനും ഇടയാക്കിയിട്ടുണ്ട്. അതിനുമുമ്പുതന്നെ രണ്ടാം ലോകമഹായുദ്ധകാലത്ത് അരിമണി ഒന്ന് കൊറിക്കാൻ പോലും കിട്ടാത്ത അവ

സ്വരത്തിൽ അവനവന്റെ അധീനതയിൽ പറ്റാവുന്നിടത്തോളം സ്വത്ത് വരുത്തുകയും അവിടങ്ങളിൽ പുനവും പൂത്താടയും അതി നോടനുബന്ധിച്ച് മുതിര എള്ള്, തുവര, മുത്താറി, ചാമ, എന്നിവയും കൃഷി ചെയ്തു വന്നിരുന്നു. അന്ന് ഈ പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലവും തട്ടുകളാക്കി കൃഷി കളിറക്കിയതിന്റെ ഫലമായി വരൾച്ച എന്നൊന്ന് കേട്ടുകേൾവിപോലുമുണ്ടായിരുന്നില്ല. ഇപ്പോഴും നമ്മുടെ പല കുന്നിൻ ചെരിവുകളും തട്ടുകളാണ്. അവയെ നമ്മുടെ പൂർവ്വികർ ഉപയോഗപ്പെടുത്തിയതുപോലെ നമ്മളും ഉപയോഗപ്പെടുത്തിയാൽ മാത്രമെ നമുക്ക് നമ്മുടേതായ വെള്ളവും ഭക്ഷണവും ഉപയോഗിക്കാൻ കഴിയൂ എന്ന വസ്തുനിഷ്ഠയാഥാർത്ഥ്യത്തിൽ ഊന്നി പ്രവർത്തി ക്കുകയും, നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ എല്ലാതരം ഭക്ഷ്യവസ്തുക്കളും നമ്മൾ തന്നെ ഉൽപാദിപ്പിക്കുകയും ചെയ്യേണ്ടതിലേക്ക് ചുവട് ഉറപ്പിക്കേണ്ടതാണ്.

റവന്യൂ രേഖകൾ പ്രകാരം നമ്മുടെ പഞ്ചായത്തിന്റെ വിസതൃതിയിൽ 9.7% നെൽ കൃഷിയായിരുന്നു. പക്ഷെ 1992 ആകുമ്പോഴേക്കും 7.4% ആയികുറഞ്ഞു. നെൽപാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷിചെയ്യുന്നതും വീടുകൾ നിർമ്മിച്ചതുകൊണ്ടുമാണ് ഇതു കുറയാൻ കാരണം. ഇതിനു പുറമെ നെൽ കൃഷി ആദായകരമല്ലെന്നതിനാൽ തരിശ്ശിടുകയും ചെയ്യുന്നുണ്ട്. നെല്ലിന്റെ കാര്യം പരിശോധിച്ചാൽ സാർവ്വത്രികമായി പുതിയഇനം വിത്തുകൾ ഉപയോഗപ്പെടുത്താൻ തുടങ്ങിയിട്ടില്ല. പല പ്രദേശത്തും പുരാതന കാലം മുതൽ ഉപയോഗിച്ചിരുന്ന അത്യുൽപാദനശേഷി ഇല്ലാത്ത വിത്തിനങ്ങളാണ് ഉപയോഗിക്കുന്നത്. അത്തരം കർഷകർ ശാസ്ത്രീയ കൃഷി അവലംബിക്കാറില്ല. പണ്ട് കാലത്ത് ജൈവവളം മാത്രം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. ഇന്ന് അശാസ്ത്രീയമായ രാസവള പ്രയോഗവും ജൈവവളത്തിന്റെ ഉപയോഗകുറവും നമ്മുടെ കൃഷി ഭൂമിയെ നാശോന്മുഖമാക്കിയിരിക്കുന്നു. ആനുപാതികമായ ജൈവവളപ്രയോഗമാണ് മണ്ണിന്റെ ഘടനയെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരാനുള്ള ഏകപോംവഴി.

നമ്മുടെ പഞ്ചായത്തിലെ 90% കൃഷിക്കാരും സ്വന്തം ഭൂമിയിൽ മറ്റുള്ളവരെ കൂട്ടി പണിയെടുപ്പിച്ചും മറ്റുള്ളവരുടെ ഭൂമിയിൽ പണിയെടുത്തും ഉപജീവനം കഴിക്കുന്നവരാണ് ഭൂരിപക്ഷം കൃഷിക്കാരുടേയും കാർഷിക വരുമാനം വളരെ തുച്ഛമാണ്. വരുമാനത്തിന്റെ പകുതിയിലധികം ഭാഗം കൃഷിയിൽ നിന്ന് ലഭിക്കുന്നവർ കേവലം 10% കുടുംബങ്ങളാണ് ഉള്ളത്. കൃഷി മുഖ്യ വരുമാനമാർഗ്ഗമല്ല. അതു കൊണ്ട് തന്നെ ഭൂരിഭാഗം കൃഷിക്കാർക്കും ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ താൽപര്യമില്ല. ഉദ്യോഗ സ്ഥരായ കൃഷിക്കാർകാകട്ടെ സമയത്തിനു കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥിതിയുമാണ് ഉള്ളത്.

ജനങ്ങളിൽ ഭൂരിഭാഗവും ദരിദ്ര കൃഷിക്കാരും കാർഷിക തൊഴിലാളികളുമാണെങ്കിലും യഥാവസരം കർഷകതൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടും പ്രധാന പ്രശ്നമാണ്. കർഷക കുടുംബത്തിലെ യുവതിയുവാക്കൾ പാടത്തിലെ പണിയിൽ നിന്ന് പിൻവാങ്ങി. പാടത്തെ പണിയേക്കാൾ കരിങ്കൽ ചെങ്കൽ മേഖലകളിലും നിർമ്മാണ പ്രവർത്തന ത്തിലുമാണ് കൂടുതലാളുകളേയും ആകർഷിക്കഷിച്ചത്. മുൻകാലങ്ങളിൽ കർഷക തൊഴിലാളികൾക്ക് ആകർഷകമായ കൂലി ഉണ്ടായിരുന്നില്ലെങ്കിലും ഇന്ന് കൂലി ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. സ്ത്രീകൾക്ക് 30 രൂപ മുതൽ 40രൂപവരേയും പുരുഷന്മാർക്ക് 70 മുതൽ 80 വരേയും കൂലിനിരക്ക് നിലവിലുണ്ട്.

ഒരുകാലത്ത് പുനം കൃഷി സാർവ്വത്രികമായിരുന്നു. പറമ്പുകളും കുന്നിൻചെരുവുകളും പൂർണ്ണമായും തട്ടുകളാക്കി ഉപയോഗപ്പെടുത്തുമായിരുന്നു. ഇതിന്റെ ഇടവിളയായി പച്ചക്കറികളും, മുതിര തുവര ചാമ എന്നി വയും കൃഷിചെയ്തിരുന്നു. ഇതിന്റെ വിളവെടുപ്പിനു ശേഷം മരച്ചീനികൃഷിക്ക് ഉപയോഗിച്ചിരുന്നു. ഓണക്കാലത്ത് പുത്തരിയുണ്ണാൻ പുനം കൃഷിയുടെ നെല്ലായിരുന്നു എടുത്തിരുന്നത്.

'പുരനിറയും പുത്തരിയും' അന്ന് നമ്മുടെ പഞ്ചായത്തിൽ ആഘോഷപ്രതീതി ജനിപ്പിക്കാറുണ്ടായിരുന്നു. പുനം കൃഷി നടത്താത്ത ഒരു കുടുംബവും അന്ന് ഉണ്ടായിരുന്നില്ല. ഒരു ഉത്സവത്തിന്റെ പ്രതീതിയോടെ ആയിരുന്നു കർഷകർ പുനം കൃഷിയെ കണ്ടിരുന്നത്. എന്നാൽ ഇന്ന് ഈ കൃഷി നാമമാത്രമായി കുറഞ്ഞിരിക്കുന്നു. -പാടങ്ങളിൽ പുതിയിനം വിത്തുകൾ സാർവത്രികമായി ഉപയോഗിക്കുന്നില്ലെന്ന് മുൻപെ സൂചിപ്പിച്ചിരുന്നുവല്ലോ. ഇന്ന് നെല്ലുൽപ്പാദനത്തിൽ ഭൂരിഭാഗവും അത്യുൽപ്പാദനശേഷിയുള്ള ഐ.ആർ.എട്ട്, ജ്യോതി, പവിഴം, ത്രിവേണി, ജയ എന്നിവയും. വെള്ളകെട്ടുള്ള സ്ഥലത്ത് എച്ച് - 4, മസൂരി, കരപ്രദേശത്ത് ചുവന്ന ത്രിവേണി എന്നവയും, കയമ, ചെന്നെല്ല്, പൊന്നാരിയൻ, തവളകണ്ണൻ, വെള്ളാരിയൻ, ചിറ്റേനി, പുഞ്ച എന്നീ നാടൻ ഇനങ്ങളും ഉപയോഗിച്ചുവരുന്നുണ്ട്. നെല്ലുൽപാദനം വർദ്ധിപ്പിക്കേണ്ടത് സാമ്പത്തിക അടിത്തറ ഭദ്രമാക്കേണ്ടതിന് അത്യന്താപേക്ഷിതമാണ്.

ഈ രംഗത്തുള്ള കർഷകർ ഇന്ന് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വിവിധതരം കീടബാധയുടെ കടന്നാക്രമണമാണ്. രോഗങ്ങളും ഒരു പ്രധാന പ്രശ്നമാണ്. തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപുഴു, മുഞ്ഞ എന്നീ കീടബാധകളും കുലവാട്ടം, പുള്ളികുത്ത് എന്നീ രോഗങ്ങളുമാണ് നമ്മുടെ പ്രദേശത്ത്_സാധാരണയായി കണ്ടുവരുന്നത്. രോഗം കണ്ടു തുടങ്ങിയാൽ മാത്രമെ ഭൂരിഭാഗം കർഷകനും പ്രതിവിധി പ്രവർത്തനം തുടങ്ങാറുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ 8 പാടശേഖര കമ്മിറ്റികൾ 1991ൽ രൂപീകരിക്കുകയുണ്ടായി. എങ്കിലും ഭൂരിഭാഗം സമിതികളും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കുകയും ജനറൽ ബോഡികൾ വിളിച്ചു ചേർക്കുകയും ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. എന്നിരുന്നാലും നാലോളം പാടശേഖരകമ്മറ്റികൾ കർഷർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ താൽപര്യം കാണിക്കുന്നുണ്ട്. മറ്റുസമിതികൾ നാമമാത്രമായ പ്രവർത്തനം മാത്രമെ നടത്തുന്നുള്ളൂ. ഈ സമിതിയുടെ മേൽനോട്ടത്തിൽ ഗ്രൂപ്പ് ഫാമിംങ്ങ് നടത്തേണ്ടതാണെങ്കിലും ഇപ്പോൾ തീരെ നടപ്പിലാക്കുന്നില്ല. അതുകൊണ്ട്തന്നെ ഗ്രൂപ്പ് ഫാമിങ്ങിന്റെ കീഴിൽ നടക്കേണ്ട സംരക്ഷണ പ്രവർത്തനങ്ങളൊന്നും നടക്കാറില്ല. ജലസേചനത്തിന്റെ അഭാവം നെൽകൃഷിയെ ഇവിടെ കാര്യമായി ബാധിക്കുന്നുണ്ട്. ജലസേചന സൗകര്യം യഥേഷ്ടം ലഭിച്ചാൽ രണ്ടും മൂന്നും വിളകൾ എടുക്കാൻ സാധിക്കുന്ന വിളഭൂമി നമ്മുടെ പഞ്ചായത്തിൽ ധാരളമുണ്ട്.

പഞ്ചായത്തിൽ ഇന്ന് നാല് രാസവള വിൽപ്പന കേന്ദ്രങ്ങളാണ് ഉള്ളത്. മൂന്നെണ്ണം സഹകരണസംഘം വഴിയും ഒന്ന് സ്വകാര്യ ഉടമസ്ഥതയിലും പ്രവർത്തിക്കുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിലെ രാസവള വിപണന സൗകര്യങ്ങൾ എല്ലാകൃഷിക്കാർക്കും ഉപയോഗപ്പെടുത്താൻ സാധിക്കുന്ന നിലയിലല്ല. അതിനാൽ അയൽ പഞ്ചായത്തുകളിലെ വളം ഡിപ്പോകളെ ഒരു നല്ല ശതമാനം കർഷകർ ഉപയോഗപ്പെടുത്തുന്നു. പട്ടിക(3) കാണുക.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങളൊന്നും തന്നെയില്ല. ജൈവ വളപ്രയോഗമാകട്ടെ കാലിസമ്പത്ത് ശോഷിച്ചതോടെ നന്നേ കുറഞ്ഞിരിക്കുന്നു. കർഷക തൊഴിലാളികളുടെ അഭാവം അനുഭവപ്പെടുന്നുണ്ടെങ്കിലും ഈ രംഗത്ത് യന്ത്രോപകരണങ്ങളുടെ ഉപയോഗം അതിനനുസരിച്ച് വർദ്ധിച്ചിട്ടില്ല. മുൻകാലങ്ങളിൽ കാളകളെ ഉപയോഗിച്ചിട്ടുള്ള കലപ്പകളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് പഞ്ചായത്തിൽ കന്നുപൂട്ടുന്ന കർഷകർ വളരെ കുറവാണ്. യഥാവസരം നിലം ഉഴുതുവാൻ സാധിക്കാത്തത് കൊണ്ട് ഈ മേഖലയിൽ വിത്തിറക്കുവാനും മറ്റും കഴിയാത്ത അവസ്ഥയാണുള്ളത്. നമ്മുടെ പഞ്ചായത്തിൽ മൊത്തം 25കർഷകകുടുംബങ്ങൾക്ക് മാത്രമെ നാടൻ കലപ്പയുള്ളൂ. അതിനാൽ ഭൂരിഭാഗം കർഷകർക്കും യന്ത്രകലപ്പയെ ആശ്രയിക്കേണ്ടിവരുന്നു. അതും വളരെ വിരളമാണ്. ഈ പഞ്ചായത്തിൽ നാല് യവന്ത്രകലപ്പകളാണുള്ളത്. അതിൽ രണ്ടെണ്ണം പാടശേഖര കമ്മിറ്റിയുടെ കീഴിലാണ്. മറ്റ്

പട്ടിക – 3

രാസവള കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	93-94		94-95		95-95	
		രാസവളം കി.ഗ്രാം	കീടനാശിനി കി.ഗ്രാം	രാസവളം കി.ഗ്രാം	കീടനാശിനി കി.ഗ്രാം	രാസവളം കി.ഗ്രാം	കീടനാശിനി കി.ഗ്രാം
1	സഹകരണ	180 മെ:ടൺ	12.5ലി	170 മെ.ടൺ	9.5.ലി	150.മെ ടൺ	9 ലി
2	കൃഷി ഭവൻ	–	44ലി 3 കിഗ്രാം	–	397.6ലി 3455 കിഗ്രാം	–	1803ലി 284 കി.ഗ്രാം

പഞ്ചായത്തിലെ .യന്ത്രകലപ്പകൾ ഉപയോഗിച്ചാണ് പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുന്നത്.

പുരയിടകൃഷിയാണ് ഇപ്പോൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. പുരയിടം വർദ്ധിച്ചുവരുന്നതിനനുസരിച്ച് അവയിൽ തെങ്ങ് മാവ്, പ്ലാവ് എന്നിവ നട്ടുവളർത്തൽ വ്യാപകമായി വന്നുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ പുരയിടമായാലും അത്യാവശ്യം പ്ലാവ് വെച്ച് പിടിപ്പിക്കുന്ന പതിവ് മാത്രമെ ഉണ്ടായിരുന്നുള്ളൂ.

ജനസംഖ്യാ വർദ്ധനവോടൊപ്പം ഭൂമിയുടെ ഉപയോഗവും ഗണ്യമായി വർദ്ധിച്ചിരിക്കയാണ് മുൻകാലങ്ങളിൽ വയലുകളോട് തൊട്ടുള്ള ഒന്നാം കണ്ടിപറമ്പ്, രണ്ടാം കണ്ടിപറമ്പ് എന്നിവയാണ് ജനവാസത്തിന് ഉപയോഗിച്ചിരുന്നത് വിശാലമായ പറമ്പുകൾ തരിശു ഭൂമികൾ എന്നിവ ജനവാസത്തിന് തീരെ ഉപയോഗിച്ചിരുന്നില്ല. അവിടെ നിന്ന് പുരമേയാൻ പുല്ലുകൾ മാത്രമാണ് ലഭിച്ചിരുന്നത്. എന്നാൽ ഇപ്പോൾ വയലോരങ്ങളിൽ ഉള്ളതിനേക്കാൾ ഗൃഹ സാന്ദ്രത പറമ്പുകളിലും തരിശു ഭൂമി കളിലുമാണ് . ഇതിനു പോത്ബലകമായി ഗ്രാമീണ റോഡുകളും വർദ്ധി ച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ ഭൂമിയുടെ വില തരിശ്ശിനം പറമ്പുകൾക്കും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. കുറച്ചു കാലം മുമ്പുവരെ തുച്ചമായ വിലക്ക് ഭൂമി ലഭിച്ചിരുന്നു. ഇതുപയോഗപെടുത്തി ജില്ലയുടെ പലഭാഗത്തും ഉള്ളവർ ഇവിടെ സ്വത്ത് സമ്പാദിച്ചിട്ടുണ്ട്. എന്നാൽ ഇത്തര ക്കാരിൽ താമസിക്കാനോ കൃഷിചെയ്യാനോ വരുന്നവർ വളരെ കുറച്ച് പേർ മാത്രമാണ്. ഇത്തരക്കാർ സ്വത്ത് കൈമാറ്റം നടത്തികൊണ്ടിരിക്കുകയാണ്. കുറ്റ്യാട്ടൂർ പഞ്ചായത്ത് അടിസ്ഥാന വിവര രജിസ്റ്റർ പ്രകാരം 116 ഹെക്ടർ സ്ഥലം തരി ശുഭൂമിയാണ് ഉള്ളത് ഈഭൂമി മുഴുവനും കൃഷി യുക്തമാക്കി മാറ്റുവാൻ സാധിക്കും. ഭൂമിയുടെ സ്വഭാവവും ജലലബ്യതയും പ്രാദേശിക സാദ്ധ്യതകളും പരിഗണിച്ച് ഭൂവിനിയോഗവും പരിപാലന മുറകളും ഇതിനു വേണ്ടി ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ പ്രധാന ഘടകമായിരിക്കണം.

കുളങ്ങൾ തോടുകൾ തുടങ്ങിയ പൊതുജന സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യ സംവിധാനം ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതോടെ ഇല്ലാതായി. കുടിയാന്മാരുടെ സഹായത്തോടെ ജന്മിമാരായിരുന്നു ഇവ സംരക്ഷിച്ചുപോന്നത്. തോടുകൾ സംരക്ഷിക്കുന്ന ഏർപ്പാട് തീരെയില്ലാതായതോടെ കരകളിടിഞ്ഞും, കാടു പടലുകൾ പിടിച്ചും, തോടുകളിലെ ജല പ്രവാഹത്തിന് തടസ്സം ഉണ്ടായി. ഇത് പഞ്ചായത്തിലെ പല സ്ഥലങ്ങളിലും നീർക്കെട്ട് അനുഭവപ്പെടാനും കൃഷി നാശം സംഭവിക്കാനും കാരണമായിട്ടുണ്ട്.

കാർഷികരംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെന്ന് പരിശോധിക്കാം. നമ്മുടെ പഞ്ചായത്തിൽ ചെറുകിട ഭൂവുടമകളാണ് ഭൂരിപക്ഷവും ഒരേക്കറിൽ താഴെ യുള്ളവരുടെ എണ്ണം 8059 ഉം ഒരേക്കർ മുതൽ രണ്ടേക്കർ വരെ 993,രണ്ടേക്കർ മുതൽ അഞ്ചേക്കർ വരെ 270, അഞ്ചേക്കറിൽ കൂടുതലുള്ളവർ 5 എന്നിങ്ങനെയാണ്.

വിളവിസ്തീർണ്ണവും ഉൽപാദനവും:-

വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	276.25 ഹെക്ടർ	8,13,000കിഗ്രാം	2943 കിഗ്രാം
നെല്ല് (രണ്ടാം വിള)	150ഹെക്ടർ	458900 കിഗ്രാം	3059 കിഗ്രാം
നെല്ല് (മൂന്നാം വിള)	10 ഹെക്ടർ	27500 കി ഗ്രാം	2750 കിഗ്രാം
പയർ	90 ഹെക്ടർ	18000 കിഗ്രാം	200 കിഗ്രാം
എള്ള്	8 ഹെക്ടർ	1640 കിഗ്രാം	205 കിഗ്രാം
പച്ചക്കറി	21 ഹെക്ടർ	48000കിഗ്രാം	2286 കിഗ്രാം
തെങ്ങ്	391 ഹെക്ടർ	1830080 എണ്ണം	4680 എണ്ണം
വാഴ	115 ഹെക്ടർ	21400000കിഗ്രാം	18609 കിഗ്രാം
മരച്ചീനി	80 ഹെക്ടർ	1200 ടൺ	15 ടൺ
കുരമുളക്	200 ഹെക്ടർ	550400 കിഗ്രാം	288 കിഗ്രാം
കശുമാവ്	860 ഹെക്ടർ	550400 കിഗ്രാം	649 കിഗ്രം
മാവ്	82 ഹെക്ടർ	4284 50 കിഗ്രാം	5225കിഗ്രം
റബർ	81 ഹെക്ടർ	64800 കിഗ്രാം	800 കിഗ്രാം
കവുങ്ങ്	275 ഹെക്ടർ	35284000 എണ്ണം	128309 എണ്ണം
പൈനാപ്പിൾ	1 ഹെക്ടർ		

ചെറുകിട ഉടമസ്ഥരുടെ മുൻതൂക്കം കൃഷിഭൂമിയുടെ തുണ്ടു വൽക്കരണത്തിന് ഇടയാക്കിയിട്ടുണ്ട് ഒരേക്കറിൽ കുറവ് ഭൂമിയുള്ളവരാണ് ഭൂരിപക്ഷം കുടുംബങ്ങളും ഇതിൽ തന്നെ കരഭൂമിയും നിലവും ഉൾപ്പെടുമെന്നതിനാൽ ശാസ്ത്രീയമായ കൂട്ടുകൃഷി നടപ്പിലാക്കുക അസാധ്യമാണ് മുഖ്യ വിളകളായ നെല്ലിനേറയും തെങ്ങിനേറയും ഉത്പാദനത്തേയും ഉത്പാദനക്ഷമതയേയും ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്.

പട്ടിക 2 വിളവിസ്തീർണ്ണവും, ഉത്പാദനവും

ഈ പഞ്ചായത്തിൽ നാണ്യ വിളകളിൽ ഒന്നാം സ്ഥാനത്ത് തെങ്ങാണ്. ഇതിന്റെ ഉത്പാദനം വർദ്ധിച്ചു വരുന്നുണ്ടെങ്കിലും പ്രാദേശിക സംഭരണ സംസ്ക്കരണത്തിന്

യാതൊരു വഴിയും പഞ്ചായത്തിൽ ഇല്ല. തേങ്ങയ്ക്ക് താരതമ്യേന മെച്ചപ്പെട്ട വില കിട്ടിയിരുന്നതിനാൽ തെങ്ങ് കൃഷിഒരു പരിധിവരെ വ്യാപകമാവാൻ ഇടയായിട്ടുണ്ട്. മാത്രവുമല്ല കൂട്ടുകുടുംബം പഞ്ചായത്തിൽ വളരെ വിരളമായേ നിലനി ല്ക്കുന്നുള്ളൂ. അതിനാൽ ഭൂരിഭാഗം സ്ഥലവും പുരയിടമാവുകയും നാണ്യവിള ഉത്പാദനം വർദ്ധിക്കുകയും ചെയ്തിരുന്നു. തെങ്ങുകളിൽ ശരാശരി ഉത്പാദനക്ഷമത 27 നാളികേരമാണ് (സംസ്ഥാന ശരാശരി 38 തെങ്ങ) അശാസ്ത്രീയമായ കാർഷികമുറകളാണ് തെങ്ങു കൃഷിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

വൃക്ഷസാന്ദ്രത തെങ്ങിന്റെ ഉത്പാദന ക്ഷമതയെ വളരെ കൂടുതൽ ബാധിക്കുന്നു. മുൻകാലങ്ങളിൽ 10 മുതൽ 12വരെ കോലകലത്തിലാണ് തെങ്ങിൻ തൈകൾ വെച്ചിരുന്നത്, എന്നാൽ ഇന്ന് 7 മുതൽ 9 വരെ കോലകലത്തിലാണ് വെയ്ക്കുന്നത്. ഇടവിള കൃഷി വളരെ കുറവാണ് ഇടവിളകൃഷിയും ശാസ്ത്രീയ കാർഷിക മുറകളും സ്വീകരിക്കാതെ കൃത്യമായഅകലത്തിൽ നട്ടത് കൊണ്ട് മാത്രം തെങ്ങ് കൃഷിയുടെ മൊത്തം വരുമാനം വർദ്ധിക്കുകയില്ല. നാടൻ വിത്തിനങ്ങളാണ് സാർവ്വത്രികമായി ഉപയോഗിച്ചുവരുന്നത് 391 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്തു വരുന്നു വർഷത്തിൽ 1,830,080 നാളികേരം ലഭിക്കുന്നു. ഹെക്ടറിന് 4680 നാളികേരം കാറ്റു വീഴ്ചയും ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ എന്നീരോഗങ്ങളും കൊമ്പൻ, ചെമ്പൻ ചില്ലികളുടെ വ്യാപകമായ ആക്രമവും നാളികേരകൃഷി നേരിടുന്ന പ്രധാന ഭീഷണിയാണ്.

നാണ്യവിളകളുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്ത് കശുവണ്ടിയാണ് പുരാതനകാലം മുതൽ തന്നെ കശുവണ്ടി വളരെ വ്യാപകമായി കൃഷി ചെയ്തുവരാറുണ്ട്. അല്പം കശുവണ്ടിയില്ലാത്ത കൃഷിക്കാർ വളരെ ചുരുക്കമാണ്. കുന്നുംചെരിവ് നിറഞ്ഞ ഭൂപ്രദേശമായതിനാൽ കശുവണ്ടി കൃഷിക്ക് പറ്റിയ സ്ഥലവും കാലാവസ്ഥയുമാണ് ഇവിടെയുള്ളത് അടുത്ത കാലത്തായി കശുമാവ് കൃഷിയിൽ കർഷകർ കൂടുതലായി ശ്രദ്ധിക്കുന്നുണ്ടെങ്കിലും ആവശ്യമായ പരിചരണം നടത്തുന്നില്ലെന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. കശുമാവ് കൃക്ഷി വർദ്ധിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും സർക്കാർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായി കർഷകർ ഉപയോഗ പെടുത്താതെ സബ്സിഡി രാസവളങ്ങൾ മറ്റുകൃഷിക്കായി ഉപയോഗ പ്പെടുത്തുന്ന പ്രവണത ചില കർഷകരിൽ കാണുന്നുണ്ട്. ഇത് അവസാനിപ്പിക്കാൻ ആവശ്യമായമേൽ നോട്ടം അത്യന്താപേക്ഷിതമാണ്. 860 ഹെക്ടർ സ്ഥലത്ത് കശുവണ്ടി കൃഷി ചെയ്തുവരുന്നു മൊത്തം ഉൽപാദനം 5,50,400 കി.ഗ്രാം. ഹെക്ടർ ഒന്നിലുള്ള ഉത്പാദനക്ഷമത 640 കി.ഗ്രാം ആണ്. തേയില കൊതുക് തടിതുരപ്പൻ പുഴു എന്നിവ കശുമാവിന്റെ വിളക്കും വൃക്ഷത്തിനും ഭീഷണിയായി നിലനിൽക്കുന്നു.

അതിപുരാതന കാലം മുതൽ കുരുമുളക് കൃഷി വളരെ വ്യാപകമായി നടത്തിയ ഒരു പ്രദേശമായിരുന്നു കുറ്റ്യാട്ടൂർ പഞ്ചായത്ത്. അന്നുള്ള പുരയിടങ്ങളിൽ പൂർണ്ണമായും കുരുമുളക് വള്ളികൾ സമൃദ്ധമായി കൃഷി ചെയ്തിരുന്നു അതിനുള്ളപ്രധാന കാരണം അക്കാലത്തെ ഏകനാണ്യവിള. കുരുമുള കായിരുന്നുഎന്നതാണ്.അന്ന് നെല്ലിന് പുറമെ കുരുമുളക് മാത്രമായിരുന്നു കൃഷി ചെയ്തിരുന്നത്. അതിന് നാടൻ വിപണന കേന്ദ്രവും യഥേഷ്ടമുണ്ടായിരുന്നു. അതിനാൽ അതിനു വേണ്ട പരിചരണം നൽകുന്നതിൽ അന്നത്തെ കർഷകർ തല്പരരായിരുന്നു. ഇന്ന് ഇതിന്റെ ഉത്പാദനം മുൻകാലങ്ങളിൽ നിന്ന് വളരെ വളരെ കുറവാണ് ഏറ്റവും കൂടുതൽ കാലം ഈ ഉത്പന്നം സൂക്ഷിക്കാൻ കഴിയുമെന്നത് ഇതിന്റെ ഒരു പ്രത്യേകതയാണ് ഇന്ന് പഞ്ചായത്തിൽ 200 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നുണ്ട്. ഹെക്ടറിന്288 കി ഗ്രാം ആണ് ഉത്പാദനക്ഷമത ദ്രുതവാട്ടം ഒരു മാരകരോഗമായി ഈ കൃഷിയെ വേട്ട

യാടി കൊണ്ടി രിക്കുന്നു. തത്ഫലമായി കൂടുതൽ കൃഷിക്കാർ ഈരംഗത്ത് കടന്നു വരുന്നില്ല. പ്രായമുള്ള കർഷകരാണ് അല്പമെങ്കിലും ഈ കൃഷിയിൽ ശ്രദ്ധിക്കുന്നത്. നമ്മുടെ പ്രദേശംകുരുമുളക് കൃഷിക്ക് ഒന്നാം തരമാണെന്ന് യാഥാർത്ഥ്യം കണക്കിലെടുത്ത് ഈ രംഗത്ത് ആരോഗ്യകരമായ മുന്നേറ്റം നടത്താൻ നമ്മൾ ശ്രദ്ധിക്കണം നാടൻ ഇനങ്ങൾക്ക് പുറമെ പന്നിയൂർ,കരിമുണ്ട,എന്നീഇനങ്ങളും കൃഷി ചെയ്തുവരുന്നു.

കവുങ്ങ് കൃഷിയാണ് നാണ്യ വിളയുടെ കാര്യത്തിൽ എടുത്ത് പറയത്തക്കയുള്ള മറ്റൊരു വിളവ് ഇത് വയലോരങ്ങളിലും, ഒന്നാം കണ്ടി പറമ്പിലുമാണ സമൃദ്ധമായി കൃഷി ചെയ്തു വരുന്നത്നാടൻ ഇനങ്ങളാണ് കാലാ കലാങ്ങളായി ഉപയോഗിച്ചു വരുന്നതെങ്കിലും അടുത്ത കാലത്തായി ശാസ്ത്രീയവും അത്യുല്പാദന ശേഷിയുള്ളതുമായ വിത്തിനങ്ങൾ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട് ആകർഷകമായ വിലനിലനിൽക്കുന്നു എന്നതിനാൽ അനുയോജ്യമായ സ്ഥലമുള്ള കർഷകർ ഈ രംഗത്ത് കവുങ്ങ് കൃഷി വ്യാപിപ്പിക്കാൻ തുടങ്ങിട്ടുണ്ടെന്നത് ആശാവഹമാണെങ്കിലും ആവശ്യമായ സ്ഥലം ഉള്ളടെത്തോളം കൃഷി വ്യാപകതമായി വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ് ഈ കൃഷിക്ക് ഉണ്ടാകാറുള്ള മാരകമായ രോഗമാണ് മഞ്ഞളെപ്പ്, മഹാളി തുടങ്ങിയവ. ഈ രോഗങ്ങൾ ക്ക് പ്രതിരോധ പരിചരണം വളരെ പ്രധാനപ്പെട്ടതാണെങ്കിലും അതിനുള്ള പ്രാദേശികമായ ശാസ്ത്രീയ സംവിധാനങ്ങൾ നിലവിലില്ല 275 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്യുന്നു. മൂന്നര കോടിയോളം അടയ്ക്ക ഉല്പാദനം ഉണ്ട്. ഹെക്ടവിന് 128000 അടയ്ക്ക ലഭിക്കുന്നു.

1970 തോടുകൂടി മാത്രമാണ് നബ്യാർ മാങ്ങ എന്നറിയപ്പെടുന്ന കുറ്റ്യാട്ടൂർ മാങ്ങ വ്യാപകമായി നട്ടു വളർത്താൻ തുടങ്ങിയത്. അതിനു മുൻപെ മറ്റിനം മാങ്ങകളെ പോലെ ഉല്പാദകർ മാത്രം ഉപയോഗിച്ചിരുന്ന ഒരു കാർഷിക ഉത്പന്നമാണിത് ഈ മാമ്പഴത്തിന്റെ ആകർഷണീയമായ നിറവും ഗുണമേന്മയും കൊണ്ട് മാർക്കറ്റിൽ പ്രതിപത്തി നേടാൻ കഴിഞ്ഞു ആദ്യമായി ഈ മാങ്ങ പഴുപ്പിച്ച് മാർക്കറ്റിൽ വിൽപനയ്ക്ക് കൊണ്ട് വന്നത് കുറ്റിയാട്ടൂരിലുള്ള നമ്പ്യാരായിരുന്നു എന്നത് കൊണ്ടാണ് ഈ മാങ്ങയ്ക്ക് 'നമ്പ്യാർ മാങ്ങ' എന്ന പേർ വരാൻ കാരണം എന്നാണ് പറയപ്പെടുന്നത് തീർച്ചയായും വേനൽ ക്കാല പഴ വർഗ്ഗങ്ങളിൽ വളരെ പ്രചാരം നേടിയ ഈ മാങ്ങ ഉത്പാദനത്തിന്റെ 50% മാത്രമേ ഉപയോഗിക്കാൻ സാധിക്കുന്നുള്ളു എന്നത് വലിയ പ്രശ്നമാണ്. പഴുത്ത മാങ്ങ കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കാൻ കഴിയാത്ത അവസ്ഥയണുള്ളത്. സംസ്കരണശാല സ്ഥാപിച്ചാൽ കുറ്റിയാട്ടൂർ മാങ്ങയിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും ഇങ്ങനെ സംവിധാനം ഉണ്ടായാൽ കർഷകർക്ക് ഉത്പന്നം മുഴുവൻ കേടുകൂടാതെ വിപണനം നടത്താൻ സാധിക്കും കുറ്റ്യാട്ടൂർ മാവില്ലാത്ത കർഷകർ പഞ്ചായത്തിൽ വിരള മാണ്. ഈ ഉത്പന്നം മുഴുവൻ തലശ്ശേരി, കണ്ണൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലാണ് വിപണനത്തിനായി എത്തിക്കുന്നത് പ്രതികൂല കാലാവസ്ഥകളിൽ 'പൂ കരിച്ചൽ' രോഗം മൂലം ഈ വിളവ് പൂർണ്ണമായും നശിച്ചു പോകാറുണ്ട്. ഇതിന് ശാസ്ത്രീയ പ്രതിവിധി കണ്ടെത്തിയിട്ടില്ല. തേയില കൊതുക് നിവാരണ മരുന്നുകളാണ് ചിലകർഷകർ ഉപയോഗിക്കുന്നത് പഞ്ചായത്തിൽ 82 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യു ന്നുണ്ട് നാലേകാൽ ലക്ഷം കിലോ ഒരു വർഷം ഉത്പാദിപ്പിക്കുന്നുഎന്നാണ് കണക്കാക്കിയിട്ടു ള്ളത് നമ്മുടെ പഞ്ചായത്തിൽ ഒരു പ്രത്യേകതരം മണ്ണ് ഈ കൃഷിക്ക് ഏറ്റവും മികച്ചതാണ്, എന്നുള്ളത് കൊണ്ട് ഇവടെ ഉത്പാദിപ്പിക്കുന്നതോതിൽ മറ്റു സ്ഥലങ്ങളിൽ ഉത്പാദനം ഉണ്ടാവുന്നില്ലഎന്നാണ് കണ്ടെത്തിയിട്ടുള്ളത്.ഈ ഉത്പന്നം കേന്ദ്രീകരിച്ചു കൊണ്ട് പഞ്ചായത്തിന്റെ സംസ്കരണ ശാല സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ് ഇത് ഒരു സീസൺ വിളവായതു കൊണ്ട് ഈ സംസ്കരണ കേന്ദ്രം ഉപയോഗിച്ച് മറ്റിനം ഉത്പന്നങ്ങളായ ചക്ക, കശു മാങ്ങ, പൈനാപ്പിൾ, കപ്പ

എന്നിവയും വ്യാവസായിക അടിസ്ഥാനത്തിൽ സംസ്കരിക്കാം.

നാണ്യ വിളകളിൽ പ്രധാന സ്ഥാനം റബ്ബറിനുള്ളതെങ്കിലും നമ്മുടെ പഞ്ചായത്തിൽ അടുത്ത കാലത്താണ് ഇതിന് പ്രചാരം വന്നു കൊണ്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്ത് കുന്നുകളാലും ചരിവുകളാലും നിറഞ്ഞ സ്ഥലമായതിനാൽ ഈ കൃഷിക്ക് പറ്റിയ സാഹചര്യമുണ്ട്. മണ്ണ് പരിശോധന നടത്തി അനിയോജ്യ സ്ഥലങ്ങളിൽ ഈ കൃഷി വ്യാപിപ്പിക്കാവുന്നതാണ്. ഇപ്പോൾ 81 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. 64800 കി ഗ്രാ പ്രതിവർഷം ഉല്പാദിപ്പിക്കുന്നു. ഉത്പാദനക്ഷമത ഹെക്ടറിന് 800 കി. ഗ്രാം ആണ്.

മുൻകാലങ്ങളിൽ വളരെയധികം കൃഷി ചെയ്ത വിളകളായിരുന്നു വൻ പയർ,ചെറുപയർ, മുതിര, എള്ള്, ഉഴുന്ന് മുതലായവ. നെൽകൃഷി രണ്ടാം വിളയായി ചെയ്യാൻ പറ്റാത്ത പാടങ്ങളിലായിരുന്നു ഇത്തരം കൃഷികൾ ചെയ്തിരുന്നത്. പയർ ഉത്പന്നങ്ങൾക്ക് പുറമെ, കന്നു കാലികൾക്ക് തീറ്റയായി ഇതിന്റെ ചണ്ടി ഉപയോഗിച്ചിരുന്നു. പാടങ്ങളിൽ പ്രകൃതി ദത്തമായി നൈട്രേറ്റ് ഇതുവഴി ലഭിക്കുമായിരുന്നു. ഇപ്പോൾ ഈ കൃഷികളെല്ലാം ഗണ്യമായി കുറഞ്ഞു വരുന്നു.നാടൻ വിത്തുകളാണ് ഉപയോഗിച്ചുവരുന്നത് അത്യുത് പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്താൽ ഉത്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. കീടബാധ ഈകൃഷിക്ക് വളരെയധികം ദോഷം ചെയ്യുന്നുണ്ട്.

നമ്മുടെ മേഖലയിൽ രണ്ടു സീസണുകളിലാണ് പച്ചക്കറി കൃഷി ചെയ്യുന്നത് മഴക്കാലത്തും, വേനൽക്കാലത്തും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ അമിതമായ കീടനാശനി പ്രയോഗം മനസ്സിലാക്കി സ്വന്തമായുത്പാദിപ്പിക്കാൻ താത്പര്യം കാണിക്കുന്നരുണ്ട്. മഴക്കാല പച്ചക്കറിയാണ് വേനൽക്കാല പച്ചക്കറിയെ അപേക്ഷിച്ച് ഉത്പാദന ചെലവ് കുറവ്. വേനൽക്കാല പച്ചക്കറി കൃഷിയിലാണ് കൂടുതൽ ആളുകൾ ശ്രദ്ധിക്കുന്നത് അടുത്തകാലത്തായി വരൾച്ച പ്രതികൂലമായി ബാധിച്ചിട്ടുണ്ട് ആവശ്യമായ ജലസേചന സൗകര്യമുണ്ടായാൽ ഇക്കാര്യത്തിൽ പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കും ഇതിനുള്ള തീവ്രയത്ന പരിപാടി നടപ്പിലാക്കിയാൽ സംഭരണ വിപണന കേന്ദ്രം ആരംഭിക്കാവുന്നതാണ്.

ജനങ്ങളുടെ പ്രധാനവരുമാനമുള്ള കൃഷിയാണ് വാഴകൃഷി. നേന്ത്രവാഴയാണ് വലിയ തോതിൽ കൃഷി ചെയ്യുന്നത്. മറ്റിനങ്ങളായ പാളയൻ, കോടൻ,(മൈസൂർ) അടുക്കൻ,പൂവൻ എന്നീ ഇനങ്ങളും ചെറിയ തോതിൽ കൃഷി ചെയ്യുന്നുണ്ട്. നേന്ത്ര വാഴകൃഷിയിടങ്ങളിൽ ചേമ്പ്,ചേന എന്നിവ ഇടവിളകളയായി കൃഷിചെയ്യാം. 115 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു.

ഒരു കാലഘട്ടത്തിൽ മരച്ചീനി ദൈനംദിനഭക്ഷണത്തിന്റെ ആവി ഭാജ്യഘടകമായി ഉൽപാദിപ്പിച്ച് ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് ഇതിന്റെ, ഉൽപാദനം വളരെ കുറഞ്ഞിരിക്കുന്നു. മാർക്കറ്റിൽ നിന്നു വാങ്ങി ഭക്ഷിക്കുന്ന പ്രവണത കൂടിവരികയാണ്. ഉല്പാദനരംഗത്ത് വളരെയധികം സാദ്ധ്യതയുള്ള മേഖലയാണ് നമ്മുടെ പഞ്ചായത്ത്. 80ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷിചെയ്യുന്നു. 1200ടൺ മരച്ചീനി ഉല്പാദിപ്പിക്കുന്നു. ഉല്പാദനക്ഷമത ഹെക്ടറിന് 15ടൺ.

മണ്ണിന്റെ ഘടനയനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും നന്നായി കൃഷി ചെയ്യാൻപറ്റുന്ന ഇടവിളയാണ് പൈനാപ്പിൾ കൃഷി എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഒരു ഹെക്ടർ സ്ഥലത്ത് മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാൻ പറ്റുന്ന സാഹചര്യം ഉണ്ട്. ഈ കൃഷിയെപ്പറ്റി നല്ല ബോധവൽക്കരണം നമ്മുടെ കർഷകരിൽ വന്നിട്ടില്ല.

ഇഞ്ചി, മഞ്ഞൾ, ചേമ്പ് ചേന എന്നീ വിളകൾ ഒറ്റപ്പെട്ട രീതിയിൽ കൃഷി ചെയ്യുന്നുണ്ട്. നമ്മുടെ ആവശ്യമനുസരിച്ച് ഉൽ

പാദിപ്പിക്കാൻ സാധിക്കുന്നില്ല. ഈ വിളകൾക്ക് അനുയോജ്യമായ സാഹചര്യം നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ഔഷധസസ്യകൃഷി മുൻകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിലുള്ള പാരമ്പര്യവൈദ്യന്മാർ കൃഷിചെയ്യുകയും അവരുടെ ഉപയോഗിച്ച് സേവന സന്നദ്ധതയോടെ സൗജന്യചികിത്സ നടത്തുകയും ചെയ്തിരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്യാൻ സാധിക്കുന്ന സാഹചര്യം ഇന്ന് നിലവിലുള്ളതിനാൽ ഔഷധ സസ്യകൃഷി വികസിപ്പിച്ചെടുക്കാൻ നമ്മുടെ പഞ്ചായത്തിൽ വളരെ സാദ്ധ്യതകളുണ്ട്. ശാസ്ത്രീയമായ ബോധവൽക്കരണത്തിന്റെ പ്രസക്തിയും സഹായവും ഈ രംഗത്ത് ആവശ്യമാണ്.

കുണ്ട് കൃഷി നമ്മുടെ പഞ്ചായത്തിൽ സ്വന്തം ഉപയോഗത്തിനുവേണ്ടി ചില സ്ഥലങ്ങളിൽ നടത്തുന്നുണ്ട്. ഏതുവീട്ടിലും വളർത്തിയെടുക്കാൻ കഴിയുന്ന ഒരു കൃഷി എന്നനിലയിൽ ഇതിനെ കാണേണ്ടതുണ്ട്. ചെറിയ ബോധവൽക്കരണം കൊണ്ട് മാത്രം ഒരു വലിയ പോഷകാഹാര സമ്പത്ത് സാധിപ്പിച്ചെടുക്കാം.

നമ്മുടെ പഞ്ചായത്തിൽ മഴയെമാത്രം ആശ്രയിച്ചാണ് ഭൂരിഭാഗം കൃഷിയും നടക്കുന്നത്. അതുകൊണ്ട് തന്നെ കാലവർഷത്തിന്റെ ഏറ്റകുറവും നീർമറി സംരക്ഷണം കാര്യക്ഷമമാക്കാത്തതും എല്ലാതരം കൃഷിയേയും വളരെയധികം പ്രതികൂലമായി ബാധിക്കാറുണ്ട്. സർക്കാർ തലത്തിലുള്ള സൗകര്യം പരിമിതമായ തോതിൽ മാത്രമേ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളൂ. വൻകിട ജലസേചനപദ്ധതിപ്രകാരം പഴശ്ശിപദ്ധതിയുടെ മെയിൻ കനാൽ കുറ്റ്യാട്ടൂർ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തുകൂടി 5കി.മി കടന്നുപോകുന്നു. ഇതിന്റെ ഭാഗമായി പാടശേഖരങ്ങളിൽ വെള്ളമെത്തിക്കുന്നതിന് 5കൈകനാൽ ഉണ്ട്. എന്നാൽ ഇതിൽ കൂടി യഥാവസരം കർഷകർക്ക് ആവശ്യത്തിനുവെള്ളം ഇതുവരെ ലഭിച്ചിട്ടില്ലെന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് തന്നെ പഴശ്ശിയുടെ ജലം ഉപയോഗിച്ച് കൃഷി ചെയ്യുന്ന സമ്പ്രദായം നിലനിർത്താൻ സാധിതിന്റെ അറ്റകുറ്റപ്പണികൾ കൃഷിഭവൻ മുഖേന കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന സമ്പ്രദായം നിലവിൽ വരേണ്ടതുണ്ട്. അതുമാത്രമാണ് ഇതിനൊരു പരിഹാരമായി ചൂണ്ടികാണിക്കാനുള്ളത്. ചെറുകിട ജലസേചനപദ്ധതിയുടെ കീഴിലായി 7 ക്രോസ്ബാറുകൾ നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും ഉപയോഗയോഗ്യമല്ല. ഇതുപയോഗിച്ച് 180ഓളം ഏക്കർ സ്ഥലത്ത് കൃഷിചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കൂടാതെ 9ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച് പാവന്നൂർ പ്രദേശത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇന്നുവരെ പ്രവർത്തനയോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ മേഖലയിലുള്ള പദ്ധതികളോടും പ്രവർത്തനങ്ങളോടും ജനങ്ങൾ അവമതിപ്പ് ഉളവാക്കുന്നതിനുള്ള ഒരു ഉത്തമ ഉദാഹരണമാണ് ഇത്.

കുളങ്ങളും തോടുകളും നമ്മുടെ പഞ്ചായത്തിൽ ധാരാളം ഉണ്ട്. മുൻകാലത്ത് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന കുളങ്ങൾ വളരെ കുറവായിരുന്നു. ഈ കുളങ്ങളുടേയും തോടുകളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം ഉത്തരവാദിത്വത്തോടെ നടത്താൻ വ്യക്തികൾ താൽപര്യം കാണിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. കാലാകാലങ്ങളിൽ ഈ തോടുകളും കുളങ്ങളും പരിചരണം നടത്തി സംരക്ഷിച്ചുപോന്നാൽ രണ്ടാം വിളയും പച്ചക്കറി കൃഷിയും വളരെ ലാഭകരമായി പഞ്ചായത്തിൽ മിക്കഭാഗങ്ങളിലും കൃഷി ചെയ്യാൻ സാധിക്കും. മുൻകാലങ്ങളിൽ തടയിണ കെട്ടി വെള്ളം കൃഷിക്ക് ഉപയോഗിക്കുക പതിവായിരുന്നു. തൻമൂലം തോടിന്റെ കരയിടിച്ചൽ ഒരു പ്രധാന പ്രശ്നമാണ് എന്നുള്ളത് കൊണ്ട് കർഷകർ ഇതിൽ നിന്നും പിന്തിരിയുന്നു. ഇതിന് ശാസ്ത്രീയമായി പരിഹാരം കാണേണ്ടത് നമ്മുടെ പഞ്ചായത്തിന് കാർഷിക രംഗത്ത് വളരെ യേറെമുന്നോട്ടു പോകാൻ കഴിയും

എന്നതിന് ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം.

കാർഷിക വിളകൾക്കുവേണ്ടി ജലസേചന സൗകര്യത്തിനായി പമ്പുസെറ്റ് അനുവദിച്ചു കിട്ടിയ മിക്കകർഷകരും ഇന്നും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുകൊണ്ട് പ്രയാസപ്പെടുകയാണ് എന്ന് നാം കാണേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ കൃഷിഭവന്റെ സേവനം എല്ലാ മേഖലകളിലും ലഭിക്കുന്നില്ല. ഇവയുടെ സേവനം ഉറപ്പാക്കിയാൽ മാത്രമേ കാർഷിക മേഖലയിൽ നമുക്ക് മുന്നേറാൻ സാധിക്കുകയുള്ളൂ. ശാസ്ത്രീയ കാർഷിക വിജ്ഞാനം കർഷകരിൽ എത്തിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. കൃഷി ഭവൻ മുഖാന്തിരം വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ യഥാസമയം കർഷകരിൽ എത്തുന്നില്ല. വാർഡുതലത്തിൽ ഫീൽഡുപ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ വിസ്തൃതിയും, നമ്മുടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിന്ന് കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്ത് വില്ലേജുകൾ കേന്ദ്രീകരിച്ച് കൃഷിഭവൻ സ്ഥാപിച്ചാൽ മാത്രമേ കുറ്റ്യാട്ടൂർ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും കൃഷിഭവന്റെ സേവനം ലഭിക്കുകയുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ കൃഷിഭവന്റെ നടപ്പു പദ്ധതികൾ:

1 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൽ
2 കൃഷിയിടങ്ങളിൽ സമിതികൾക്ക് 50% സബ്സീഡിയിൽ
3 പവർടില്ലർ അനുവദിക്കുന്നുണ്ട്.
4. സംയോജിത കിട നിയന്ത്രണപദ്ധതി നെൽകൃഷിക്ക് നടപ്പിലാക്കുന്നുണ്ട്.
5. സംയോജിത തെങ്ങ് കൃഷിക്ക് വികസന പദ്ധതിപ്രകാരം കിണർ കുഴിക്കാൻ 2500രൂപ സബ്സീഡിയിൽ പമ്പ്സെറ്റ്നും, 1000രൂപ സബ് സീഡി റോക്കർ സ്പ്രെയറിനും 500രൂപ തെങ്ങ കയറ്റ യന്ത്രത്തിനും അനുവദിക്കുന്നുണ്ട്.
6 പച്ചില വളച്ചെടി വിത്ത് സൗജന്യനിരക്കിൽ കൊടുക്കുന്നുണ്ട്.
7 വേര് രോഗം (കാറ്റ് വീഴ്ച) വന്ന തെങ്ങ് മുറിച്ച് മാറ്റുന്നതിന് തെങ്ങൊന്നിന് 500രൂപ നിരക്കിൽ നഷ്ട പരിഹാരം നൽകുന്നുണ്ട്.
8 കുരുമുളക് കൃഷി പുനരുദ്ധാരണം പദ്ധതി നടപ്പിലാക്കുന്നുണ്ട്
9 കുരുമുളക് വള്ളിവച്ചു പിടിപ്പിക്കുന്നതിന് സൗജന്യ നിരക്കിൽ
10കുരുമുളക് വള്ളികൾ വിതരണം ചെയ്യുന്നുണ്ട്.
11 കമുക് കൃഷിക്ക് മഹാളിരോഗ നിയന്ത്രണത്തിന് സബ്സിഡി നിരക്കിൽ കുമിൾ നാശിനി വിതരണം ചെയ്യുന്നുണ്ട്.
12. മഞ്ഞളിപ്പ് വന്ന കമുക് മുറിച്ച് മാറ്റുന്നതിന് ധനസഹായം നൽകുന്നുണ്ട്.
13 കശുമാവ് പുനരുദ്ധാരണ നടപടി സ്വീകരിക്കുന്നു.

പ്രശ്നങ്ങൾ

1 ആവശ്യത്തിന് കാർഷിക തൊഴിലാളികളെ കിട്ടാത്തതുകൊണ്ട് യഥാസമയം വിളയിറക്കാൻ സാധിക്കാതെ വരുന്നു. കാർഷിക യന്ത്രോപകരണങ്ങളുടെ അപര്യാപ്തത വളരെ പ്രശ്നം സൃഷ്ടിക്കുന്നു.
2 നമ്മുടെ പഞ്ചായത്തിൽ എല്ലാഭാഗത്തും നിരവധി കുളങ്ങളും തോടുകളും ഉണ്ട്. ഇവ ആഴവും വീതിയും കൂട്ടി ജലലഭ്യത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
3 വൻതുക ചെലവഴിച്ച് നിർമ്മിച്ച പാവന്നൂർ പാടശേഖരത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന യോഗ്യമല്ലാതായിരിക്കുന്നു.
4 ചില പ്രദേശങ്ങളിൽ നീർക്കെട്ട് അനുഭവപ്പെടുന്നുണ്ട്.
5 നമ്മുടെ പഞ്ചായത്തിലെ ആവശ്യമായ തോടുകളിൽ ക്രോസ് ബാറുകൾ നിർമ്മിക്കാത്തതുകൊണ്ട് കൃഷിക്ക് വേണ്ടത്ര ജലസേചന സൗകര്യം മെച്ചപ്പെടുത്താൻസാധിക്കുന്നില്ല.
6 കൃഷി ഭൂമി നികത്തി നാണ്യവിളകൾക്കും, വീട്നിർമ്മിക്കുന്നതിനും ഉള്ള പ്രവണത കൂടിവരുന്നു.
7 പാവന്നൂർ കൃഷിയിടത്തിലെ ഇഷ്ടിക

നിർമ്മാണ യൂനിറ്റ് നെൽകൃഷിക്ക് ഭീഷണി യാവുന്നു.

8 പാടശേഖര സമിതികളുടെ പ്രവർത്തനം മെച്ചമല്ല. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവി ലില്ല.

9.മാണിയൂർ വില്ലേജിലുള്ള പഴശ്ശി പ്രൊജ ക്ടിന്റെ കനാലുകളിൽ കുടിവെള്ളം കിട്ടു ന്നില്ല.

10. വിളവിൽ നിന്ന് വിത്തെടുക്കുന്ന രീതി പാടങ്ങളിൽ കുറവാണ്.

11 വിത്ത് - രാസ - ജൈവവളങ്ങൾക്ക് വില കൂടുതലാണ്.

12 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല കൃഷിചെയ്യുന്നത്.

13. രാസവള വിൽപ്പന കേന്ദ്രങ്ങളിലൂടെ പഞ്ചാ യത്തിന്റെ എല്ലാ ഭാഗങ്ങളിലും വളം ലഭി ക്കുന്നതിന് പര്യപ്തമല്ല.

14. തെങ്ങ്കൃഷിക്ക് വേണ്ടി പമ്പ് സെറ്റ് അനുവദച്ചുകിട്ടിയെങ്കിലും വൈദ്യുതി കണ ക്ഷന്റെ അഭാവം കാരണം മിക്ക കൃഷി ക്കാരും വിഷമം നേരിടുന്നു.

15. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൃഷി വളരെ കുറവാണ്.

16. കാറ്റുവീഴ്ച, ചെന്നീരൊലിപ്പ് കൂമ്പ്ചീയൽ എന്നീരോഗങ്ങൾ തെങ്ങ്കൃഷിക്ക് ഭീഷണി യാകുന്നു.

17. നമ്മുടെ പഞ്ചായത്തിൽ കവുങ്ങ്കൃഷിക്ക് മഞ്ഞളിപ്പ്, മഹാളി എന്നീരോഗങ്ങൾ പടർന്നു പിടിക്കുന്നതിനാൽ കവുങ്ങ്കൃഷിയുടെ നില നിൽപ്പിനെതന്നെ ചോദ്യം ചെയ്യുന്നു.

18. നമ്മുടെ പഞ്ചായത്തിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാണ്യവിളയാണ് കുരുമുളക്. ദ്രുതവാട്ടരോഗം ഈ കൃഷിയെ വ്യാപകമായി വേട്ടയാടുന്നു.

19. കുരുമുളകിന് പൊള്ളു രൊഗം വ്യാപ കമാണ്.

20. നമ്മുടെ പഞ്ചായത്തിന് മാത്രം അവകാശ പ്പെട്ടിതെന്ന് പറയാൻ കഴിയുന്ന കൃഷിയാണ് കുറ്റ്യാട്ടൂർ മാങ്ങ, ഇതിലുണ്ടാകുന്ന വിളവുകൾ മുഴുവൻ ഉപയോഗിക്കാൻ കഴിയുന്നില്ല. കീടങ്ങ ളുടെ ഉപദ്രവം ഇതിന് ഭീഷണിയാകുന്നുണ്ട്. ഇതിന്റെ സംസ്ക്കരണ വിപണന കേന്ദ്രം പഞ്ചായത്തിൽ തന്നെ കണ്ടെത്തേണ്ടതുണ്ട്.

21. തരിശായികിടക്കുന്ന സ്ഥലങ്ങൾ, കുന്നിൻ ചെരുവുകൾ എന്നിവ റബർ കൃഷിക്ക് ഉപയുക്തമാണ്. ഇത് വേണ്ടത്ര ഉപയോഗ പ്പെടുത്തുന്നില്ല.

22 നമ്മുടെ പഞ്ചായത്തിൽ മണ്ണ്-ജലസം രക്ഷണ പ്രവർത്തനം നടക്കുന്നില്ല.

23.കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.

സാദ്ധ്യതകൾ

1. കാർഷികയന്ത്രോപകരണങ്ങൾ കൃഷിക്കാ ർക്ക് കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക

2 നെൽവയൽ നികത്തി നാണ്യവിള കൃഷി ചെയ്യുന്നതിനെതിരെ നടപടികൾ അനിവാ ര്യമാണ്.

3. പാഠശേഖരകമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നിർദ്ദേശ ങ്ങളും മറ്റു പ്രോത്സാഹനങ്ങളും ബന്ധപ്പെട്ട വർ ചെയ്യേണ്ടതുണ്ട്.

4. വിളവിൽ നിന്ന് വിത്തെടുക്കുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കണം

5. മണ്ണിന്റെ ഘടന അനുസരിച്ച് കൃഷിയിറ ക്കാനുള്ള ബോധവൽക്കരണം കർഷകർക്ക് നല്കണം.

6. ജൈവവളനിർമ്മാണത്തിന് കാര്യക്ഷമമായ പ്രോത്സാഹനം കർഷകന് നൽകുകയും രാസവളത്തിന്റെ ഇനവും പ്രയോഗവും അതാത് അവസരത്തിൽ പഞ്ചായത്തിന്റെ എല്ലാഭാഗത്തും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക

7 കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുള്ള കാലതാമസം ഒഴിവാക്കു ന്നതിന് നടപടി സ്വീകരിക്കുക.

8. തെങ്ങിൻതോപ്പിൽ ഇടവിള കൃഷി വ്യാപക മാക്കുന്നതിനുള്ള പ്രോത്സാഹനം നല്കുക.

9. കൃഷിസ്ഥലങ്ങളിൽ യഥാവസരം ഇറങ്ങിച്ചെ ന്ന് പ്രവർത്തനം വിലയിരുത്തി നിർദ്ദേശങ്ങൾ നല്കാൻ കൃഷിഭവന് കഴിയണം.

10. മാങ്ങ, ചക്ക, പൈനാപ്പിൾ തുടങ്ങിയ പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സംസ്ക്കരണശാല സ്ഥാപിക്കേണ്ടത് ആത്യാ വശ്യമാണ്.

11. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാ വശ്യമായ നടപടി സ്വീകരിക്കുകയും അമിത

ഉല്പാദനം വിപണനം നടത്തുന്നതിന് പഞ്ചായത്തിന്റെ എല്ലാഭാഗത്തും സംവിധാനം ഏർപ്പെടുത്തു കയും വേണം.

12. നീർമറി സംരക്ഷണ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ കുന്നിൻ ചരിവുകളിൽ കൃഷി അഭിവൃദ്ധിപ്പെടുത്താനും കുടിവെള്ള ക്ഷാമം പരിഹരിക്കാനും സാധിക്കുന്നതിനാൽ അതിനാവശ്യമായ സഹായവും ബോധവൽക്കരണവും ആവശ്യമാണ്.

13. ഉപയോഗം കഴിഞ്ഞ ചെങ്കൽ ക്വാറികൾ പാറക്കെട്ട് എന്നിവ ഉപയോഗപ്പെടുത്തി കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

14. കാട്ടാമ്പള്ളി പദ്ധതികൊണ്ടുള്ള ഗുണവും ദോഷവും കണക്കിലെടുത്ത് യുക്തവും ശാസ്ത്രീയവുമായ പരിഹാരമാർഗ്ഗം സ്വീകരിക്കുന്നതിനാവശ്യമായ പഠനം അനിവാര്യമാണ്.

15. മൂലവളവിൽ തോട് പട്ടപ്പൊയിൽ താഴെ കാനത്തിൽ തോട് വെള്ളിലമൂലതോട്, മാക്കനേരി ഇല്ലംതാഴെ തോട്, ഇടിക്കുന്നിൽ താഴെ തോട് എന്നിവക്ക് പുതുതായി ക്രോസ് ബാറും കൈയ്യാണിയും നിർമ്മിക്കേണ്ടത് ആവശ്യമാണ്.

16, ഉപയോഗ ശൂന്യമായ പടന്നോട്ട് കാപ്പാട് വീട്ടിൽ താഴെ, ക്രോസ് ബാറുകൾ തോടിന്ന് മുകളിലോട്ടും, കാവുഞ്ചാൽ പാലം ,മാങ്ങാട്ട് താഴെ, എന്നീ ക്രോസ് ബാറുകൾ പുതുക്കി പണിയുകയും കയ്യാണി നിർമ്മിക്കുകയും ചെയ്യണം

17. പാവന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്

18. പഴശ്ശി പദ്ധതിയുടെ ഭാഗമായികുറ്റ്യാട്ടൂർ പഞ്ചായത്തിലുള്ള കൈക്കനാലുകളെ ഉപയോഗപ്പെടുത്തി പാടങ്ങളിൽ വെള്ളം എത്തിക്കാനുള്ള നടപടി വേണം.

19. ചങ്ങലാട്ടു താഴെ വയലിലെ വെള്ളം എടവച്ചാൽ വയലിലേക്ക് കൊണ്ടു പോകുന്നതിന് കയ്യാണി നിർമ്മിക്കുക.

20 മടന്തൂർ സി. ബി. മുതൽ അമ്പല വയൽ വരേയും കുവക്കാട് താഴെ വരേയും കരിമ്പും കര സി, ബി മുതൽ കരിമ്പുംകര റോഡ് . വരെയും, കൈയ്യാണി നിർമ്മിക്കേണ്ടതുണ്ട്.

21. നെൽപ്പാടങ്ങളുടെ സംരക്ഷണത്തിനായി ആവശ്യമുള്ളതോടുകളുടെ വീതിയുംആഴവും കൂട്ടുകയും ഭിത്തി കെട്ടുകയും ചെയ്യേണ്ടതുണ്ട്

22. പടന്നോട്ട് തണ്ടപ്പുറം റോഡിനുമുകളിലെ എടവച്ചാൽ വയലിലെ വെള്ളം ഒഴിഞ്ഞു പോകാൻ പാകത്തിൽ കൽവട്ട് പണിയേണ്ടതാണ്.

23. പാവന്നൂർ വയലിലെ ഇഷ്ടിക നിർമ്മാണം നെൽകൃഷിയേയും കുടി വെള്ളത്തേയും ദോഷകരമായി ബാധിക്കുന്നതിനാൽ കൃഷി സംരക്ഷണത്തിനാവശ്യമായ നടപടി അനിവാര്യമാണ്.

24. പാവന്നൂർ പുഴയുടെ കരയിടിച്ചൽ തടയുന്നതിന് നടപടി ആവശ്യമാണ് പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും പൗരാണികമായ എല്ലാ കുളങ്ങളും പൊതുവായി സംരക്ഷിക്കുകയും നിലവിലുള്ള മറ്റ് കുളങ്ങൾആഴവും വീതിയും കൂട്ടു കൃഷിക്കും പച്ചക്കറിക്കും ഉപയോഗപ്രദമാക്കാൻ സാധിക്കേണ്ടതുണ്ട്.

25. വഴുതിയിൽ വയൽ കുളാട്ട് വയൽ, കുണ്ടിലാക്കണ്ടി വയൽ, ചെറുവത്തല വയൽ, ചങ്ങലാട്ടു വയൽ, വെള്ളയാറ്റ് വയൽ, കിടഞ്ഞോത്ത് താഴെ വയൽ,മാനാട്ട് വയൽ, കാഞ്ഞിരോട്ട് വയൽ,കാട്ടുമാമ്പ വയൽ, കാട്ടുമാമ്പ മേലേഭാഗം,കേളോത്ത് വയൽ, കരുവാക്കണ്ടി വയൽ, എലിപ്പാല ചിറക്ക് സമീപം എന്നീ സ്ഥലങ്ങളിൽ പുതുതായി കുളങ്ങൾ നിർമ്മിച്ച് കൃഷിയും പച്ചക്കറിയും അഭിവൃദ്ധിപ്പെടുത്താൻ കഴിയണം.

26. പഞ്ചായത്തിലെ എല്ലാ ക്രോസ് ബാറുകൾക്കും സംരക്ഷണം നൽകേണ്ടത് അത്യാവശ്യമാണ്. പ്രാദേശിക കർഷകരെ ഉൾപ്പെടുത്തി സംരക്ഷണ സമിതി രൂപീകരിക്കേണ്ടിയിരിക്കുന്നു.



2

മൃഗസംരക്ഷണം

കാർഷിക ഗ്രാമമായിരുന്ന കുറ്റ്യാട്ടൂരിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്ന കന്നുകാലി വളർത്തൽ ഉഴവുമാടുകളെന്ന നിലയിലും പാലുൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ പണ്ടുകാലത്ത് കുറ്റ്യാട്ടൂരിലും, മാണിയൂരിലുമുണ്ടായിരുന്നു. കാലികളെ ഇളക്കി മേയിക്കുന്ന പതിവാണ് അന്നുണ്ടായിരുന്നത് ഇന്നത്തെപ്പോലെ നാണ്യവിളകളുടേയും,വേലികളുടേയും മതിലുകളുടേയും പ്രശ്നങ്ങൾ അന്നുണ്ടായി രുന്നില്ല. അതിനാൽ നൂറുകണക്കിന് കന്നുകാലികളെ വിശാലമായ പറമ്പിലും വയലുകളിലും ഇളക്കി മേയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല, എന്നു മാത്രമല്ല പാടത്തിന്റെ ഉടമകൾ തന്റെ പാടത്തൊരു നിശ്ചിത എണ്ണം കാലികളെ കെട്ടി മേയ്ക്കുന്നതിന് അനുവാദവും കൊടുത്തിരുന്നു. അതുകൊണ്ട് തന്നെ കാലി വളർത്തുകാരന് ഒരു നിശ്ചിതതുകയും നൽകണമായിരുന്നു. ഈ രീതിയിൽ പാടത്തെ ജൈവവളാവശ്യം നിറവേറ്റാൻ കൃഷിക്കാർക്ക് കഴിഞ്ഞു.

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ, അവരുടെ കന്നുകാലികളെ പാടങ്ങൾക്ക് അടുത്ത് താമസിക്കുന്നവർക്ക് വളർത്താൻ ഏല്പിക്കുന്ന രീതിയും അന്ന് നിലവിലുണ്ടായിരുന്നു. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന പശുവിന്റെ ആദ്യപ്രസവത്തിലെ കുട്ടി വളർത്തുകാരന്റേതാകുന്നു. രണ്ടാം പ്രസവം നടന്നാൽ ഉടൻ പശുവിനേയും കുട്ടിയേയും ഉടമയെ ഏൽപ്പിച്ചുകൊള്ളണം. ഈ രീതി ഇന്നും ഒറ്റപ്പെട്ടസംഭവമായി നിലവിലുണ്ട്.

പാടങ്ങൾ നികത്തി അതിൽ കെട്ടിടങ്ങൾ പണിതും തെങ്ങ്കൃഷിയും വ്യാപകമായതോടെ ഇളക്കിമേയ്ക്കുന്ന രീതി പൂർണ്ണമായും ഇല്ലാതായി.

പശു, എരുമ, കാള ആട് എന്നിവയാണ് വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ അരനൂറ്റാണ്ടു കാലത്തെ മാറ്റം എന്നുപറയുന്നത്; കാളവണ്ടി, കലപ്പ. എന്നിവയുടെ ഉപയോഗം കാലക്രമേണ ഇല്ലാതായിക്കൊണ്ടിരുന്നുഎന്നതാണ് പശു, കാള, ആട് എന്നിങ്ങനെ പരമ്പരാഗതമായി വളർത്തിവരുന്ന മൃഗങ്ങളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി കാണാം. കാളകളുടേയും ആടുകളുടേയും കാര്യത്തിലാണ് ഏറ്റവും വലിയ കുറവുണ്ടായിട്ടുള്ളത്. നെൽകൃഷി കുറഞ്ഞതു കാരണം കാർഷിക വൃത്തിയും മൃഗങ്ങളുടെ ഉപയോഗവും കുറയാൻ കാരണമായിട്ടുണ്ട് ഇപ്പോഴുള്ള കന്നുകാലികളിൽ പകുതിയും അത്യുൽപ്പാദനശേഷിയുള്ളതും സങ്കരയിനങ്ങളിൽപ്പെട്ടതുമാണ് ഇതിൽ നാമമാത്രമായി മാത്രമെ അത്യുൽപാദനശേഷിയുള്ളത് ഇന്ന് നിലവിലുള്ളൂ.

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണസംവിധാനം മൃസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മൃഗാശുപത്രിയും രണ്ട് ഐ.സി.ഡി.പി സബ്സെന്ററുകളുമാണ്. മാണിയൂർ ഭാഗത്തുള്ള ആളുകൾ ബന്ധപ്പെടുന്നത് കണ്ണൂർ ഗവ:മൃഗാശു പത്രിയിലും മുണ്ടയാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിലുമാണ്.

പത്ത് വർഷങ്ങൾക്ക് മുമ്പ് മുട്ടക്കോഴി വളർത്താൻ തളിപ്പറമ്പ് താലൂക്ക് അടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം ഉണ്ടായിരുന്നു. ഇതിന്റെ കീഴിൽ മുട്ടക്കോഴിവളർത്തൽ നമ്മുടെ പഞ്ചായത്തിൽവൻതോതിൽ നടപ്പിലാക്കിയിരുന്നു. എങ്കിലും സംഘത്തിന്റെ നടത്തിപ്പിന്റെ പോരായ്മമൂലം ആ സംരംഭം വിജയിപ്പിക്കാൻ കഴിഞ്ഞില്ല. നമ്മുടെ പഞ്ചായത്തിൽ ഇരുപത് യൂനിറ്റുകളിലായി അയ്യായിരം ഇറച്ചിക്കോഴികളെ വളർത്തി വരുന്നുണ്ട്. കൂടുതൽ ശ്രദ്ധപതിപ്പിച്ചാൽ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്ന മേഖലയാണിത്. ഈ രംഗത്ത് മൃഗാശുപത്രിയുടെ സേവനം തീരെ ഇല്ല എന്നുതന്നെ പറയാം. ആശുപത്രിയുടെ പ്രവർത്തനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പാക്കുകയാണെങ്കിൽ ഈ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ സാധിക്കും.

ക്ഷീരോൽപ്പാദന വിപണന രംഗത്ത് സംഘടിതമായ ശ്രമങ്ങൾ ഉണ്ടാകണം. പഞ്ചായത്തിൽ ഒരംഗീകൃത ക്ഷീരവ്യവസായ സഹകരണ സംഘം പോലുമില്ല. ഇത് ഒരു വലിയ പോരായ്മയായി നമ്മുടെ പഞ്ചായത്തിൽ ഇന്നും നിലനിൽക്കുന്നു. എങ്കിലും നമ്മുടെ പഞ്ചായത്തിൽ ശരാശരി പ്രതിദിനം 1200ലിറ്റർ പാലുൽപാദിപ്പിക്കുന്നുണ്ട് എന്നാണ് കണക്ക്. ഇത് ഈ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ച് അപര്യാപ്തമാണ്. ഇതിൽ പ്രകടമായ മാറ്റം ഉണ്ടായാൽ മാത്രമെ ഈ രംഗത്തുള്ള പോരായ്മകൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

കാലിതീറ്റയുടെ ക്രമാതീതിമായ വിലവർദ്ധനവാണ് കന്നുകാലികളെ വളർത്തുന്നതിന് നേരിടുന്ന പ്രധാനപ്രശ്നം. നെൽകൃഷി ഗണ്യമായി കുറഞ്ഞതോടെ വൈക്കോലിനും വലിയ ക്ഷാമമാണ് അനുഭവപ്പെടുന്നത്. കൂടാതെ പാലിന്റെ വിലയും ഉൽപ്പാദനച്ചെലവും താരതമ്യം ചെയ്യുമ്പോൾ ഉൽപാദനച്ചെലവ് കൂടിവരുന്നു.അതുകൊണ്ട്തന്നെ ഈ രംഗത്ത് ജനങ്ങൾ കടന്നുവരുന്നില്ല.

പേപ്പട്ടിശല്യം സ്ഥിരമായി അനുഭവപ്പെടുന്ന ഒരു പ്രശ്നമാണ്. പ്രാദേശികമായ പട്ടിപിടുത്തക്കാരെ കിട്ടാത്തതിനാൽ ഈ പ്രശ്നം എളുപ്പം പരിഹരിക്കാനും ആവില്ല.

മൃഗസംരക്ഷണ മേഖലയിൽ ശാസ്ത്രീയമായ രീതിയും സൗകര്യങ്ങളും മെച്ചപ്പെടുത്തി ക്കൊണ്ട് മികച്ച നേട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് ഉറപ്പാണ്.

പട്ടിക - 1
പഞ്ചായത്തിലെ വളർത്തു മൃഗങ്ങൾ

ഇനം	14ാംമത് 1987ലെ സെൻസസ്	15ാംമത് 1996ലെ സെൻസസ്
പശു സങ്കരയിനം	1148	1122
കാള സങ്കരയിനം	206	509
കാള നാടൻ	415	358
പശു നാടൻ	2217	910
ആട്	299	151
പട്ടി	169	
എരുമ	-	11
പോത്ത്	-	2

പട്ടിക - 1
വളർത്തു പക്ഷികൾ (1996ലെ സെൻസസ് അനുസരിച്ച്)

വാർഡ്	പൂവൻ കോഴി	പിടക്കോഴി
1	40	80
2	110	126
3	70	80
4	50	62
5	40	68
6	50	96
7	90	105
8	37	80
9	50	80

പ്രശ്നങ്ങൾ:

1 കാലിത്തീറ്റ സബ്സീഡി നിരക്കിൽ ലഭിക്കുന്നില്ല.

2.ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്.

3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം വളരെ കുറവാണ്.

4. കോഴിത്തീറ്റകൾ കുറഞ്ഞവിലക്ക് ലഭ്യമല്ലാത്തതുകൊണ്ട് മുട്ടകോഴികളേയും ഇറച്ചി കോഴികളേയും നല്ല രീതിയിൽ വളർത്താൻ സാധിക്കുന്നില്ല.

5. അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളുടെ ശല്യം കൂടിക്കൂടിവരുന്നു. ഇതുകൊണ്ട് തന്നെ പേപ്പട്ടി ശല്യം പെരുകി വരുന്നു.

6. ഐ.സി.ഡി.പി സൻററുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

നിർദ്ദേശങ്ങൾ

1, കാലിവളർത്തലിന് സബ്സീഡിയോടുകൂടി വായ്പ അനുവദിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ പാലുൽപാദന വിപണനസംഘം രൂപീകരിക്കുകയും ചെയ്യുക.

2, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തികസഹായങ്ങൾ നല്കി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

3, വീടുകളിൽ വളർത്തുന്ന പട്ടികൾക്ക് ലൈസൻസ് നിർബന്ദമാക്കുക.

4, പാൽസൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

5,കോഴിത്തീറ്റയും കാലിത്തീറ്റയും ഉൽപാദിപ്പിക്കാൻ സഹകരണസ്ഥാപനത്തിൽ വ്യവസായയൂണിറ്റുകൾ ആരംഭിക്കുക.

6, കോഴിവളർത്തൽ, ആട്വളർത്തൽ എന്നിവയ്ക്ക് സാമ്പത്തികസഹായം അനുവദിക്കുക. തീറ്റകളും മരുന്നുകളും സൗജന്യനിരക്കിൽ അനുവദിക്കുക.

6, കോഴിവളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുക. തീറ്റകളും മരുന്നുകളും സൗജന്യനിരക്കിൽ അനുവദിക്കുക.

7, തീറ്റപ്പുൽ വളർത്തലിന് പ്രോത്സാഹനം നൽകുക.

8, അത്യുൽപാദനശേഷിയുള്ള പശുക്കളെ വാങ്ങുന്നതിന് വേണ്ടസഹായങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് നൽകുക.

9. കോഴികൃഷിമെച്ചപ്പെടുത്തുന്നതിന് വേണ്ടി സഹകരണാടിസ്ഥാനത്തിൽ തൊഴിൽ കേന്ദ്രം സ്ഥാപിക്കുക.

10, കാലിതൊഴുത്ത് നിർമ്മിക്കുന്നതിന് വേണ്ടി കർഷകർക്ക് സാമ്പത്തീക സഹായം കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കുക.



3

വ്യവസായം - ഊർജ്ജം

വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന വ്യവസായങ്ങളെ പൊതുവിൽ രണ്ടായി തിരിക്കാം പരമ്പരാഗത വ്യവസായങ്ങളും ആധുനികവ്യവസായങ്ങളും വ്യവസായ തൊഴിലാളികളിൽ മഹാഭൂരിപക്ഷവും കേന്ദ്രീകരിച്ചിരിക്കുന്നത് പരമ്പരാഗത മേഖലകളിലാണ്. തൊഴിലിന്റെ സ്വഭാവം അനുസരിച്ച് ഈ മേഖലയെ മൂന്നായി തരം തിരിക്കാം കുടിൽ, ചെറുകിട ഫാക്ടറി - അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവ. വിരലിലെണ്ണാവുന്ന ആധുനിക വ്യവസായ സ്ഥാപനങ്ങൾ മാത്രമെ നമുക്കുള്ളൂ. ഇവ തന്നെ സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങളാണ്. പട്ടിക - (2.1.1)

പരമ്പരാഗത മേഖലകളിലൊന്നായ കുടിൽ വ്യവസായം തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട കുടിൽ വ്യവസായങ്ങൾ പായനെയ്ത്ത്, ബീഡി എന്നിവയാണ്. ബീഡിവ്യവസായരംഗത്ത് പൊതുവിൽ ഉണ്ടായ മാന്ദ്യം, ഇവിടേയും ദൃശ്യമാണ്. മറ്റൊരു കുടിൽ വ്യവസായമായ പായനെയ്ത്ത് കുറേയേറെ കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗംതന്നെയാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം രൂക്ഷമായ ഒരു മേഖലയാണിത്. അസംഘടിതരായ തൊഴിലാളികൾ, അസ്ഥിരമായ വരുമാനം മുതലായ കാരണങ്ങൾ ഈ രംഗത്തെ കൂട്ടമായ ഒഴിച്ചു പോക്കിന് കാരണമാകുന്നു. സാങ്കേതികവിദ്യയിലുള്ള നവീകരണവും ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും വഴി പായനെയ്ത്ത് രംഗത്തെ പുനരുജ്ജീവിപ്പിക്കുവാൻ സാധിക്കും. എങ്കിലും പരമ്പരാഗതമായി ഉപയോഗിച്ചു പോരുന്ന അസംസ്കൃത പദാർത്ഥങ്ങളിലുള്ള

മാറ്റം ഈ രംഗത്ത് അനിവാര്യമാണ്.

മറ്റൊരു പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ വളരെ കുറച്ച്പേർ മാത്രമെ ജോലിചെയ്യുന്നുള്ളു. സംഘടിതരായ വളരെയധികം തൊഴിലാളികൾ ഈ മേഖലയിൽ ജോലിചെയ്തിരുന്നുവെങ്കിലും ഇന്ന് ഈ രംഗത്ത് തുടരുന്ന തൊഴിലാളികൾ കുറഞ്ഞു വന്നിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണികളിൽപോലും വമ്പിച്ച സാധ്യതയു ണ്ടെന്നുള്ളതും കേരളത്തിലെ മുൻനിരയിലുള്ള കൈത്തറി സഹകരണ സംഘമായ കാഞ്ഞി രോട് വിവേഴ്സ് സൊസൈറ്റി പഞ്ചായത്തി ന്റെ സമീപത്താണെന്നുള്ളത്. ഈ പരമ്പരാഗത മേഖലയിൽ ഉണർവ്വ് ഉണ്ടാക്കേണ്ടതായിരുന്നു. ഈ മേഖലയിലെ തൊഴിൽ അറിയാവുന്ന പലരും മറ്റുമേഖലകളിലേക്ക് കുടിയേറി പ്പാർക്കുന്നു. തങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള തൊഴിലാളികളുടെ അഭിവാഞ്ച കെട്ടിനിർമ്മാണ മേഖലയിലൂടെ നിറവേറ്റ പ്പെടുകയാണ്. ഇല്ലാത്ത ക്ഷമത ഉയർത്തി കൊണ്ട് കൂലിയും തൊഴിൽ അവസരവും ഉയർത്താൻ സാധിക്കുമെന്നതിനാൽ പ്രാദേശിക ആസൂത്രണവും ജനകീയ ഇടപെടലും ഈ രംഗത്ത് വിജയപ്രദമാണ്. കൈത്തറി രംഗത്തെ പ്രധാന പ്രശ്നം പുതിയ തലമുറയെ ആകർഷി ക്കുന്നില്ല എന്നതാണ്. അഭ്യസ്തവിദ്യരായ ഭൂരിഭാഗ യുവജനങ്ങളും സ്ഥായിയല്ലാത്ത തൊഴിൽ മേഖലയായ നിർമ്മാണ പ്രവർത്തന ങ്ങളിൽ ആഭിമുഖ്യം കാണിക്കുമ്പോൾ മെച്ചപ്പെട്ട കൂലിനിരക്കുള്ള കൈത്തറി ശാലകൾ വേണ്ടത്ര തൊഴിലാളികൾ ഇല്ലാത്തതിനാൽ അടച്ചു പൂട്ടപ്പെടുന്നു. കൈത്തറി രംഗത്ത് യുവജന ങ്ങൾക്ക് പരിശീലനം നൽകുന്ന യാതൊരു സംവിധാനവും നിലവിലില്ല. ട്രൈസം പദ്ധതിയും ശ്രമിക് വിദ്യാഭ്യാസം പോലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയുള്ള കോഴസുകളും വഴി പുതിയ തൊഴിൽ വൈദഗ്ധ്യം ഈ പരമ്പരാഗത മേഖലയിൽ ഉറപ്പുവരുത്താൻ സാധിക്കും.

മാനേജുമെൻറ് മേഖലയിലുള്ള ഒരു പവർലൂം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 22തൊഴിലാളികൾ ജോലിചെയ്യുന്ന ഈ സ്ഥാപനത്തിൽ പരോക്ഷമായി 15സ്ത്രീകളും ജോലിചെയ്യുന്നുണ്ട്.

ഖാദിവ്യവസായ കേന്ദ്രത്തിന്റെ കീഴിൽ ഒരു വനിതാ നെയ്ത്ത് കേന്ദ്രം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ചട്ടുകപ്പാറയിലുള്ള പ്രസ്തുതകേന്ദ്രത്തിൽ 14 സ്ത്രീ തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ട്. മറ്റുമേഖലകളെ അപേക്ഷിച്ച് വേതനം വളരെ കുറവായതിനാൽ ഈ രംഗത്തുനിന്നും തൊഴിലാളികൾ കുറഞ്ഞുപോകുന്ന അവസ്ഥയാണുള്ളത്.

മറ്റൊരു പ്രധാന പരമ്പരാഗത ചെറുകിട വ്യവസായമാണ് കള്ള്ചെത്ത്. ചെക്കിക്കുളം, ചെമ്മാടം പ്രദേശങ്ങളിലാണ് കൂടിതൽ തൊഴിലാളികളും കേന്ദ്രീകരിച്ചിരിക്കുന്നത്. ഒരു കാലത്ത് വളരെയധികം ചക്കര ഉൽപാദകർഈ പ്രദേശത്ത് ഉണ്ടായിരുന്നു. ചെക്കിക്കുളം, കുറ്റ്യാട്ടൂർ ആസ്ഥാനമാക്കി ചക്കര ഉൽപാദക സഹകരണ സംഘങ്ങൾ നിലവിലുണ്ടായിരുന്നു എന്നത് ഈ രംഗത്തെ ചരിത്ര വസ്തുതയാണ്. ഒരു വിഭാഗം ജനങ്ങളുടെ സാമ്പത്തിക ഭദ്രത നിലനിർത്താൻ കള്ളിൽനിന്നുള്ള ചക്കര ഉൽപാദനം കൊണ്ട് സാധിച്ചിരുന്നു. കാലക്രമേണ ഈ വ്യവസായം ക്ഷയിച്ചുവരി കയാണുണ്ടായത്. അതിനുള്ള കാരണങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. സഹകരണാടി സ്ഥാനത്തിലുള്ള കള്ള്ചെത്ത്, വ്യവ,ആയ സംഘങ്ങൾ നിലവിലുള്ളതിനാൽ തൊഴിലാ ളികൾ അമിതമായി ചൂഷണം ചെയ്യപ്പെടുന്നു അവസ്ഥയാണ് ഇന്നുള്ളത്. കള്ള്ചെത്ത് രംഗത്ത് യുവതലമുറയെ ആകർഷിക്കണ മെങ്കിൽ വ്യവസായികമായി ഈ ഉൽപ്പന്നം പ്രയോജനപ്പെടുത്തണം.

കരിങ്കൽ ചെങ്കൽ വ്യവസായ മേഖല യാണ് പഞ്ചായത്തിലെ മഹാഭൂരിപക്ഷം. വ്യവസായ തൊഴിലാളികളുടേയും ജീവനാഡി. കരിങ്കൽ വ്യവസായരംഗത്ത് നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘം നിലവിലുണ്ട്. വൻതോതിൽ കെട്ടിനിർമ്മാണം

നടക്കുന്ന സാഹചര്യം നിലനിൽക്കു ന്നതിനാൽ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. എന്നാലും കരിങ്കൽ ക്വാറികളിൽഭൂരിപക്ഷവും സഹകരണ മേഖലയിലില്ല പ്രവർത്തിക്കുന്നത് എന്നത് കൊണ്ട് തന്നെ തൊഴിലാളികൾക്ക് ജീവിത സാഹചര്യത്തിനനുസരിച്ചിട്ടുള്ള മെച്ചപ്പെട്ട കൂലിനിരക്ക് ലഭിക്കുന്നില്ല. ഈ രംഗത്തുള്ള യന്ത്രവൽക്കരണം തൊഴിലാളികൾക്ക് ദോഷം ചെയ്യുന്നുണ്ടെങ്കിലും ക്വാറിഉടമകൾക്ക് വമ്പിച്ച ലാഭം ഉണ്ടാക്കി കൊടുക്കുന്നു. കരിങ്കൽ വ്യവസായ രംഗത്ത് സഹകരണ യൂനിറ്റുകൾ ആരംഭിച്ചാൽ തൊഴിലാളികൾക്ക് കൂടുതൽ കൂലിനിരക്കും ആനുകൂല്യങ്ങളും ലഭിക്കാൻ ഇടയാകും. കരിങ്കൽ വ്യവസായ രംഗത്ത് ജോലിചെയ്തുവരുന്ന തൊഴിലാളികളുടെ എണ്ണം പട്ടിക 2.1.2ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക (2-1-2) കുറ്റ്യാട്ടൂർ പഞ്ചായത്തിലെ വ്യവസായങ്ങളും തൊഴിലാളികളും

നമ്പർ	വ്യവസായം	തൊഴിവാളികളുടെ എണ്ണം	വ്യവസായ തൊഴിലാളികളിൽ എത്ര ശതമാനം
1	കരിങ്കൽ	877	38.39
2.	ചെങ്കൽ	783	34.28
3.	ബീഡി	17	0.74
4.	ചെത്ത്	98	4.29
5.	നിർമ്മാണം	200	8.75
6.	കാർപെൻറി	175	7.66
7.	ഖാദി	14	0.61
8.	കൈത്തറി	35	1.53
9.	എൻജീനിയറിംങ്ങ്	20	0.87
10.	ആധുനിക വ്യവസായം	8	0.35
11.	മറ്റ് ചെറുകിട യൂനിറ്റുകൾ	12	0.52
12.	ഡി.ഡബ്ല്യു.സി.ആർ.എ യൂനിറ്റുകൾ	45	1.97

പട്ടിക (2-1-1) പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ

നമ്പ്ര്	വ്യവസായ സ്ഥാപനങ്ങൾ	എണ്ണം	തൊഴിലാളികളുടെ എണ്ണം
1	റൈസ് ആൻറ് ഫ്ലവർ മിൽ	5	5
2	ഓയിൽ മിൽ	1	3
3	സോമിൽ	1	5
4	എൻജീനിയറിങ്ങ് ആൻറ് ഓട്ടോ മൊബൈൽ ഇൻറസ്ട്രി	6	20
5	പവർലൂം	1	18
6	ഖാദി നെയ്ത്ത് കേന്ദ്രം(വനിത)	1	14
7	റബ്ബർ ഇൻറസ്ട്രി	1	8

വൻതോതിൽ വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മരത്തിന്റെ ദൗർലഭ്യം ഇന്നൊരു പ്രശ്നമാണ്. സിമൻറ് ഉപയോഗിച്ചുകൊണ്ടുള്ള കട്ടിള, ജനൽ, മുതലായവയുടെ നിർമ്മാണത്തിന് വമ്പിച്ച സാദ്ധ്യതയാണുള്ളത്. ഇത്തരം ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ കരിങ്കൽ, പൂഴി, എന്നിവ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സുലഭമായി ലഭിക്കുന്നു. ഈ അസംസ്കൃത വസ്തുക്കൾ വ്യവസായികമായി പ്രയോജനപ്പെടുപ്പെടുത്തുന്നതിനായി സഹകരണാടിസ്ഥാനത്തിൽ വ്യവസായിക യൂനിറ്റുകൾ തുടങ്ങാവുന്നതാണ്. സിമൻറ് ബ്ലോക്ക് ഇലക്ട്രിക് പോസ്റ്റ് നിർമ്മാണവും ഈ രീതിയിൽ നടത്താവുന്നതാണ്.

ചെങ്കൽ വ്യവസായ രംഗം പഞ്ചായത്തിലെ ഭൂരിഭാഗം യുവാക്കളുടേയും തൊഴിൽ മേഖലയാണ് ഈ രംഗത്ത് സ്ത്രീ തൊഴിലാളികളടക്കം 783പേർ ജോലിചെയ്തുവരുന്നു. മെച്ചപ്പെട്ട കൂലിനിരക്ക് നിലവിലുണ്ടെങ്കിലും ഇതൊരു സ്ഥായിയായ തൊഴിലാണെന്ന് പറയാൻ നിർവ്വാഹമില്ല. ചെങ്കൽ ലഭ്യമായ സ്ഥലപരിമിതിയാണ് ഈ വ്യവസായത്തിന്റെ സ്ഥിരതക്ക് ഭീഷണിയായി നിലനിൽക്കുന്നത്. കരിങ്കല്ലിന്റെ ഗുണനിലവാരതകർച്ചയും വ്യപകമായ യന്ത്രവൽക്കരണവും ഈ വ്യവസായത്തിന്റെ തകർച്ചക്ക് ആക്കം കൂട്ടുന്നു. ഇഷ്ടിക നിർമ്മാണം പോലുള്ള അനുബന്ധ മേഖല കളിലേക്ക് ഭൂരിപക്ഷം യുവാക്കളടങ്ങിയ ഈ തൊഴിൽ ശക്തിയെ പുനരധിവസിപ്പിക്കേണ്ടത് യുവത്വത്തിന്റെ കർമ്മ ശേഷിയ ഫലപ്രദമായി ഉപയോഗിക്കു ന്നതിന് സഹായകമാകും.

ഡി.ഡബ്ല്യു.സി.ആർ.എ സ്കീം അനുസരിച്ച് പ്രവർത്തിക്കുന്ന നാല് വ്യവസായ യൂനിറ്റുകൾ പഞ്ചായത്തിലുണ്ട്. ഇതിൽ ഒരെണ്ണം ഗാർമെൻറ്സ് രംഗത്തും മുനെണ്ണം. ജല്ലിനിർമ്മാണയൂനിറ്റുകളായും പ്രവർത്തിച്ചുവരുന്നു. വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി പഞ്ചായത്തില എല്ലാവാർഡുകളിലും ഡി.ഡബ്ല്യു.സി.ആർ.എ യൂനിറ്റുകൾ ആരംഭിക്കേണ്ടതാണ്. ഇത്തരം ഒരു സ്കീമിനെ കുറിച്ച് സ്ത്രീജനങ്ങൾ ബോധവാൻമാരല്ല എന്നതാണ് പ്രധാന പ്രശ്നം.

കേരളത്തിലെ മാത്രമല്ല, മറ്റ്സംസ്ഥാനങ്ങളിലൊ വിപണികളിൽ പോലും പ്രസിദ്ധിയാർജ്ജിച്ച കുറ്റ്യാട്ടൂർ മാങ്ങ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. ഇതിന്റെ ശാസ്ത്രീയമായ സസ്ക്കരണം വളരെയേറെ തൊഴിൽ സാദ്ധ്യയുണ്ടാക്കുന്ന ഒന്നാണ്. കശുമാങ്ങ, നാളികേരം, ചക്കപ്പഴം, പഴം, പച്ചക്കറി, മരച്ചീനി എന്നിവ ഉപയോഗിച്ച് കൊണ്ടുള്ള ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുള്ള ഒരു പ്രദേശമാണ് നമ്മുടേത്. ജനങ്ങളുടെ സംഘടിത പ്രവർത്തനം വ്യവസായ സഹകരണ യൂനിറ്റുകൾ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ കൂട്ടായ സഹകരണത്തിൽ പ്രവർത്തിക്കാവുന്ന 'മാതൃ അനുബന്ധ വ്യവസായ മാതൃക' ഈ രംഗത്ത് സ്വീകരിക്കാവുന്നതാണ്.

ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപാദിപ്പിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കുറ്റ്യാട്ടൂർ. കശുവണ്ടി സംസ്ക്കരണ ഫാക്ടറിക്കുള്ള സാധ്യതപോലെ തന്നെ കശുമാങ്ങ ഉപയോഗിച്ചുകൊണ്ടുള്ള പാനീയ നിർമ്മാണവും വിജയപ്രദമായിരിക്കും. കശുവണ്ടിപോലെതന്നെ കശുമാങ്ങയും ഉൽപന്നമാക്കി മാറ്റാനും സാധിക്കും. പ്രത്യക്ഷമായും പരോക്ഷമായും വളരെയേറെ പേർക്ക് തൊഴിൽ ലഭിക്കുന്നതിനോടൊപ്പം കശുവണ്ടി കർഷകനുള്ള പ്രോത്സാഹനവും കൂടിയായിരിക്കും ഇത്. വ്യവസായിക അടിസ്ഥാനത്തിൽ വാഴനാര് ഉപയോഗിച്ചുകൊണ്ടുള്ള നൂൽ ഉൽപാദനം കവുങ്ങിൻ പാള ഉപയോഗിച്ചുകൊണ്ടു ള്ള 'ഡിസ്പോസിബിൾ പ്ലേറ്റ്' നിർമ്മാണം മുതലായ ഐ.ആർ.ഡി.പി. വ്യവസായയൂനിറ്റുകളായി ആരംഭിക്കുവാൻ ശക്തിയായി ഇടപെടേണ്ടതാണ്.

കാർഷിക സംസ്ക്കരണ വ്യവസായങ്ങൾക്ക് ഒട്ടേറെ സാദ്ധ്യതകൾ ഈ പ്രദേശത്ത് ഉള്ളതിനാൽ പഞ്ചായത്ത് തല മിനി ഇൻറസ്ട്രിയൽഎസ്റ്റേറ്റുകൾ എന്ന ആശയം പ്രസക്തമാണ്. പഞ്ചായത്ത് മുതൽമുടക്കിൽ വ്യവസായ കോംപ്ലക്സുകൾ സ്ഥാപിക്കുകയും അടിസ്ഥാനസൗകര്യങ്ങളായ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കുകയും വേണം. പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുടക്കുമുതൽ ചെലവഴിക്കുകയും അസംസ്കൃത വസ്തുക്കൾ വാങ്ങാൻ മൂലധനമില്ലാതെ വിഷമിക്കുകയും ചെയ്യുന്ന. ചെറുകിട വ്യവസായ സംരഭ കർക്ക് ഇത് സഹായകരമായിരിക്കും.

കേരളത്തിലെ മറ്റെല്ലാ സ്ഥാപനങ്ങളിലുമെന്നപോലെ വിദേശ മലയാളികളുടെ എണ്ണം ഈ പഞ്ചായത്തിലും വളരെയേറെ കൂടുതലാണ്. ഇവരുടെ വമ്പിച്ച നിക്ഷേപം ഭവന നിർമ്മാണത്തിനും അന്യസംസ്ഥാനങ്ങളിലും ചിലവഴിക്കാതെ വ്യവസായ കോംപ്ലക്സുകൾക്കും ചെറുകിട വ്യവസായ സംരഭങ്ങൾക്കും ഉപയുക്തമാക്കേണ്ടതാണ്. ഇതോടൊപ്പം വിദേശമലയാളികളുടെ പുനരധിവാസം ഏറെക്കുറെ പരിഹരിക്കുവാൻ സാധിക്കും.

ആധുനിക വ്യവസായ ശാലകളിൽ പ്രധാനമായും റബ്ബർ അടിസ്ഥാനവ്യവസായങ്ങളാണ് നിലവിലുള്ളത്.എഞ്ചിനീയറിങ്ങ്, ഓട്ടോമൊബൈൽ, വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. (പട്ടിക) ആധുനിക വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ കടന്നുവരാതിരിക്കാൻ കാരണം അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയെ കുറിച്ചുള്ള അറിവില്ലായ്മയുമാണ്.

ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1, കൈത്തറി, കള്ള്ചെത്ത്, പായനെയ്ത്ത്, ബീഡി മുതലായ പരമ്പരാഗതവ്യവസായങ്ങൾ തകർച്ചയെ നേരിടുകയാണ്.

2. കൈത്തറിരംഗത്തുള്ള തൊഴിലാളികൾ മറ്റുമേഖലകളിലേക്ക് കൂടിയേറുന്നു.

3. കൈത്തറി രംഗത്ത് യുവതലമുറക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങളില്ല.

4. കൈത്തറി മേഖലയിൽ ഉണ്ടായിരുന്ന നെയ്ത് ശാലകൾ പ്രവർത്തിക്കുന്നില്ല.

5 ചെങ്കൽ, കരിങ്കൽ മേഖലയിലെ യന്ത്രവൽക്കരണം തൊഴിലില്ലായ്മയ്ക്ക് കാരണമാകുന്നു.

6. ചെങ്കൽ, കരിങ്കൽ തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണം ലഭിക്കുന്നില്ല.

7. കരിങ്കൽ മേഖലയിൽ കൂടുതൽ തൊഴിലാളികൾ പ്രവേശിക്കുന്നില്ല.

8. ചെങ്കല്ലിൻെറ ഗുണനിലവാര തകർച്ച ഈ വ്യവസായത്തെ സാരമായി ബാധിക്കുന്നു.

9. കരിങ്കൽ മേഖലയിലെ കൂലിനിരക്ക് മറ്റ് മേഖലകളെ അനുസരിച്ച്, കുറവാണ്. പുരുഷ സ്ത്രീ തൊഴിലാളികളുടെ കൂലിനിരയ്ക്കിലുള്ള അന്തരം കൂടുതലാണ്.

10. പൂഴി, കരിങ്കൽ മുതലായവ ധാരാളം ലഭിക്കുന്നുണ്ടെങ്കിലും വ്യവസായികമായി പ്രയോജനപ്പെടുത്തുന്നില്ല.

11. മുഖ്യകാർഷിക ഉൽപ്പന്നമായ കുറ്റ്യാട്ടൂർ മാങ്ങ കശുമാങ്ങ എന്നിവ വ്യവസായികമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

12. കശുവണ്ടിയുടെ ഉൽപാദനം കുറഞ്ഞുവരുന്നു.

13. പഴം, പച്ചക്കറി എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

14. കുടിൽ വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല.

15. വനിതകൾക്ക് തൊഴിലവസരം വളരെ കുറവാണ്.

16. അംഗീകരിച്ച ക്ഷീരവ്യവസായയൂനിറ്റില്ല.

17. ചെറുകിട വ്യവസായ സംരഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാനദണ്ഡം ശരിയായ രീതിയിലല്ല.

18. വ്യവസായിക സംരഭകർ ഈ പ്രദേശത്ത് താൽപര്യം പ്രകടിപ്പിക്കുന്നില്ല.

19.സാങ്കേതിക പരിശീലനം കഴിച്ചവർക്ക് തൊഴിൽ നൽകാനുള്ള സാഹചര്യം ഇല്ല.

20. സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്ത് പരിധിയിൽ ഇല്ല.

സാദ്ധ്യതകൾ

□ പരമ്പരാഗത വ്യവസായ രംഗത്ത് തൊഴിൽ പരിശീലനം ഏർപ്പെടുത്തുക വഴി തൊഴിൽ വൈദഗ്ധ്യം ഉറപ്പുവരുത്തുക

□ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരിക്കുക

□ വ്യവസായ സംരഭകർക്ക് പരിശീലനം ഏർപ്പെടുത്തുക.

□ പൂഴി, കരിങ്കൽ, ചെങ്കൽ എന്നീ അസംസ്കൃത വസ്തുക്കൾ വ്യവസായികമായി പ്രയോജനപ്പെടുത്തുന്നതിനായി സഹകരണ മേഖലകളിൽ വ്യവസായ യൂനിറ്റുകൾ ആരംഭിക്കുക.

□ പഞ്ചായത്ത് തല ഇൻറസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

□ കാർഷിക ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാൻ വ്യാവസായ യൂനിറ്റുകൾ ആരംഭിക്കുക.

□ പഞ്ചായത്തിലെ അസംസ്കൃതവസ്തുക്കളുടെ ലഭ്യതയെ കുറിച്ച് പഠനം നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക.

□ സഹകരണ ബാങ്കുകളുടെ നിക്ഷേപം വ്യവസായ സംരഭങ്ങൾക്ക് പ്രയോജനപ്പെടുത്തുക

□ പ്ലാസ്റ്റിക് ബേഗ്, വയർ തുങ്ങിയവ ഉണ്ടാക്കുന്ന യൂനിറ്റുകൾ

ഊർജ്ജം

വാണിജ്യ ഇന്ധനങ്ങളെ അപേക്ഷിച്ച് വിറക്, തെങ്ങുൽപ്പന്നങ്ങൾ, ചപ്പുചവറുകൾ എന്നീ ഊർജ്ജസ്രോതസ്സുകൾ വ്യാപകമായി ഉപയോഗിക്കുന്ന പ്രദേശമാണ് നമ്മുടേത്. പഞ്ചായത്തിലെ മൊത്തം ഊർജ്ജ ഉപഭോഗ മേഖലയെ ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ നാലായി തരം തിരിക്കണം. ഗാർഹീക മേഖലയെ അപേക്ഷിച്ച് നാമമാത്രമായ ഇന്ധന ഉപഭോഗം മാത്രമേ മറ്റുള്ളമേഖലകളിലുള്ളു.

ഊർജ്ജഉപഭോഗത്തിൻെറ മേഖലകളെ ഓരോന്നായി എടുത്ത് പരിശോധിച്ചാൽ കാർഷികമേഖലയിൽ ഉപയുക്തമാക്കുന്ന ഊർജ്ജം പ്രധാനമായും മനുഷ്യാധ്വാനവും കന്നുകാലികളും തന്നെയാണെന്ന് കാണാം. ചുരുക്കം ചില പ്രദേശങ്ങളിൽ ടില്ലറുകൾ ഉപയോഗിക്കുന്നുണ്ട്. വാണിജ്യ ഇന്ധനങ്ങളിൽ ഉപയോഗിച്ച് പമ്പ് സെറ്റ് ഉപയോഗിക്കുന്നുണ്ടെങ്കിലും വൈദ്യുതി എത്താത്ത മേഖലകളിൽ ചെലവേറിയ പെട്രോൾ, മണ്ണെണ്ണ പമ്പ് സെറ്റുകളെ ആശ്രയിക്കേണ്ടിവരുന്നു. വാണിജ്യമേഖലയിലിലെ മുഖ്യ ഊർജ്ജ ഉപഭോഗം വെളിച്ചത്തിനായിട്ടുള്ളതിനാൽ ഇവിടെയും വൈദ്യുതിയാണ് പ്രധാന ഊർജ്ജം എന്നു കാണാം. വാണിജ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 220എണ്ണം വൈദ്യുതി ഉപയോഗിക്കുന്നവയാണ്. വൻകിട വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെ നിലവിലില്ലാത്തതിനാൽ തുച്ഛമായ ഊർജ്ജ ഉപഭോഗം മാത്രമെ ഈ രംഗത്തുള്ളു. കേവലം 16 ചെറുകിട വ്യവസായ സ്ഥാപന ങ്ങൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. ഇവ മുഖ്യ മായും വൈദ്യുതിയെ ആശ്രയിച്ച് പ്രവർത്തിക്കുന്നവയാണ്. മനുഷ്യാധ്വാനം മാത്രം കൈമുതലായുള്ള വ്യവസായം ഏറെയുള്ളതിനാൽ വാണിജ്യ ഇന്ധനങ്ങളെ ഒരു പരിധിവരെ ആശ്രയിക്കേണ്ടിവരുന്നില്ല.

ഗാർഹീകമേഖലയിൽ ചപ്പുചവറുകളും ജൈവാവശിഷ്ടങ്ങളും ഇന്ധനമായി ഉപയോഗിക്കുന്ന താഴ്ന്ന വരുമാനക്കാരാണ് ഏറെയും. വൈദ്യുതീകരണം നടക്കാത്ത മേഖലകളിൽ വെളിച്ചത്തിനായി മണ്ണെണ്ണയാണ് ഉപയോഗിച്ചുവരുന്നത്. ഭക്ഷണം പാകം ചെയ്യുന്നതിന് വിറകുൽപ്പന്നങ്ങളെ ആശ്രയിക്കുന്നു. ഇവ സുലഭമായി ലഭിക്കുന്നതിനാൽ തീരെ കാര്യക്ഷമമല്ലാത്തരീതിയിലാണ് ഉപയോഗിച്ചുവരുന്നത്. ഇടത്തരം സാമ്പത്തിക

സ്ഥിതിയുള്ള വീടുകളിൽ പാചക ഇന്ധനമായി മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. ചില സമ്പന്ന ഗൃഹങ്ങളിൽ പാചകവാതകവും ഉപയോഗിക്കുന്നു. 50ൽ താഴെ വീടുകളിൽ മാത്രമെ പാചകവാതകം പ്രയോജനപ്പെടുത്തുന്നുള്ളൂ. ഗതാഗതസൗകര്യം കുറവായത് കാരണം പാചക വാതക വിതരണത്തെ ബാധിക്കുന്നുണ്ട്.

മാങ്ങാട്, മുണ്ടയാട് എന്നിവിടങ്ങളിലുള്ള രണ്ട് 110 കെ. വി. സബ്സ്റ്റേഷനുകളുടെ പരിധിയിലാണ് കുറ്റ്യാട്ടൂർ പഞ്ചായത്ത്. അതുപോലെ ഏച്ചൂർ, മയ്യിൽ എന്നീസ്ഥലങ്ങളിലുള്ള രണ്ട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടേയും കീഴിലാണ് ഈ പ്രദേശത്തിലെ മുഴുവൻ ഉപഭോക്താക്കളും, പഞ്ചായത്തിലെ ഭൂരിപക്ഷം ഉപഭോക്താക്കളും ഏച്ചൂർ സെക്ഷൻ പരിധിയിലാണ്.

പഞ്ചായത്തിലെ ആകെ ഉപഭോക്താക്കൾ 1590ആണ്. ഇതിൽ ഗാർഹിക ഉപഭോക്താക്കളാകട്ടെ 1261എണ്ണവുമാണ് (പട്ടിക-2.2-1) കണക്കുകൾ സൂചിപ്പിക്കുന്നത്. കേവലം 30% വീടുകൾ മാത്രമേ വൈദ്യുതീകിരിച്ചിട്ടുള്ളൂ എന്നാണ്. വൈദ്യുത ഉപഭോഗത്തിന്റെ 80%വും ഗാർഹീക മേഖലയിലാകുമ്പോൾ 2% മാത്രമാണ് കാർഷിക മേഖലയിലെ ഉപഭോഗം..

പഞ്ചായത്തിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതി വൈദ്യുതീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ധാരാളം വീടുകളുള്ള ഒറ്റപ്പെട്ട ഭൂവിഭാഗങ്ങൾ ഈ പ്രദേശത്ത് കൂടുതലുണ്ട്. ഉദാഹരണത്തിന് നിടുകുളം പോലുള്ളഭാഗങ്ങളിൽ നൂറോളം വീടുകൾ ഉണ്ടെങ്കിലും വൈദ്യുതീകരണ പ്രക്രിയയുടെ ആദ്യചുവടുവെപ്പുകൾ പോലും നടത്തിയിട്ടില്ല. ഇത്തരം പ്രദേശങ്ങളിൽ മിനിമം ഗ്യാരണ്ടി സ്കീമിൽ വൈദ്യുതി എത്തിക്കാൻ ജനകീയ ഇടപെടലുകൾക്കൊപ്പം പ്രാദേശിക ഭരണ സംവിധാനങ്ങളും ഉപയുക്തമാക്കേണ്ട താണ്. സാമ്പത്തികമായി അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് വീട് വൈദ്യുതീകരിക്കുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും സഹായം അനുവദിക്കണമെന്ന് ആവശ്യം ഉയർന്നുവരുന്നതും ഇത്തരം സന്ദർഭങ്ങളിലാണ്.

ഏതൊരു പ്രദേശത്തിന്റെയും വികസനമാനദണ്ഡങ്ങളിലൊന്നായ വ്യവസായിക മേഖല നമ്മുടെ പഞ്ചായത്തിലും അത്യന്തം മുരടിച്ചതാണെന്ന് മുമ്പേ സൂചിപ്പിച്ചുവല്ലൊ. കേവലം 9 വ്യവസായിക ഉപഭോക്താക്കൾ മാത്രമേ ഇന്ന് നമുക്കുള്ളൂ. വ്യവസായത്തിന്റെ അടിസ്ഥാനസൗകര്യങ്ങളിലൊന്നായ വൈദ്യുതി ലഭിച്ചിട്ടും സുഗമമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല എന്നതാണ് സത്യം. വോൾട്ടേജ് ക്ഷാമവും അപ്രഖ്യാപിത കട്ടുകളും കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. കാർഷികമേഖലയിൽ കൂടുതലായി കണക്ഷൻ ലഭിച്ചിട്ടുണ്ടെങ്കിലും ഈ കണക്ഷനുകൾ ഭൂരിഭാഗവും കാർഷിക ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതല്ല, മറിച്ച് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനായി ഉപയോഗിച്ച കുറുക്കുവഴിയാണ്. കാർഷിക കണക്ഷനുകൾപോലും ലഭിക്കാനുള്ള കാലതാമസം വളരെ കൂടുതലാണ്.

പഞ്ചായത്തിലെ ഉപഭോക്താക്കൾ രണ്ട് സബ്സ്റ്റേഷനുകളുടേയും രണ്ട് സെക്ഷൻ ഓഫീസുകളുടേയും പരിധിയിലാണ് പറഞ്ഞുവല്ലൊ. ഏച്ചൂർ സെക്ഷന്റെ പരിധിയിൽ വരുന്ന ഉപഭോക്താക്കൾക്ക് വോൾട്ടേജ് വളരെ കുറവായിരിക്കുമ്പോൾ മയ്യിൽ സെക്ഷനിൽ കൂടിയ വോൾട്ടേജ് ലഭിക്കുന്നു. പരിധിയിൽ കവിഞ്ഞ കണക്ഷനുകൾ ഉള്ള സെക്ഷൻ വിഭജിക്കണമെന്നും മറ്റ് സമീപപഞ്ചായത്തുകൾക്ക് കൂടി ഉപയോഗപ്രദമായ സ്ഥലത്ത് പുതിയ സെക്ഷൻ സ്ഥാപിക്കണമെന്നുമുള്ള ആവശ്യം ഉയർന്ന് വരികയാണ്.

പഞ്ചായത്ത് പരിധിയിലുള്ള ട്രാൻസ് ഫോർമറുകളുടെ ശേഷിയും കണക്ടഡ് ലോഡിനെപ്പറ്റിയുള്ള വിവരങ്ങളും ശേഖരിച്ചതിൽ നിന്ന് മനസിലാക്കാൻ സാധിച്ചത്. എല്ലാട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നുവെന്നതാണ്. വൈകുന്നേരം 6മുതൽ 9വരെയുള്ള വീക്ലോഡ് സമയങ്ങളിൽ യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ കാൽ ഭാഗം വോൾട്ടേജ് പോലും ലഭിക്കുന്നില്ല. 110 വോൾട്ട് ബൾബുകൾ ഉപയോഗിക്കാത്ത വീടുകൾ ഇല്ലെന്നുതന്നെ പറയാം. സ്റ്റെപ്പപ്പ് ട്രാൻസ് ഫോർമറുകൾ ഉപയോഗിക്കുന്നതിന്റെ ഫലമായി ട്രാൻസ്ഫോർമറിൽ നിന്നും അകന്ന് നിൽക്കുന്ന സ്ഥലങ്ങളിൽ 240വാട്ട് ബൾബുകൾ ഉപയോഗിച്ചാൽ പോലും ആവശ്യത്തിനുള്ള വെളിച്ചം ലഭിക്കുന്നില്ല. കൃത്യമായകണക്കുകൾ ഒന്നുംതന്നെ സെക്ഷൻ ഓഫീസുകളിൽ ഇല്ലാത്തതിനാൽ ഓരോ ട്രാൻസ്ഫോർമറിലും ഉള്ള കണക്ടഡ് ലോഡ് എത്രയാണെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. വോൾട്ടേജ് ഇംപ്രൂവ്മെൻറ് വർക്കുകൾ നടത്തുന്നത് തന്നെ കണക്കുകൾ ആസ്പദ മാക്കിയല്ലെന്ന് പറയാം.

പഞ്ചായത്ത് പരിധിയിൽ സൗജന്യ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുണ്ട്. ആകെ 6 കോളനികളിൽ 5എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. (പട്ടിക 2.2.2) പഞ്ചായത്തിന്റെ സാമൂഹിക പുരോഗതിയുടെ ഭാഗമായി മുഴുവൻ ഹരിജൻ ലക്ഷം വീട് കോളനികളിലും വൈദ്യുതി എത്തിക്കേണ്ടത് ആവശ്യമാണ്.

കുറ്റ്യാട്ടൂർ പഞ്ചായത്തിൽ നിരവധി വായനശാലകളും സാംസ്കാരിക സ്ഥാപനങ്ങളുമുണ്ട്. ഇത്തരം സ്ഥാപനങ്ങളുടേയെല്ലാം വൈദ്യുതബില്ലിന്റെ താരീഫ് ഉയർന്നതാണ്. ഗാർഹിക വൈദ്യുതിയുടെ നിരക്കിലെങ്കിലും സാംസ്കാരിക സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കണം. പഞ്ചായത്തിലെ മൊത്തം സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം 154 ആണ്. എല്ലാം തന്നെ ബൾബുകളുമാണ്. കുറ്റ്യാട്ടൂരിന്റെ വിസ്തൃതി കണക്കിലെടുക്കുമ്പോൾ ഇത് തികച്ചും അപര്യാപ്തമാണെന്ന് കാണാം. പഞ്ചായത്ത് പ്രതിമാസം ഈ ഇനത്തിൽ മൊത്തംവരുമാനത്തിന്റെ 5.41 % വിനിയോഗിക്കുന്നുണ്ട്. എങ്കിലും സ്ട്രീറ്റ് ലൈറ്റുകളുടെ നിയന്ത്രത്തിലുള്ള അവ്യക്തതയും ഫ്യൂസായ ബൾബുകൾ യഥാസമയങ്ങളിൽ മാറ്റാത്തതും പ്രസ്തുത സംഖ്യയുടെ സിംഹഭാഗവും പാഴ്ചെലവായി മാറുന്നു. ഭദ്രത കുറഞ്ഞ ബൾബുകൾ മാറ്റി ട്യൂബ്ലൈറ്റുകളും പ്രധാനകവലകളിൽ മെർക്കുറിവേപ്പർ ലാമ്പുകളും സ്ഥാപിക്കുകവഴി ഈ രംഗത്തെ കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ഇത്തരം വിളക്കുകളുടെ മുടക്ക് മുതൽ വളരെ കൂടുതലാണെന്നതിനാൽ സന്നദ്ധസംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയെ പ്രയോജനപ്പെടുത്തുക പ്രസക്തമായ ആശയമാണ്. ഒപ്പംതന്നെ ഇവയുടെ കാര്യമായ പ്രവർത്തനത്തിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരികയും ചെയ്യും.

വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള വൻകിട പദ്ധതികൾക്കുള്ള സാധ്യത വളരെ കുറവാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപ യുക്തമാക്കികൊണ്ടുള്ള ഊർജ്ജോൽ പാദനത്തിന് പ്രാമുഖ്യം നൽകേണ്ടത് ഈ പ്രദേശത്തിന്റെ ആവശ്യകതയാണ്. സൗരോർജ്ജനിലയങ്ങളും കാറ്റിനെ മാത്രം ആശ്രയിക്കുന്ന കാറ്റാടിയന്ത്രങ്ങളും കുറ്റ്യാട്ടൂരിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമാണ്. കാർഷികോല്പന്നങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്ന് ഊർജ്ജോൽപാദനത്തിനായുള്ള നവീന സാങ്കേതിക വിദ്യവളർന്നുവരികയാൽ അത്തരം സാധ്യതകളും വിലയിരുത്തേണ്ടതാണ്. ഊർജ്ജുൽപാദനം പോലെതന്നെ ഊർജ്ജസംരക്ഷണത്തേയും കാണേണ്ടതുണ്ട്. വൈദ്യുതിയുടെ അമിത ഉപഭോഗം കൂടുതലായി കണ്ടുവരുന്നു. ശക്തമായ

ബോധവൽക്കരണം ഈ മേഖലയിൽ നടത്തിയ ഊർജ്ജ സംരക്ഷണ രംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കാൻ സാധിക്കും. ദക്ഷത കൂടിയ വിളക്കുകൾ ഉപയോഗിക്കു കയാണെങ്കിൽ ഗാർഹിക ഉപഭോഗം നാലിലൊന്നായി കുറക്കുവാൻ കഴിയും.

പ്രസരണ വിതരണ നഷ്ടം ഏറെ കൂടുതലാണ്. ദൈർഘ്യമേറിയ വൈദ്യുതി ലൈറ്റുകളും അതിൽ തട്ടിനിൽക്കുന്ന മരച്ചില്ലകളുമ പ്രധാനകാരണമാകുന്നു. മരചില്ലകൾ യഥാകാലം മുറിച്ചുമാറ്റുക'ലൂസ് കോൺട്രാക്റ്റുകൾ' ഇല്ലാതാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ ചെയ്താൽ വിതരണ നഷ്ടം ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്.

മുഖ്യ ഊർജ്ജസ്രോതസ്സുകളുടെ ലഭ്യത പരിശോധിക്കുമ്പോൾ പഞ്ചായത്ത് പ്രദേശങ്ങളിൽ മുഖ്യമായും വാണിജ്യേതര ഇന്ധനങ്ങൾ ആണ് ഉപയോഗിക്കുന്നത്. എന്നതിനാൽ ഇവയുടെ സ്രോതസ്സുകൾ പലവിധമാണെന്ന് കാണാം. വിറകും, തെങ്ങുൽപ്പന്നങ്ങളും പ്രധാനപാചക ഇന്ധനമായി ഉപയോഗിക്കുന്നു. വിറക് വിൽപ്പനകേന്ദ്രങ്ങളോ പാചക വിതരണ ഏജൻസികളോ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഇത്തരം ഇന്ധനങ്ങളുടെ ഉപഭോഗത്തിന്റെ അളവിനെ കുറിച്ചുള്ള യാതൊരു വിവരവും ലഭ്യമല്ല. വാണിജ്യേതര ഇന്ധനങ്ങൾ ശേഖരിച്ചുപ.യോഗിക്കുന്നവരും സ്വന്തം പുരയിടത്തിലോ കൃഷിസ്ഥലത്തേയോ സ്രോതസ്സുകൾ ഉപയോഗിക്കുന്നവരാണ് ഭൂരിപക്ഷവും. ഇത്തരം ഇന്ധനങ്ങൾ വേണ്ടത്ര ഉള്ളതിനാൽ ഉപഭോഗശ്രമത്തിന് യാതൊരു നിയന്ത്രണവും ഉണ്ടായിട്ടില്ല. മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നവരിൽ അധികം പേരും വെളിച്ചത്തിനായാണ് പ്രയോജനപ്പെടുത്തുന്നത്. പാചക ആവശ്യങ്ങൾക്കായി മണ്ണെണ്ണ ഉപയോഗിക്കുന്ന ഇടത്തരക്കാർ കൂടിവരുന്നുണ്ട്. പ്രധാനമായും ഈ ഇന്ധനം റേഷൻ കടകൾ വഴിതന്നെയാണ് വിതരണം ചെയ്തുവരുന്നത്. പെട്രോൾ ഡീസൽ ഒപ്പം മണ്ണെണ്ണയും കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിലും നാമമാത്രമായ ഉപഭോഗം മാത്രമേ പഞ്ചായത്തിലുള്ളൂ.

പാചകത്തിനായി പരമ്പരാഗത രീതിയിലുള്ള മൂന്ന് കല്ല് അടുപ്പുകൾ ഉപയോഗിക്കുന്നവരാണ് മഹാഭൂരിപക്ഷവും. തീരെ കാര്യക്ഷമമല്ലാത്ത ഈ രീതി വഴി വിറകിന്റെ അമിത ഉപയോഗവും ഊർജ്ജ നഷ്ടവും ഉണ്ടാകുന്നു. ക്ഷമതകൂടിയ പരിഷത്ത് അടുപ്പുകൾ ഉപയോഗിക്കുകവഴി വിറകിന്റെ ഉപയോഗം പകുതികണ്ട് കുറയ്ക്കുവാൻ സാധിക്കും എന്ന് തെളിയിച്ച കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. നൂറോളം പരിഷത്ത് അടുപ്പുകൾ വിവിധഭാഗങ്ങളിലായി ഉപയോഗിച്ചുവരുന്നുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിൽ ഉപയോഗക്രമത്തിലുള്ള അജ്ഞത മൂലം ഉപേക്ഷിക്കേണ്ടതായും വന്നിട്ടുണ്ട്. ഇത്തരം അടുപ്പുകൾ അനർട്ടുമായി ബന്ധപ്പെട്ട് സബ്സിഡി നിരക്കിൽ സ്ഥാപിക്കുവാൻ സമഗ്ര പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. അടുപ്പുകൾ സ്ഥാപിക്കുന്നതിന് വിദഗ്ധപരി ശീലനം ലഭിച്ച സെൽഫ് എംപ്ലോയീസ് വർക്കർമാർ നമ്മുടെ പഞ്ചായത്തിലുണ്ട് എന്ന കാര്യം അറിയാതെ പോകുന്നു. സ്കൂളുകൾ, അംഗൻവാടികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിച്ചാൽ ഈ രംഗത്ത് ഒരു മാതൃക സൃഷ്ടിക്കുവാൻ സാധിക്കും. ഗ്രാമങ്ങൾ അതി വേഗം നഗരങ്ങളായും കാടുകൾ വെളിമ്പ്രദേശങ്ങളായും മാറിക്കൊണ്ടിരിക്കുന്ന ആധുനിക യുഗത്തിൽ വിറകിനെ മാത്രം ആശ്രയിക്കുകയും കാര്യക്ഷമമല്ലാത്ത രീതിയിൽ ഉപയോഗിക്കുകയും ചെയ്യുന്നത് ഊർജ്ജപ്രതിസന്ധി സൃഷ്ടിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? ഇക്കാര്യം മുൻകൂട്ടി മനസ്സിലാക്കു

കയും സാമൂഹ്യ വനവൽക്കരണം പോലുള്ള പരിപാടികൾ ആസൂത്രണം ചെയ്യുവാനും നാം ശ്രമിക്കണം.

പട്ടിക (2.2.1) പഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

നമ്പർ			ഏച്ചൂർ സെക്ഷൻ	മയ്യിൽ സെക്ഷൻ	ആകെ
1	നിലവിലുള്ള ഉപഭോക്താക്കൾ	ഗാർഹികം	835	426	1261
		വ്യാപാരം	166	54	220
		വ്യാവസായികം	6	5	11
		കാർഷികം	58	40	98
2.	കണക്ഷൻ ലഭിക്കാൻ	ഓർഡിനറി	107	79	186
	ബാക്കിയുള്ള അപേക്ഷക	ഒ.ടി.പി	0	0	0
	രുടെ എണ്ണം	ഒ.വൈ.ഇ.സി	10	7	17
3	സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം	ബൾബ്(40)	122	32	154
4.	ആകെ വൈദ്യുതീകരിച്ച	പള്ളിയത്ത്	13	39	13
	ഹരിജൻ കോളനികൾ	തരിയേരി	2		2
		വെങ്ങാറമ്പ്	6		6
		ചാളമൂല	9		9
		പാവന്നൂർ		39	39
5	തൻ വർഷത്തെ കണക്ഷൻ	ഓർഡിനറി	21	10	31
		ഒ. ടി. പി	1	0	1
		ഒ. വൈ.ഇ.സി	17	7	24
6.	പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി ട്രാൻസ് ഫോർമറുകളുടെ പേരുകൾ		വേശാശ 100KVA ചെമ്മാടം 100KVA ചെക്കിക്കുളം160KVA കുറ്റ്യാട്ടൂർ 160KVA ചാളമൂല 63KVA	പാവന്നൂർകടവ് 100KVA വെള്ളുവംകോളനി63KVA പഴശ്ശി 63 KVA പാവന്നൂർ ലിഫ്ട് ഇറിഗേഷൻ 63KVA	
7.	സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടക്കുന്ന തുക		1342		1342/-

അവലംബം - ദ്വിതീയ വിവരശേഖരണം

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിരങ്ങൾ

സെക്ഷൻ	വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതീകരണത്തിനുവേണ്ടി കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	സാങ്കേതിക കാരണങ്ങളാൽ വൈദ്യുതി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം	വൈദ്യുതീകരണത്തിനുവേണ്ടി കണ്ടെത്തിയ കുടുംബങ്ങളിൽ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം
	1	പള്ളിയത്ത്	13	-	13
	3	തരിയേരി	2	-	2
	4	വെങ്ങാറമ്പ്	6	-	6
	8	പൊറോലം	ഇല്ല	-	ഇല്ല
	8	വള്ളുവകോളനി	39	-	39
	9	ചാളമൂല	9	-	8
		ആകെ	69		68

(അവലംബം - ദ്വിതീയ വിവരശേഖരണം)

പ്രശ്നങ്ങൾ:

1. അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെ പിറകോട്ട് വലിക്കുന്നു.
2. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും വൈദ്യുതി ഇന്ന് അപ്രാപ്യമാണ്.
3. പ്രധാനപ്പെട്ട കവലകളിലും വഴിയോരങ്ങളിലും തെരുവുവിളക്കുകളില്ല. നിലവിലുള്ളവ കാര്യക്ഷമമല്ല.
4. ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ചുള്ളതല്ല ട്രാൻസ്ഫോർമറുകളുടെ സ്ഥാനക്രമീകരണം.
5. വൈദ്യുത വിതരണശൃംഖലകളിൽ തടസ്സങ്ങളുണ്ടാവുക നിത്യസംഭവമാണ്. ഇത്തരം തടസ്സങ്ങൾ നീക്കാൻ കാലതാമസം നേരിടുന്നു.
6. അനുവദിക്കപ്പെട്ട ട്രാൻസ്ഫോർമറുകൾ പോലും വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷമാണ് സ്ഥാപിക്കുന്നത്.
7. ഇലക്ട്രിക്കൽ സെക്ക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
8. വൈദ്യുതി ചാർജ്ജ് നിശ്ചയിക്കുന്ന സ്ലാബ് സമ്പ്രദായത്തിൽ വളരെയേറെ അപാകതകൾ ഉണ്ട്.
9. അശാസ്ത്രീയ വിതരണ ശൃംഖലമൂലം പ്രസരണ നഷ്ടം ഉണ്ടാകുന്നു.
10. ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല.
11. പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ചു കൊണ്ടുള്ള ഉപകരണങ്ങളെപ്പറ്റി ബോധവാൻമാരല്ല.

സാധ്യതകൾ

1 സൗരോർജ്ജനിലയങ്ങളും കാറ്റാടിപ്പാടങ്ങളും നിർമ്മിക്കുക.
2. വൈദ്യുതി വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുക

3. ട്രാൻസ്ഫോർമറുകളുടെ പുനർസ്ഥാന ക്രമീകരണം നടത്തുക.
4. വൈദ്യുതി ലൈനുകളിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുവാൻ പ്രാദേശിക ഭരണസംവിധാനങ്ങൾ ഉപയോഗിക്കുക.
5. ദക്ഷത കൂടിയ വൈദ്യുത വിളക്കുകൾ പ്രചരിപ്പിക്കുക.
6. ഊർജ്ജലാഭമുള്ള അടുപ്പുകൾ, പാചക ഉപകരണങ്ങൾ എന്നിവ പ്രചരിപ്പിക്കുക
7. കാർഷികാവശിഷ്ടങ്ങൾ ഊർജ്ജോൽപാദനത്തിന് ഉപയോഗിക്കുക.



4

വിദ്യാഭ്യാസം

കുറ്റ്യാട്ടൂരിന്റെ വിദ്യാഭ്യാസ ചരിത്രം പഴമയിൽ നിന്നും പുതുമയിലേക്കുള്ള ഈ നാടിന്റെ വികാസപരിണാമ ചരിത്രം കൂടിയാണ്. സ്വാതന്ത്ര്യ ലബ്ധിക്ക് അനേകം വർഷം മുൻപ് ജന്മിത്തവും നാടുവാഴിത്തവും കൊടികുത്തിവാണിരുന്നു. ഈ മണ്ണിൽ വിദ്യാഭ്യാസം ഉപരിവർഗ്ഗത്തിന് മാത്രമെ പ്രാപ്യമായിരുന്നുള്ളു. മണ്ണിൽ പണിയെടുക്കുന്ന കർഷകതൊഴിലാളികളുൾപ്പെടെ സാധാരണക്കാർക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ ചൊല്ലികൊടുത്ത നാട്ടെഴുത്തച്ഛന്മാരും കുടി പള്ളിക്കൂടങ്ങളും കുറ്റ്യാട്ടൂരിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. മുണ്ടേരിയിൽ നിന്ന് ചെക്കികുളത്തു വന്ന് കുടിപ്പള്ളിക്കൂടം നടത്തിയ നാരായണൻ മാസ്റ്ററും മാണിയൂരമ്പലത്തിന് സമീപം പീടിക തിണ്ണയിൽ വെച്ച് കുട്ടികളെ എഴുത്ത് പഠിപ്പിച്ച രാമൻഗുരുക്കളും ഇവരിൽ ചിലർ മാത്രം. തണ്ടപ്പുറത്ത് പ്രവർത്തിച്ചിരുന്ന 'വാര്യർ സ്കൂൾ' പോലുള്ള സ്കൂളുകൾ ഡിസ്ട്രിക്ട് ബോർഡ് സ്കൂളുകളായും പിന്നീട് ഇന്നത്തെ സ്കൂളുകളായും മാറിയിട്ടുണ്ട്. ജന്മിത്തത്തിന് എതിരായ സമരങ്ങൾക്ക് നേതൃത്വം നൽകിയ മഹാരഥന്മാർ കുറ്റ്യാട്ടൂരിന്റെ പല ഭാഗങ്ങളിലും വായനശാലകളും കുടിപ്പള്ളി കൂടങ്ങളും നടത്തി ഇവുടുത്തെ സാധരണക്കാർക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്ന് കൊടുത്തിട്ടുണ്ട്.

1918-ൽ വേശാലയിൽ സ്ഥാപിച്ച വേശാല എൽ.പി സ്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ (ആദിദ്രാവിഡർ) കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഈ നൂറ്റാണ്ടിന്റെ ആദ്യം തന്നെ സ്ഥാപിതമായ ആദിദ്രാവിഡ സ്കൂളാണ് ഇന്നത്തെ മണിയൂർ സെൻട്രൽ എൽ.പി. സ്കൂൾ. കുറ്റ്യാട്ടൂരിന്റെ പലഭാഗങ്ങളിലും

ഉണ്ടായിരുന്ന കുടിപ്പള്ളികൂടങ്ങളുടെ തുടർച്ചയായാണ് ഇന്ന് കാണുന്ന എല്ലാ സ്കൂളുകളും ഉണ്ടായിട്ടുള്ളത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് 1981-നു മുമ്പ് മയ്യിൽ, കൂടാളി, പട്ടാനൂർ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലെ സ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. 1981-ൽ ചട്ടുകപ്പാറ ഗവ: ഹൈസ്കൂൾ സ്ഥാപിതമായതോടെ കുറ്റ്യാട്ടൂരിലെ വിദ്യാഭ്യാസപുരോഗതിയുടെ ഒരു വാതായനം കൂടി തുറക്കുകയായിരുന്നു. ഇത് മാത്രമാണ് പഞ്ചായത്തിലുള്ള ഏക ഹൈസ്കൂൾ.

ആകെയുള്ള 13 സ്കൂളുകളിൽ ഒരു ഹൈസ്കൂൾ, രണ്ട് യു.പി.സ്കൂൾ, പത്ത് എൽ.പി.സ്കൂൾ എന്നിവ ഉൾപ്പെടുന്നു. 5 എൽ.പി സ്കൂളുകളിൽ 50തരം വരെഉണ്ട്. പ്രീപ്രൈമറി വിദ്യാഭ്യസത്തിനുള്ള സൗകര്യ. എന്നനിലയിൽ 23 അംഗൻവാടികളും ചട്ടുകപ്പാറയിൽ ഒരു ഇംഗ്ലീഷ്മീഡിയം നഴ്സറിസ്കൂളും പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല.

1990ലെ സമ്പൂർണ്ണസാക്ഷരതാ യജ്ഞത്തിൽ കുറ്റ്യാട്ടൂർ പഞ്ചായത്തിന്റെ പ്രവർത്തനം മികവുറ്റതായിരുന്നു. പഞ്ചായത്തിലെ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ പ്രവർത്തകരെല്ലാവരും കൈകോർത്തുകൊണ്ട് നടത്തിയ ആ പ്രവർത്തനം ചരിത്രത്തിൽ ഒരു മായാത്ത അദ്ധ്യായമായി നിലനിൽക്കുന്നു.

'13' സ്കൂളുകളിലായി '4609' വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ '2344' ആൺകുട്ടികളും '2265' പെൺകുട്ടികളുമാണ്.

കുട്ടികളെ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

പട്ടിക – 1

ക്രമ നമ്പർ	സ്കൂളിന്റെ പേര്	എൽ.പി.വിഭാഗം			യു.പി.വിഭാഗം			ഹൈസ്കൂൾ വിഭാഗം			ആകെ എസ്.സി/എസ്.ടികുട്ടികൾ						അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	പെൺ	ആൺ	ആകെ
1	രാധാകൃഷ്ണ എ.യു.പി.സ്കൂൾ	212	177	389	230	241	471	-	-	-	442	418	860	13	13	26	15	17	32
2	കുറ്റ്യാട്ടൂർ എ.യു.പി.സ്കൂൾ	108	113	221	226	212	438				334	325	659	5	4	9	17	10	27
3	മാണിയൂർ സെൻട്രൽ എൽ.പി.സ്കൂൾ	145	111	256	59	46	105				204	157	361	8	1	9	5	7	12
4	ഭഗവതി വിലാസം എൽ. പി സ്കൂൾ	96	92	188	27	30	57				123	122	245	6	11	17	5	4	9
5	തണ്ടപ്പുറം എൽ പി സ്കൂൾ	53	51	104							53	51	104	1	-	1	1	4	5
6	വേശാല എഎൽ പി സ്കൂൾ	72	57	129							72	57	129				2	3	5
7	വേശാല ഈസ്റ്റ് എൽ പി സ്കൂൾ	57	52	109	-	-	-				57	52	109	2	-	2	2	3	5
8	കുറ്റ്യാട്ടൂർ ഈസ്റ്റ് എൽ പി സ്കൂൾ	54	51	105							54	51	105	2	4	6	2	3	5
9	കുറ്റ്യാട്ടൂർ എഎൽ പി സ്കൂൾ	121	117	238	36	27	63				157	144	301	11	2	13	4	7	11
10	കുറ്റ്യാട്ടൂർ സൗത്ത് എ. എൽ. പി. സ്കൂൾ	49	55	104							49	55	104	1	2	3	2	2	4
11	പാവന്നൂർ എ. എൽ. പി. സ്കൂൾ	78	60	138	31	23	54				109	83	192	12	8	20	1	6	7
12	പഴശ്ശി എ എൽ പി സ്കൂൾ	105	120	225	28	26	54				133	146	279	11	14	25	6	5	11
13	ഗവ: ഹൈസ്കൂൾ,ചട്ടുകപ്പാറ				210	214	424	347	390	737	557	604	1161	23	23	46	12	24	36
	ആകെ	1150	1056	2206	847	819	1666	347	390	737	2344	2265	4609	95	82	177	74	95	169

അടിസ്ഥാനം ദ്വിതീയ വിവര ശേഖരണം

5 വയസ്സ് പൂർത്തിയായ മുഴുവൻ കുട്ടികളേയും സ്കൂളിൽ പ്രവേശിപ്പിക്കുന്നുണ്ടെങ്കിലും കഴിഞ്ഞ 5 വർഷത്തെ പ്രവേശനം പരിശോധിച്ചാൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം പട്ടിക താഴെ ചേർക്കുന്നു.

ക്രമ നമ്പർ	92-93	93-94	94-95	95-96	96-97	
1	120	147	184	181	161	രാധാകൃഷ്ണാ എ. യു.പി സ്കൂൾ
2	158	144	131	177	161	കുറ്റ്യാട്ടൂർ എ.യു.പി.സ്കൂൾ
3	105	64	62	59	68	മാണിയൂർ സെൻട്രൽ എൽ.പി.സ്കൂൾ
4	51	43	65	76	49	ഭഗവതി വിലാസം എൽ.പി.സ്കൂൾ
5	27	26	27	29	28	തണ്ടപ്പുറം എൽ.പി.സ്കൂൾ
6	27	18	31	25	24	വേശാല ഈസ്റ്റ് എൽ.പി.സ്കൂൾ
7	26	27	26	25	25	കുറ്റ്യാട്ടൂർ ഈസ്റ്റ് എൽ.പി.സ്കൂൾ
8	56	61	66	64	61	കുറ്റ്യാട്ടൂർ എ.എൽ.പി.സ്കൂൾ
9	21	23	34	31	26	കുറ്റ്യാട്ടർ സൗത്ത് എൽ.പി.സ്കൂൾ
10	51	29	31	27	49	പാവന്നൂർ എൽ.പി.സ്കൂൾ
11	53	55	55	53	54	പഴശ്ശി എൽ.പി.സ്കൂൾ
12	28	29	31	30	32	വേശാല എൽ.പി.സ്കൂൾ
13	295	266	247	282	266	ഗവ:ഹൈസ്കൂൾ, ചട്ടുകപ്പാറ

ഭൂരിഭാഗം സ്കൂളുകളിലും ലൈബ്രറി സൗകര്യങ്ങളുണ്ടെങ്കിലും അത് യഥാവിധം പ്രയോജനപ്പെടുത്തുന്നില്ല. മിക്ക സ്കൂളികളിലും ലാബ് സൗകര്യങ്ങൾ പരിമിതമാണ്. ഭഗവതി വിലാസം എൽ.പി. എന്നീ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കാവശ്യമായ മൂത്രപ്പുരകളില്ല. മറ്റുവിദ്യാലയങ്ങളിലുള്ള വിസർജന സൗകര്യങ്ങൾ കുട്ടികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ അപര്യാപ്തമാണ്. മിക്ക വിദ്യാലയങ്ങളിലും ഫർണ്ണിച്ചറിന്റെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്.

ഭൗതീക സാഹചര്യങ്ങൾ പട്ടിക - 3

ക്രമനമ്പർ	സ്കൂളിന്റെ പേര്	ഡിവിഷൻ	കുട്ടികളുടെ എണ്ണം	മൂത്രപ്പുര ഉണ്ട്/ഇല്ല	കക്കൂസ് ഉണ്ട്/ഇല്ല	കിണർ വൈദ്യുതി ഉണ്ട്/ഇല്ല	വൈദ്യുതി ഉണ്ട്/ഇല്ല	കുടിവെള്ളം ഉണ്ട്/ഇല്ല	ലൈബ്രറി		ലബോറട്ടറി സയൻസ് കോർണർ		കമ്പ്യൂട്ടർ	കളിസ്ഥലം ഉണ്ട്/ഇല്ല	ചുറ്റുമതിൽ ഉണ്ട്/ഇല്ല	ഗ്യാസ് കണക്ഷൻ ഉണ്ട്/ഇല്ല	ഫർണിച്ചർ	മഴ പിടിപ്പ് സജീവം/നിർജ്ജീവം	ഫയർ എക്സ്റ്റിംഗ്വിഷർ ഉണ്ട്/ഇല്ല	ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ട്/ഇല്ല
									ഉണ്ട്/ഇല്ല	പ്രവർത്തനക്ഷമം/അല്ല	ഉണ്ട്/ഇല്ല	പ്രവർത്തനക്ഷമം/അല്ല								
1	രാധാകൃഷ്ണ എ.യു.പി സ്കൂൾ	23	860	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	സജീവം	സജീവം	ഇല്ല
2	കുറ്റ്യാട്ടൂർ എ.യു.പി.സ്കൂൾ	20	659	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	സജീവം	സജീവം	ഇല്ല
3	മാണിയൂർ സെൻറർ എൽ.പി.സ്കൂൾ	11	361	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	സജീവം	സജീവം	ഇല്ല
4	ഭഗവതി വിലാസം എൽ.പി.സ്കൂൾ	8	245	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	അല്ല	അല്ല	ഇല്ല
5	തണ്ടപ്പുറം എൽ.പി.സ്കൂൾ	4	104	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	അല്ല	സജീവം	ഇല്ല
6	വേശാല എ.എൽ.പി.സ്കൂൾ	4	129	ഉണ്ട്		ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	അല്ല	അല്ല	ഇല്ല
7	വേശാല ഈസ്റ്റ് എൽ.പി.സ്കൂൾ	4	109	ഉണ്ട്	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	സജീവം	സജീവം	ഉണ്ട്
8	കുറ്റ്യാട്ടൂർ എ.എൽ.പി.സ്കൂൾ	5	105	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	അല്ല	സജീവം	ഇല്ല
9	കുറ്റ്യാട്ടൂർ എ.എൽ.പി.സ്കൂൾ	10	301	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	അല്ല	അല്ല	ഇല്ല
10	കുറ്റ്യാട്ടൂർ സൗത്ത് എൽ.പി.സ്കൂൾ	4	104	ഉണ്ട്		ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	സജീവം	സജീവം	ഉണ്ട്
11	പാവന്നൂർ എ.എൽ.പി.സ്കൂൾ	6	192	ഉണ്ട്		ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	സജീവം	അല്ല	ഇല്ല
12	പഴശ്ശി എ.എൽ.പി.സ്കൂൾ	10	279	ഉണ്ട്		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	സജീവം	സജീവം	ഇല്ല
13	ഗവ: ഹൈസ്കൂൾ ചട്ടുകപ്പാറ	26	1161	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	സജീവം	സജീവം	ഇല്ല

അടിസ്ഥാനം ദ്വിതീയ വിവര ശേഖരണം

പഞ്ചായത്തിലെ 13 സ്കൂളുകളിലുമുള്ള പഠനനിലവാരം വിലയിരുത്തുമ്പോൾ ഭൂരിഭാഗം കുട്ടികളും 30 ശതമാനത്തിനും 50 ശതമാനത്തിനുമിടയിൽ മാർക്ക് വാങ്ങുന്നവരാണ്. യു.പി. ഹൈസ്കൂൾ ക്ലാസുകളിലെത്തുമ്പോൾ 30 ശതമാനത്തിൽ കുറവ് മാർക്ക വാങ്ങുന്നവരുടെ എണ്ണം കൂടിവരുന്നു. ചട്ടുകപ്പാറ ഗവ:ഹൈസ്കൂളിലെ എസ് എസ് എൽ.സി വിജയശതമാനം വിലയിരുത്തുമ്പോൾ സമീപത്തെ ഗവ: ഹൈസ്കൂളുകളുടെ നിലവാരത്തേക്കാൾ ഉയർന്നതാണെന്ന് കാണാം. കഴിഞ്ഞ പത്ത് വർഷത്തെ എസ് എസ് എൽ.സി വിജയ വിവരം താഴെ കൊടുക്കുന്നു.



പഞ്ചായത്തിനകത്ത് ഉപരിപഠനത്തിന് ഔപചാരിക സ്ഥാപനങ്ങളൊന്നുമില്ല. എസ്.എസ്.എൽ.സി.ക്ക്ശേഷം ഭൂരിഭാഗം വിദ്യാർത്ഥികളും കണ്ണൂരിന്റെ വിവിധ ഭാഗങ്ങളിലെ കോളേജുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിൽ ചട്ടുകപാറയിലും കുറ്റ്യാട്ടൂരിലും ഓരോ പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ചട്ടുകപ്പാറയിലും പാവന്നൂർ മൊട്ടയിലും ഒരു ടൈപ്പ്റൈറ്റിംങ്ങ് ഇൻസ്റ്റ്യൂട്ടും പ്രവർത്തിക്കുന്നു. ഹൈസ്കൂളിൽ പ്ലസ്ടു വിന്റെ അഭാവം വിദ്യാർത്ഥികളുടെ ഉപരിപഠനത്തെ ബാധിക്കുന്നു. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടേയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും അഭാവം

സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം തുലോം കുറയാൻ കാരണമായിട്ടുണ്ട്.

എല്ലാം സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃസമിതികളും, മാതൃഫോറങ്ങളും ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം പല സ്കൂളുകളിലും തൃപ്തികരമല്ല. ചട്ടുകപ്പാറ ഗവ: ഹൈസ്കൂളിന്റെ പ്രവർത്തനം മാതൃകാപരമാണ്. ഹൈസ്കൂളിനാവശ്യമായ കെട്ടിടവും ഉപകരണങ്ങളും ഉണ്ടാക്കുന്ന കാര്യത്തിൽ പി.ടി.എ വഹിച്ചിട്ടുള്ള പങ്ക് പ്രശംസനീയമാണ്.

1991ലെ സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനത്തോടനുബന്ധിച്ച് തുടർവിദ്യാഭ്യാസത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അഞ്ച് ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം നിരാശാജനകമാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഗ്രന്ഥശാലകളും സാമൂഹ്യപ്രസ്ഥാനങ്ങളും അനൗപചാരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് കാര്യമായ സംഭാവനകൾ നൽകിവരുന്ന പ്രസ്ഥാനമാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത്. പ്രൈമറി, ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിജ്ഞാനോത്സവങ്ങൾ എടുത്തു പറയാവുന്നതാണ്. കലാകായിക രംഗങ്ങളിൽ നമ്മുടെ വിദ്യാലയങ്ങൾ ഏറെ പിന്നിലാണ്. സബ് ജില്ലാതലങ്ങളിൽ ചില സമ്മാനങ്ങൾ ലഭിക്കാറുണ്ടെങ്കിലും അവർക്ക് ജില്ലാതലത്തിൽ പോലും ശോഭിയ്ക്കാൻ കഴിയുന്നില്ല. ഇതിന് പ്രധാനകാരണമായി ചൂണ്ടികാണിക്കപ്പെടുന്നത് നിരന്തരമായ പരിശീലനത്തിന്റെ അഭാവമാണ്.

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി കഴിഞ്ഞ അദ്ധ്യയനവർഷം നടത്തിയ സ്കൂൾ കോംപ്ലക്സ് പരിപാടിയിൽ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകൾ നല്ല രീതിയിൽ സഹകരിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി വിദ്യാഭ്യാസഗുണനിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അധികൃതരുടെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടൽ ഉണ്ടായിട്ടില്ല. ഈ വർഷം കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ഗുരുകുലം പരിപാടിവേണ്ട രീതിയിൽ നമ്മുടെ പഞ്ചായത്തിൽ നടക്കുന്നു എന്ന് പറഞ്ഞുകൂടാ. എല്ലാവിദ്യാലയങ്ങളിലും ഗുരുകുലം പദ്ധതിയനുസരിച്ചുള്ള പരീക്ഷകളാണ് നടന്നിട്ടുള്ളത്. പഞ്ചായത്തിൽ രൂപം കൊണ്ടിട്ടുള്ള അയൽകൂട്ടങ്ങളെ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയും അദ്ധ്യാപകരുടെ കർമ്മശേഷി വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തിയും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ സംഘടിപ്പിച്ചും ഗുരുകുലം പദ്ധതി സജീവമാക്കേണ്ടതുണ്ട്. ഈ പ്രവർത്തനത്തിൽ ജനകീയമായ ഇടപെടലുകൾ ശക്തിപ്പെടുത്തിയാൽ മാത്രമെ ഇത് പൂർണ്ണവിജയത്തിൽ എത്തൂ.

പ്രശ്നങ്ങൾ

1. 3,5,8,10 വാർഡുകളിലെ വിദ്യാർത്ഥികൾക്ക് യു.പി ക്ലാസുകളിൽ പഠനം തുടരുന്നതിന് 3 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നു.
2. വിദ്യാർത്ഥികളിൽ അർഹരായ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം ലഭ്യമാകുന്നില്ല.
3. പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുകളിലും പി.ടി.എ മദർ പി.ടിഎ എന്നിവ സജീവമല്ല.
4. പഞ്ചായത്തിലെ 5 ജനവിദ്യാകേന്ദ്രങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമല്ല.
5. ആകെയുള്ള23 അംഗൻ വാടികളിൽ
4. എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടങ്ങളുള്ളത്. ബാക്കിയുള്ളവ പരിമിതമായ സൗകര്യങ്ങളോടുകൂടിയ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.
6. അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല.
7. ചില പ്രദേശങ്ങളിൽ വായനശാലകളും

ഗ്രന്ഥശാലകളും ഇല്ല.

8. ഹൈസ്കൂളിൽ ഒഴികെ മറ്റ് സ്കൂളിൽ ആവശ്യമായ കളിസ്ഥലങ്ങൾ ഇല്ല.

9. ഭൂരിഭാഗം സ്കൂളുകളിലും കോമ്പൗണ്ട് വാൾ ഇല്ല.

10 സ്കൂളുകളിൽ ലാബ്-ലൈബ്രറി സൗകര്യങ്ങൾ കാര്യക്ഷമമല്ല.

11. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങൾക്ക് പ്രാധാന്യം നൽകിന്നില്ല.

12. വിദ്യാഭ്യാസനിലവാരം താരതമ്യേന കുറവാണ്.

13. സാമ്പത്തിക പിന്നോക്കാവസ്ഥ, ഗതാഗത, വൈദ്യുതി സൗകര്യങ്ങളുടെ കുറവ് എന്നിവ വിദ്യാഭ്യാസ പിന്നൊക്കാവസ്ഥക്ക് കാരണമാകുന്നുണ്ട്.

14. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

15. സ്കൂളുകൾക്ക് സമീപം പൊതുനിരത്തുകളിൽ സിഗ്നൽ ബോർഡുകൾ ഇല്ല.

16. പ്രാഥമിക വിദ്യാലയങ്ങളിൽ സിലബസ്സിന്റെ അമിതഭാരം വിദ്യാർത്ഥികളിൽ പഠനവൈമുഖ്യം ഉളവാക്കുന്നു.

17. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരണം പഠന നിലവാരത്തെ ബാധിക്കുന്നുണ്ട്.

18. സാങ്കേതിക വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും പഞ്ചായത്തിൽ തീരെ സൗകര്യങ്ങളില്ല.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. യു.പി.സ്കൂൾ പഠനത്തിന് സൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളിൽ എൽ.പി.സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം.

2. അർഹരായിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം ലഭിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതോടൊപ്പം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

3. പി.ടി.ഐ മദർ പി.ടി.ഐ എന്നിവയുടെ പ്രവർത്തനം സജാവമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

4. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി തുടർ സാക്ഷരതാ പ്രവർത്തനം നടത്തണം.

5 മുഴുവൻ അംഗൻവാടികൾക്കും സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുകയും അവയുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം.

6. ആവശ്യമായ സ്ഥലങ്ങളിൽ അംഗൻവാടികൾ അനുവദിക്കുകയും നിലവിലുള്ളവയെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യണം.

7. ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ലാത്ത പ്രദേശങ്ങളിൽ അവ സ്ഥാപിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണം.

8. സാംസ്ക്കാരിക നിലയങ്ങൾ തൊഴിൽ അന്വേഷകർക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

9. സ്കൂളിൽ കളിസ്ഥലങ്ങളും. കോമ്പൗണ്ട് വോളുകളും നിർമ്മിക്കാനാവശ്യമായ നടപടികൾ കെക്കൊള്ളണം.

10 കലാകായികരംഗങ്ങളിൽ കഴിവുള്ള വിദ്യാർത്ഥികൾക്ക് നിരന്തരമായ പരിശീലനം സ്കൂളിൽ ലഭ്യമാക്കണം.

11. സ്കൂളുകളൊട് അനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

12. സ്കൂളുകളിലെ ലാബ്-ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകണം.

13. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് മുൻഗണനനൽകേണ്ടതുണ്ട്.

14. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ ഭൗതീക സാഹചര്യങ്ങൾ എല്ലാ സ്കൂളുകളിലും ഉറപ്പുവരുത്തേണ്ടതുണ്ട്.

15. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകർ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരുടെ കൂട്ടായ ശ്രമം വളർത്തിക്കൊണ്ട് വരേണ്ടതായിട്ടുണ്ട്.

5

ആരോഗ്യം കുടിവെള്ളം

രണ്ടായിരമാണ്ടോടെ രാഷ്ട്രം കൈവരിക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ലക്ഷ്യങ്ങൾ നമ്മുടെ സംസ്ഥാനം വർഷ ങ്ങൾക്കു മുൻപേ കൈവരിച്ചു കഴിഞ്ഞിരിക്കുന്നു. സംസ്ഥാന ബഡ്ജറ്റിന്റെ 17%വും ആരോഗ്യ രക്ഷയ്ക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത് ആരോഗ്യ സംരക്ഷണത്തിന്റെ ചെലവ് കൂടിക്കൊണ്ടേയിരിക്കുകയും ആരോഗ്യസേവന സംവിധാനങ്ങളുടെ കാര്യക്ഷമത കുറഞ്ഞുവരികയും ചെയ്യുന്ന ഇന്നത്തെ പൊതുഅവസ്ഥയിൽ, ആരോഗ്യ പ്രവർത്തനം കാര്യക്ഷമമാക്കുവാനും, ജനകീയമാക്കുവാനും പ്രാദേശിക ഭരണകൂടങ്ങൾക്ക് സുപ്രധാനമായ പങ്ക് വഹിക്കുവാനുണ്ട്.

പാരമ്പര്യ ചികിത്സയിലും നാടൻ വൈദ്യത്തിലും നമ്മുടെ പ്രദേശം പണ്ട് മുതലേ പേരുകേട്ടതായിരുന്നു. പുള്ളുവൻ വൈദ്യർ വേശാല, കേളൻ വൈദ്യർ വില്ലേജ് മുക്ക്, നായനാർ വൈദ്യർ ചെറുപഴശ്ശി, കോരൻ വൈദ്യർ മാണിയൂർ, ചന്തുവൈദ്യർ കുറ്റ്യാട്ടൂർ കുഞ്ഞാൻ വൈദ്യർ പാവന്നൂർ തുടങ്ങിയ വൈദ്യരത്നങ്ങളുടെ സേവനങ്ങൾ ഏറെ പ്രസിദ്ധമാണ്. ഇവരുടെ പിൻമുറക്കാരിൽ ചിലർ ഇന്നും ആ ചികിത്സയുടെ തനിമ നിലനിർത്തുന്നു. നാട്ടു വൈദ്യന്മാർ വീടുകൾ സന്ദർശിച്ചും ചികിത്സ നടത്താറുണ്ടായിരുന്നു. ജനാധിവാസം വന്നതോടുകൂടി പല പച്ചമരുന്നുകളും നാമാവശേഷമായി.

കോളറ, വസൂരി, ചിക്കൻപോക്സ്, തുടങ്ങിയ പകർച്ചവ്യാധികൾ മൂലം നിരവധി പേർ നമ്മുടെ പഞ്ചായത്തിൽ പണ്ടുകാലത്ത് മരിക്കാനിടയായിട്ടുണ്ട്. ഇത്തരം രോഗങ്ങൾ ചികിത്സിക്കാതെ അന്ധ വിശ്വാസങ്ങൾ വെച്ചു പുലർത്തുകയാണ് ചെയിതിരുന്നത്. 1950കളിൽ ഗതാഗതം സൗകര്യം വന്നതോടുകൂടി മയ്യിൽ, ചക്കരക്കൽ തുടങ്ങിയ മേഖലകളിൽ അലോപ്പതി ചികിത്സക്കായി ജനങ്ങൾ പോകാൻ തുടിങ്ങി. 1977ൽ കുറ്റ്യാട്ടൂർ പഞ്ചായത്തിൽ ഗ്രാമീണ ഡിസ്പെൻസറി നിലവിൽ വന്നതോടുകൂടിയാണ് അലോപ്പതി ചികിത്സയ്ക്കുള്ള സൗകര്യം ഇവിടെ നിലവിൽ വന്നത്. ഈ ഡിസ്പെൻസറി 1980ൽ സ്വന്തം കെട്ടിട

ത്തിൽ പ്രവർത്തനം ആരംഭിക്കുകയും 1990ൽ പി.എച്ച് സി. ആയി ഉയർത്തപ്പെടുകുയും ചെയ്തു. എന്നിരുന്നാലും രോഗികളെ കിടത്തിചികിത്സിക്കുവാൻ ആവശ്യമായ സൗകര്യം ഉണ്ടാക്കി എടുക്കുവാൻ കഴിയാതിരുന്നത് ഒരു പോരായ്മയായി ഇന്നും നിലനിൽക്കുന്നു.

ചെറുവത്തല മെട്ടയിലും, കുറ്റ്യാട്ടൂർ ബസാറിലും, പാവന്നൂർ മെട്ടയിലും പ്രവർത്തിക്കുന്ന സബ്സെൻററുകളാണ് പിഎച്ച് സിക്ക് പുറമെയുള്ള ഔദ്യോഗിക പൊതുജനാരോഗ്യസംവിധാനം.

ഇവയ്ക്കെല്ലാം സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങൾ വളരെയേറെ ശോചനീയമാണ്. സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കാഴിലുള്ള 23 അംഗൻ വാടികളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ നാലെണ്ണത്തിനുമാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. ഇത് കൂടാതെ ചെക്കിക്കുളത്തും പാവന്നൂർ മെട്ടയിലും ഹോമിയോ ചികിത്സാ കേന്ദ്രവും വില്ലേജ് മുക്ക്, പാവന്നൂർ മെട്ട തുടങ്ങിയ സ്ഥലങ്ങളിൽ ആയുർവേദ ചികിത്സാകേന്ദ്രവും ഇന്ന് നിലവിലുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനം	വാർഡ്	ജീവനക്കാർ	സ്ഥാപിച്ച വർഷം	സ്വന്തം	വാടക
1	പ്രാഥമികാരോഗ്യ കേന്ദ്രം, ചട്ടുകപ്പാറ	6	12	1977 പി.എച്ച്.സി.1990	സ്വന്തം	-
2	കുടുംബക്ഷേമ ഉപകേന്ദ്രം, മാണിയൂർ	2	1	-	സ്വന്തം	-
3	കുടുംബക്ഷേമ ഉപകേന്ദ്രം, കുറ്റ്യാട്ടൂർ	7	1	-	സ്വന്തം	-
4	കുടുംബക്ഷേമ ഉപകേന്ദ്രം, പാവന്നൂർ മെട്ട	8	1	-	സ്വന്തം	-

പി.എച്ച്.സിയിൽ വരുന്ന രോഗികളുടെ എണ്ണം ശരാശരി 40 (ഒരു ദിവസം) ആണ് ഡോക്ടരുടെ സേവനം കൃത്യമായി ലഭിക്കുമ്പോൾ 70 ഓളം ആളുകൾ ഒരു ദിവസം ചികിത്സക്കായി എത്താറുണ്ട്.

മരുന്നുകൾക്കായി സർക്കാർ ചിലവഴിച്ച തുക

വർഷം	ജനറൽ	ഫാമിലി പ്ലാനിംങ്ങ്
1995-96	16070/-	8781
96-97	12513/-	-

ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടത്തിനൊപ്പം തന്നെ നമ്മുടെ പഞ്ചായത്തും എത്തിയുട്ടെണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

കേരളത്തിലെ 95'ലെ മരണ നിരക്ക് 5.9 ആണെങ്കിൽ (1000ത്തിന് നമ്മുടെ പഞ്ചായത്തിൽ 4.3 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാളും കുറവാണ് എന്നു കാണാം . ഒരു പ്രദേശത്തെ ആരോഗ്യ നിലവാരത്തിൻെറ ഏറ്റവും നല്ല അളവുകോലാണ് അവിടുത്തെ ശിശുമരണ നിരക്ക്. കേരളത്തിൽ ശിശുമരണ നിരക്ക് 1000ത്തിന് 16 ആകുമ്പോൾ നമ്മുടെ പഞ്ചായത്തിൽ 1000ത്തിന് 7 ആണ്. മാതൃ മരണ നിരക്ക് കേരളത്തിന് 1000ന് ഒന്നിൽ താഴെയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ 1995ന് ശേഷം മാതൃമരണമൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജനനിരക്ക് സംസ്ഥാന ശരാശരിക്ക് തുല്യമാണ്.

പ്രായ ഘടന	
1 വയസ്സിൽ താഴെ	423
1 മുതൽ 2 വരെ	450
2 മുതൽ 3 വരെ	558
3 മുതൽ 4 വരെ	550
4 മുതൽ 5 വരെ	517
6 മുതൽ 12 വരെ	3355

പി.എച്ച് .സി യിലെ കണക്ക് പ്രകാരം ഓരോ വാർഡിലും ഏതെങ്കിലും തരത്തിൽ അംഗവൈകല്യം ബാധിച്ചവരെ കാണാം. ഇവരുടെ എണ്ണം കൂടുതലായും 30നും 35നും ഇടയിലാണ്. ക്ഷയം, തിമിരം, കുഷ്ഠം എന്നീരോഗങ്ങൾ ബാധിച്ചവരുടെ മൊത്തം കണക്ക് ലഭ്യമല്ല. എങ്കിലും പി.എച്ച് എ.സി. യിലെ കണക്ക് പ്രകാരം 4 കുഷ്ഠ രോഗി കളുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വയറിളക്കം മഞ്ഞപ്പിത്തം, ടൈഫോയിഡ്, ചിക്കൻ പോക്സ് തുടങ്ങിയ രോഗങ്ങൾ സാധാരണയായി കണ്ടുവരുന്നു. അസാധാ രണമായ ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ യില്ല. വർഷകാലം, വരൾച്ച തുടങ്ങിയ സമയങ്ങളിൽ വയറിളക്ക രോഗം കൂടുതലായും കണ്ടുവരുന്നു.

കുട്ടികളുടെ പോഷക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അംഗൻ വാടികൾ മുഖേനയും സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ കൂടിയും പ്രവർത്തനങ്ങൾ നടന്നുവരും.

മൊത്തം കുട്ടികളിൽ ലഘുവായ	
പോഷകക്കുറവുള്ളവർ	501
മിതമായ പോഷകക്കുറവ്	157
ഗുരുതരമായ പോഷകക്കുറവ്	20

പി.എച്ച്.സി.രേഖകൾ പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട 94മുതൽ 96വരെയുള്ള ജലജന്യവായുജന്യപ്രാണി ജന്യരോഗങ്ങൾ

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യം രോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ
1994-95	288	3049	4
1995-96	92	979	5

1996 ജനുവരിക്ക് ശേഷം പ്രസവ മരണങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. പഞ്ചായത്തിൽ ഒരു കുട്ടിവരെ യുള്ള അമ്മമാരിൽ 206 പേരും 2മുതൽ 3വരെ കുട്ടികൾ ഉള്ള അമ്മമാരിൽ 1055 പേരും മൂന്നിൽ കൂടുതൽ കുട്ടികളുള്ള അമ്മമാരിൽ 631 പേരും ഏതെങ്കിലും തരത്തിലുള്ള കുടും ബാസൂത്രണ മാർഗ്ഗം സ്വീകരിച്ചി ട്ടുള്ളവരാണ്.

ആരോഗ്യരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സംഘടനകളുടെ എണ്ണം വളരെ കുറവാണ് ഈ രംഗത് ശാസ്ത്ര സാഹിത്യ പരിഷത്ത് പോലും വേണ്ടത്ര ശ്രദ്ധ കാണിക്കാറില്ല. വാർഡ്തലത്തിൽ ജെ.പി. എച്ച്.എൻമാർ കൺവീനർമാരായി മഹിളാ സ്വസ്ഥ് സംഘ് നാമമാത്രമായ രീതി യിൽ പ്രവർത്തിക്കുന്നു.

ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് 85% പേർ വൃത്തിയുള്ള കക്കൂസുകൾ ഉപയോഗി ക്കുന്നവരാണ്. ബാക്കിയുള്ള 15% ത്തിൽ5% കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകൾ നിർമ്മിക്കുവാൻ കഴിവുള്ളവരാണ്. ശേഷിച്ച 10% കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മി ക്കാനുള്ള സാമ്പത്തിക സഹായം ആവശ്യമാ യി വന്നേക്കാം. ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ പൊതുകക്കൂസുകളുടെ സാദ്ധ്യതയും പരിശോധിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1 പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സൗകര്യം നിലവിലില്ല.

2. അത്യാവശ്യമരുന്നുകൾക്ക് ദൗർലഭ്യം നേരിടുന്നു.
3. അംഗൻ വാടികൾ കേന്ദ്രീകരിച്ച് ആരോഗ്യരംഗത്ത് നടക്കുന്ന പ്രവർത്തനം കാര്യക്ഷമമല്ല.
4. സബ്സെൻററുകളുടെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ.
5. ആരോഗ്യരംഗത്തുള്ള ചികിത്സാ സ്ഥാപനങ്ങളുടെ അപര്യാപ്തത.
6. ജെ.പി.എച്ച്എൻ മാരുടെ ഗൃഹസന്ദർശനം തൃപ്തികരമല്ല.
7. മഹിളാ സ്വസ്ഥ് സംഘിൻെറ പ്രവർത്തനം നാമമാത്രമാണ്.

സാദ്ധ്യതകൾ

1. പി.എച്ച്.സിയിൽ രോഗികളെ കിടത്തിചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക
2. എല്ലാവീടുകൾക്കും സേനിറ്റേഷൻ സൗകര്യം ഏർപ്പെടുത്തുക.
3. സബ്സെൻററുകളുടെ ഭൗതിക സഹചര്യം മെച്ചപ്പെടുത്തുക.
4. അംഗൺ വാടിയിൽ കൂടിയുള്ള ആരോഗ്യ ക്ഷേമ പ്രവർത്തനം കാര്യക്ഷമമമാക്കുക,
5. ആരോഗ്യബോധവൽക്കരണ ക്ലാസുകൾ ഏർപ്പെടുത്തുക.
6. കൊതുകുശല്യം. പെരുകുന്നതു തടയാൻ കൊതുനിവാരണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക
7. പഞ്ചായത്തിലെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യുക.
8. മഹിളാ സ്വസ്ഥ് സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.

കുടിവെള്ളം

ജലസമ്പന്നതയിൽ നിന്നും ജല ദൗർലഭ്യത്തിൻെറ നാളുകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇന്നു നമ്മുടെ പഞ്ചായത്തിൻേറത്. രൂക്ഷമായ കുടിവെള്ള ക്ഷാമം ഈ പഞ്ചായത്തിൻെറ ഭൂരിഭാഗം മേഖലകളും അനുഭവിക്കുന്നുണ്ട്. ജല സംരക്ഷണ പ്രവർത്തനത്തിൻെറ അഭാവം, കാർഷിക രീതിയിൽ വന്ന മാറ്റം ഭൂഗർഭ ജലത്തിൻെറ അശാസ്ത്രീയമായ വിനിയോഗം തുടങ്ങിയവ ഇതിനുള്ള പ്രധാന കാരണമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ജല സംരക്ഷണ പ്രവർത്തനങ്ങളിലേക്ക് അടിയന്തിരമായി തിരിയേണ്ടതുണ്ട്.

കിണറുകളാണ് ഇവിടുത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ. ആകെ വീടുകളിൽ 68% കിണറുകൾ ഉള്ളവയാണ്. ഇതിൽ 25% കിണറുകളും വേനൽകാലങ്ങളിൽ വറ്റുന്നവയാണ്. 25 പൊതുകിണറുകൾ 102 പൊതുടാപ്പുകൾ, കട്ടോളി, തരിയേരി, പാവന്നൂർ കസ്തൂർഭാ കോളനി എന്നിവിടങ്ങളിലായി നാല് കുഴൽ കിണറുകൾ എന്നിവയാണ് പഞ്ചായത്തിലെ മറ്റ് കുടിവെള്ള സ്രോതസ്സുകൾ. ഓരോ പൊതു കുടിവെള്ള സ്രോതസ്സുകളും ശരാശരി 10താഴെ കുടുംബങ്ങൾ വീതം ഉപയോഗിക്കുന്നുണ്ട്. മാർച്ച്, എപ്രിൽ മാസങ്ങളിലാണ് പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്.

പൈപ്പ് വഴിയുള്ള വെള്ളത്തിന് നമ്മുടെ പഞ്ചായത്തിൽ ഡാനിഷ് ഗവ:ൻെറ സഹായത്തോടുകൂടി നടപ്പിലാക്കിയ കൊളച്ചേരി ശുദ്ധജല പദ്ധതിയുടെ ഭാഗമായി 102 പൊതുടേപ്പുകൾ ഉണ്ട്. പദ്ധതിയുടെ നിർമ്മാണത്തിൻെറ അപാകത മൂലം പൈപ്പ് വഴിയുള്ള ജല വിതരണം വിജയത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല. വെള്ളത്തിൻെറ സമ്മർദ്ധം താങ്ങാൻ കഴിയാത്ത മേന്മകുറഞ്ഞ പൈപ്പുകൾ ഉപയോഗിച്ചതുകൊണ്ട് പൈപ്പ് പൊട്ടി ഭൂരിഭാഗം ടേപ്പുകളിലും വെള്ളം വരാത്ത സ്ഥിതിയാണുള്ളത്. പഴശ്ശിപദ്ധതിയുടെ ഭാഗമായുള്ള കനാലുകളിൽ കൃത്യമായി വെള്ളം തുറന്നു വിടുകയാണെങ്കിൽ ചില വാർഡുകളിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

ജലലഭ്യത കുറഞ്ഞ പ്രദേശങ്ങൾ

വാർഡ് നമ്പർ	പ്രദേശം	എത്രകാലത്തേക്ക്
1	പള്ളിച്ചാൽ	4 മാസത്തേക്ക്
2	കാവുംചാൽ	2 മാസത്തേക്ക്
3	കട്ടോളി	3 മാസത്തേക്ക്
	തരിയേരി	2 മാസത്തേക്ക്
4	വെങ്ങാറമ്പ്	3 മാസത്തേക്ക്
5	വെള്ളുവയൽ പ്രദേശം	4 മാസത്തേക്ക്
	വേശാല മുക്ക്	4 മാസത്തേക്ക്
6	പൊറോലം	3 മാസത്തേക്ക്
	കുറ്റുവോട്ടു മൂലയുടെ ചിലഭാഗങ്ങൾ	3 മാസത്തേക്ക്
7	വടുവൻ കുളം	2 മാസത്തേക്ക്
	നിടുകുളത്തിന്റെ ചില ഭാഗങ്ങൾ	4 മാസത്തേക്ക്
8	പൊന്താറമ്പ്	3 മാസത്തേക്ക്
	പാവന്നൂർ മൊട്ട	3 മാസത്തേക്ക്
9	ഏട്ടേയാർ	3 മാസത്തേക്ക്
10	കമ്പനി ഭാഗം	3 മാസത്തേക്ക്

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാവാർഡുകളും കുടിവെള്ള ക്ഷാമം നേരിടുന്നു.
2. ചെമ്മാടം തുടങ്ങിയമേഖലകളിൽ ഓരുകയറ്റം കാരണം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
3. പൊതുടേപ്പുകളിൽ 30% ത്തിലൂടെ മാത്രമെ മാത്രമെ വെള്ളം ലഭിക്കുന്നുള്ളൂ. കൂടാതെ പല വാർഡുകളിലും പൊതുടേപ്പ് സ്ഥാപിച്ചതിൽ അശാസ്ത്രീയത ഉണ്ട്.
4. ചില വാർഡുകളിൽ മണ്ണിന്നടിയിൽ കരിങ്കല്ലുകൾ ഉള്ളതിനാൽ കുടിവെള്ള ക്ഷാമം നേരിടുന്നു.
5. നിരന്തരമായി ആവിശ്യപ്പെട്ടിട്ടും പൊതുടേപ്പ് അനുവദിച്ചുകിട്ടിയില്ല.
6. കുഴൽ കിണറുകൾ അറ്റകുറ്റപ്പണി നടത്താതുകാരണം ഉപയോഗ്യയോഗ്യമല്ല.

സാദ്ധ്യതകൾ

1. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നീരൊഴുക്ക് അടിസ്ഥാനമാക്കിയുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം.
2. നിലവിലുള്ള പൊതു ടേപ്പുകൾ ഉപയോഗ യോഗ്യമാക്കണം.
3. ഓരുകയറ്റം തടയാനുള്ള മാർഗ്ഗം സ്വീകരിക്കുക.
4. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക.
5. ജലസംരക്ഷണത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക.
6. പൈപ്പുലൈനുകളുടെ അറ്റകുറ്റപണി യഥാ സമയത്ത് നടത്തുക.
7. നിലവിലുള്ള പൊതു കിണറുകൾ ഉപയോഗ യോഗ്യമാക്കുക.
8. കുഴൽ കിണർ കുഴിക്കാനുള്ള നടപടികൾ സ്വീകരിക്കുക.



6

ഗതാഗതം

1962ൽ കുറ്റ്യാട്ടൂർ പഞ്ചായത്ത് രൂപം കൊണ്ടതിന് ശേഷം ഗതാഗതത്തിന്റെ കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഗതാഗതം കാൽനടയിൽ ഒതുങ്ങുമായിരുന്നു. നാടിന്റെ പുരോഗതിക്കനുസരിച്ച് അന്യപ്രദേശങ്ങളുമായി ബന്ധപ്പെടുവാനും കുറ്റ്യാട്ടൂരിൽ ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ വിപണിയിൽ വിറ്റഴിക്കുന്നതിനായി തലച്ചുമടായി കൊണ്ടുപോകുന്നതിനും ഒത്തിരിദൂരം നടന്ന് വേണം എത്താൻ. ആ കാലത്ത് അങ്ങിങ്ങായി സ്ഥിപിച്ചിട്ടുള്ള ചുമടു താങ്ങികളും ദാഹം തീർക്കാൻ തണ്ണീർപന്തലുകളുമുണ്ടായിരുന്നു. അന്നത്തെ യാത്രക്കാർക്ക് ഇതൊരു അനുഗ്രഹം തന്നെയായിരുന്നു. പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ചരിത്രത്തെ ഓർമ്മിപ്പിക്കുമാറ് ചുമട് താങ്ങികൾ ഇന്നും നിലനിൽക്കുന്നു. പിന്നീട് ഗതാഗത സൗകര്യം കുറച്ചുകൂടി മെച്ചപ്പെട്ടു. കാളവണ്ടികൾ അങ്ങിങ്ങായി പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ദൂരസ്ഥളങ്ങളിൽ നിന്ന് ചരക്കുമായി കുറ്റ്യാട്ടൂരിലെത്തുന്ന കാളവണ്ടികൾ തിരിച്ച് അങ്ങോട്ട് ഇവിടെ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ കടത്താൻ തുടങ്ങി.

പഞ്ചായത്ത് അതിർത്തികളായ പാവന്നൂർ പുഴയും മുണ്ടേരിപ്പുഴയും ഗതാഗതത്തെ പുതിയൊരു തലത്തിലെത്തിക്കാൻ പ്രധാന പങ്ക് തന്നെ വഹിച്ചിരുന്നു. ഗതാഗതത്തിൽ പുതിയൊരു അധ്യായം കടന്നുവന്നു, കടത്തുവഞ്ചികളും, ബോട്ടുസർവ്വീസും സാധാരണമായി തെക്കുഭാഗത്തുള്ള ജനങ്ങൾക്കായി ചെമ്മാടം മുതൽ കക്കാട് വരെയും വടക്കുഭാഗത്തുള്ളവർക്കായി കുട്ടിക്കുന്നു മുതൽ വളപട്ടണം വരെയും ബോട്ടുസർവ്വീസ് നടത്തിയിരുന്നു. ഇതായിരുന്നു പുറം ലോകവുമായി ബന്ധപ്പെടുന്നതിന് ഉതകിയ ആദ്യ മാർഗ്ഗം. ഉൽപാദനവസ്തുക്കൾ വിപണിയിൽ എത്തിക്കുന്നതിന് ഈ ബോട്ടുസർവ്വീസ് നിസ്സീമമായ പങ്ക് വഹിച്ചിട്ടുണ്ട്.

എന്നാൽ 1948 ഓടുകൂടി കാട്ടാമ്പള്ളി ചാലോട് റോഡിന്റെ പ്രവർത്തി ആംരഭിക്കുകയും 1952ൽ ഗതാഗതത്തിന്നായി തുറന്നു കൊടുക്കുകയും ചെയ്ത. അങ്ങിനെ ഈ ഭാഗത്തെ ആദ്യബസ്സ് ശ്രീകൃഷ്ണാ സർവ്വീസ് നടത്താൻ തുടങ്ങി. ഇതൊടുകൂടി ഗതാഗത ചരിത്രത്തിലെ നവോഥാന കാലഘട്ടം തുടങ്ങി. അതോടുകൂടി ബോട്ടുസർവ്വീസിന്റെ പ്രസക്തി നഷ്ടപ്പെട്ട അന്ന് സ്ഥാപിച്ച ബോട്ടുജെട്ടികൾ ഇന്നും ചിലയിടങ്ങളിൽ പണ്ടത്തെ യാത്രയുടെ ചരിത്ര സ്മാരകമായി നിലനിൽക്കുന്നു. കടത്തു വഞ്ചികൾ ഇന്നും ഗതാഗതത്തിന്റെ ഭൂപടത്തിലെ ഒരു തിളങ്ങുന്ന നക്ഷത്രമായി ശോഭിയ്ക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ചിലഭാഗങ്ങളിൽ കടത്തുവഞ്ചി ഉപയോഗി ക്കുന്നുണ്ട്. എങ്കിലും പഞ്ചായത്തിന്റെ അധീനതയിൽ ഒറ്റകടത്തു പോലും ഇല്ല. അയൽ പഞ്ചായത്തായ മലപ്പട്ടവുമായി ബന്ധപ്പെടുവാൻ ഉള്ള മാർഗ്ഗം കടത്തു വഞ്ചികളിൽ മാത്രം ഒതുങ്ങുന്നു. ജീവൻ പണയപ്പെടുത്തിയുള്ള കടത്തുവഞ്ചിയാത്ര ദുസ്സഹമായി മാറിക്കൊണ്ടിരിക്കയാണ്.

കാലത്തിന്റെ പുരോഗതിക്ക് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലും ഗതാഗതം വികസിച്ചുവന്നു. 1972 ഓടുകൂടി ചെക്കിക്കുളം കണ്ണൂർ ആസ്പത്രി ബസ്സ് ഓടിക്കാൻ സാധിച്ചു. ഇത് വന്നതോടുകൂടി റോഡ് ഗതാഗത സംവിധാനം മെച്ചപ്പെടുത്തുവാൻ സാധിച്ചു. എന്നാൽ 1987ഓടുകൂടി മയ്യിൽ-കാഞ്ഞിരോട്. മയ്യിൽ -ശ്രീകണ്ഠാപുരം വലയന്നൂർ-നായാട്ടപ്പാറ, കൂടാളി-തണ്ടപ്പുറം, ചട്ടുകപ്പാറ-നിരന്തോട് എന്നീ പുതിയ റോടുകളിൽ ബസ്സ്സർവ്വീസ് നടത്തിയതോടുകൂടി കുറ്റ്യാട്ടൂർ പഞ്ചായത്തിലെ ഗതാഗത സംവിധാനത്തിൽ ഒരു പരിവർത്തനം സൃഷ്ടിക്കാൻ കഴിഞ്ഞു. ഏതാണ്ട് ഈ കാലയളവിൽ തന്നെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമീണ റോഡ് ശൃംഖല ഉയർന്നു വന്നതോടുകൂടി ഗതാഗത സംവിധാനത്തിൽ പുതിയൊരു മാറ്റം വന്നു തുടങ്ങി.

മറ്റ് പല മേഖലകളിൽ എന്നപോലെ ഗതാഗതത്തിന്റെ കാര്യത്തിലും വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കുറ്റ്യാട്ടൂർ. ഈ പഞ്ചായത്തിന്റെ അയൽ പഞ്ചായത്തുകളെ റോഡ് മുഖാന്തിരം ബന്ധപ്പെടുത്തിയത് 1985 ഓടെയാണ്. മാത്രമല്ല ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളേയും അന്യോന്യം ബന്ധിപ്പിക്കുന്ന റോഡുകൾ അടുത്തകാലത്താണ് നിർമ്മിക്കപ്പെട്ടത്. പഞ്ചായത്തുറോഡുകൾ ജനങ്ങളുടെ യാത്രാ പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുവാൻ പാകത്തിൽ നിർമ്മിക്കാൻ സാധിച്ചിട്ടില്ലെങ്കിലും മോശമല്ലാത്ത പഞ്ചായത്ത് റോഡ് ശൃംഖല ഈ പഞ്ചായത്തിന് അവകാശപ്പെടാനായിട്ടുണ്ട്. ഈ റോഡുകളിൽ ചിലതിൽ ബസ്സ്സർവ്വീസ് നടത്തിയിരുന്നെങ്കിലും ഇപ്പോൾ ചിലതിൽ മാത്രം ഗതാഗതം ഉതകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്.

ഭൂപ്രകൃതിയുടെ കാര്യത്തിലാണെങ്കിൽ നമ്മുടെ പഞ്ചായത്ത് ഒരത്ഭുത പ്രതിഭാസമാണ്. എങ്ങുനോക്കിയാലും കുന്നുകളും താഴ്വാരങ്ങളും മാത്രം. റോഡ് ശൃംഖല ഈ കുന്നിൻ പ്രദേശങ്ങളെ ചുറ്റിവരിഞ്ഞും താഴ്വാരങ്ങളിലൂടേയും മറ്റും പ്രധാന സംഗമ കേന്ദ്രങ്ങളിലെത്തുന്നു. പഞ്ചായത്ത് റോഡുകൾ ആകെ 143 എണ്ണമാണ്. ഇതിൽ മൂന്നു എണക്കാർ റോഡുകളാണ്. മൊത്തം റോഡിന്റെ നീളം 119.070 കിലോമീറ്റർ ആണ്. ഇതിൽ പി ഡബ്ല്യൂ ഡി റോഡ് 30 കിലോമീറ്ററും പഞ്ചായത്ത് റോഡ് 89.070കിമിയും ആണ്. ഇതിൽ 8.1കിമി താർ ചെയ്തതാണ്.

ഗ്രാമീണ റോഡുകൾ



പഞ്ചായത്ത് ഓരോ വർഷവും അതിന്റെ വരുമാനത്തിന്റെ നല്ലൊരു പങ്ക് അറ്റകുറ്റപ്പണിക്കായി ഉപയോഗിക്കുന്നുണ്ട്. എന്നിരുന്നാലും പി.ഡ്ബ്ലൂ.ഡി റോഡുകൾ ഉൾപ്പെടെ റോഡുകൾ റോഡുകൾ ഗതാഗതത്തിന് അനുയോജ്യമല്ലാത്തവയാണ്. റോഡുകൾക്ക് ഓവുചാലുകളുടേയും കൾവർട്ടിന്റേയും അപര്യാപ്തത എടുത്തു പറയേണ്ടിയിരിക്കുന്നു. റോഡുകൾക്ക് വേണ്ടത്ര വിതീ ഇല്ലെന്നു തന്നെ പറയാം. അതുപോലെ തന്നെ ഗതാഗതം ദുസ്ഥിതിയിലാക്കുന്ന ഒന്നാണ് റോഡിനിരുവശങ്ങളിലുമുള്ള വൃക്ഷ ശിഖരങ്ങൾ. റോഡിലേക്ക് പടർന്ന് പന്തലിച്ച് നിൽക്കുന്നത്. ഇതുമൂലം ഗതാഗതം തീരെ അവഗണിക്കപ്പെടുന്ന റോഡുകൾ പഞ്ചായത്തിനകത്ത് നിരവധികാണാം. അതുപോലെതന്നെ പിംബ്ലൂ.ഡി. റോഡുകൾ ഉൾപ്പടെ പലതും കാൽനടക്കുപോലും പറ്റാത്ത സ്ഥിതിയുണ്ട്. മെച്ചപ്പെട്ട റോഡ് ശൃംഖല അവകാശപ്പെടാനുണ്ടെങ്കിവും മഴയുടെ ആരംഭത്തോടെ റോഡേത്തോടേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത ഒരു അവസ്ഥ ഈ അടുത്തകാലത്തോടുകൂടി സംജാതമായാരിക്കുകയാണ്. ഓവുചാലുകളുടെ അപര്യാപ്തത ഒരു പരിധിവരെ ഇതിനു കാരണമാണ്. പഞ്ചായത്തിലെ തന്നെ ചിലഭാഗങ്ങളിൽ റോഡിൽ വെള്ളം കെട്ടിക്കിടന്ന് നീർത്തടമായി രൂപപ്പെടുന്നു. പഞ്ചായത്തിന് ഇതിന്റെയെല്ലാം മേൽ ചില പ്രയാസങ്ങൾ ഉള്ളതുകൊണ്ട് തന്നെ റോഡിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ സാധിക്കാറില്ല.

റോഡിന്റെ തരവും നീളവും എണ്ണവും വാർഡ് തിരിച്ച് ചുവടെ പട്ടിക കൊടുക്കുന്നു

വാർഡ്	മൺറോഡ്(കച്ച)	ചരൾറോഡ്(പക്ക)	മെറ്റൽ	ടാർ	മറ്റുള്ളവ	ആകെ
1	14എണ്ണം 6.730 കി.മി	2എണ്ണം 550മീ(ഇടവഴി)				16എണ്ണം 7.28കിമി
2	14എണ്ണം 7.132കിമി					14എണ്ണം 7.132കിമി
3	13എണ്ണം 6.245 കിമി					13എണ്ണം 6.245കിമി
4	12എണ്ണം 8.645കിമി					12എണ്ണം 8.645കിമി
5	12എണ്ണം 7.460കിമി			1എണ്ണം 500മീ		13എണ്ണം 7.960കിമി
6	29എണ്ണം 12.995കിമി	1എണ്ണം200മീ ഇടവഴി		2എണ്ണം 7.00കിമി		32എണ്ണം 20.195കി.മി
7	12എണ്ണം 7.115കിമി					12എണ്ണം 7.115കിമി
8	11എണ്ണം 7.09കിമി					11എണ്ണം 7.090കിമി
9	17എണ്ണം 15.708കിമി			1എണ്ണം (600 മീ		18എണ്ണം 16.308കിമി
10	2എണ്ണം 1.110കിമി					2എണ്ണം 1.110കി.മി
	ആകെ - 143എണ്ണം		89.070 കി.മി			

കുറ്റ്യാട്ടൂർ പഞ്ചായത്തിന്റെ കിഴക്ക് വടക്ക് ഭാഗത്ത് കൂടി കാട്ടാമ്പള്ളി ചാലോട് റോഡ് കടന്നു പോകുന്നു. മധ്യഭാഗത്ത് കൂടി വലിയന്നൂർ നായാട്ടു പാറ റോഡും പടിഞ്ഞാറ് ഭാഗത്ത് കൂടി മയ്യിൽ കാഞ്ഞിരോട് റോഡും തെക്കു ഭാഗത്തായി കൂടാളി തണ്ടപ്പുറം റോഡും വടക്ക് ഭാഗത്തായി ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുള്ള റോഡുകളിലൊന്നായ മയ്യിൽ ശ്രീകണ്ഠാപുരം റോഡും ഈ റോഡ് പാവന്നൂർ കടവ് വരെ എത്തി നിൽക്കുന്നു. മലയോര മേഖലയുമായി ബന്ധപ്പെടുത്തുന്ന ഒരു റോഡാണിത് എന്നാൽ പാവന്നൂർ പാലം

ഇല്ലാത്തതിനാൽ ഈ യാത്ര പാവന്നൂരിൽ അവസാനിക്കുന്നു. ഇപ്പോൾ പണിനടന്നു കൊണ്ടിരിക്കുകയും ചെയ്യുന്ന വില്ലേജ് മുക്ക് - തരിയേരി പടന്നോട്ട് റോഡ് ഗതാഗത സംവിധാനത്തിൽ വ്യതിയാനം വരുത്താനുതകും എന്ന കാര്യത്തിൽ സംശയമില്ല.

കുറ്റ്യാട്ടൂർ പഞ്ചായത്തിലെ റോഡുകളെപ്പറ്റിപ്പറയുമ്പോൾ എടുത്തിപറയേണ്ടുന്ന റോഡുകളാണ് വലിയന്നൂർ - നായാട്ടുപ്പാറ റോഡും പാവന്നൂർ - വെള്ളൂവയൽ റോഡും. ഈ റോഡുകൾ പഞ്ചായത്തിന്റെ ജീവനാഡികളിൽ

റോഡ് നിർമ്മാണം കാലാന്തരത്തിൽ (പഞ്ചായത്ത് റോഡ്)



പ്രാധാന്യമർഹിക്കുന്നവയാണ്. കാരണം ഭൂരിഭാഗം വർഡിലെ ജനങ്ങൾക്കും ബന്ധപ്പെടേണ്ട പഞ്ചായത്തോഫീസ്, ആശുപത്രി, ഐ.സി.ഡി.പി ഉപകേന്ദ്രം, ചട്ടുകപ്പാറ ഹൈസ്കൂൾ, കൃഷിഭവൻ, ഗ്രാമസേവക് ഓഫീസ് എന്നിവക്ക് ഈ റോഡുകളുമായി അഭേദ്യമായ ബന്ധമുണ്ട്. എന്നിരുന്നാലും വാഹന ഗതാഗത സൗകര്യം വളരെ കുറവാണ്. റോഡാണെങ്കിൽ ശോച്യാവസ്ഥയിലും മേൽപ്പറഞ്ഞ റൂട്ടുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത സൗകര്യം വർദ്ധിപ്പേക്കേണ്ടതാണ്. എന്നാൽ മാത്രമെ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുമായി വിവിധ വാർഡിലുള്ളവർക്ക് താമസംവിനാ ബന്ധപ്പെടുവാൻ സാധിക്കുകയുള്ളൂ.

കുന്നുകളേയും താഴ്വരകളേയും വലയം ചെയ്തുപോകുന്ന ഗ്രാമീണ റോഡുകളിലൂടെയുള്ള ഗതാഗതം അപകടം നിറഞ്ഞതായി മാറിക്കൊണ്ടിരിക്കുന്നു. ആവശ്യമായ സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടിയും വളവുകളിൽ ഡിവൈഡർ സ്ഥാപിച്ചും വലിയ കയറ്റങ്ങൾ ആധുനിക യന്ത്രങ്ങളുടെ സഹായത്തോടെ കയറ്റം കുറയ്ക്കുകയും വേണം പൈപ്പ് ലൈൻ ഇടയ്ക്കിടെ പൊട്ടി വെള്ളം റോഡിൽ എത്തുന്നതും അതിനു വേണ്ടി മണ്ണ് നീക്കിയ കുഴികൾ മൂടാതിരിക്കുകന്നുതിനാലും അപകടം ക്ഷണിച്ചു വരുത്തുകതന്നെയാണ് ചെയ്യുന്നത്. ഇങ്ങിനെ ചെയ്യാൻ ഗതാഗത സംവിധാനം കൂടുതൽ കരുത്താർജ്ജിച്ച് വരുമെന്നതിൽ സംശയിക്കേണ്ടതില്ല. പഞ്ചായത്ത് തലത്തിൽ ഒരു മിനി ബസ്സ്റ്റാൻറ് സ്ഥാപിക്കേണ്ടതാണ്. മറ്റുപറമ്പുകളിൽ വാഹനങ്ങൾ കയറ്റിവെക്കുന്നത് തടയേണ്ടതാണ്. അതുപോലെ തന്നെ പഞ്ചായത്തിനകത്ത് ടാക്സികൾ പാർക്ക് ചെയ്യുന്നതിന് പ്രത്യേക സൗകര്യം ഇല്ല. തലങ്ങും വിലങ്ങും ഇട്ട റോഡിൽ ഗതാഗത സ്തംഭനം നിത്യ സംഭവമാകുന്നു. ഇതും തടയപ്പെടേണ്ടതാണ്.

കുറ്റ്യാട്ടൂർ പഞ്ചായത്തിന്റെ വടക്കെ അറ്റം പുഴയാണ്. അതിനാൽ തന്നെ അയൽ പഞ്ചായത്തുമായി ബന്ധപ്പെടുന്നതിന് കടത്തുവഞ്ചിയെ ആശ്രയിക്കേണ്ടിവരുന്നു. ഈ ഭാഗങ്ങളിൽ രണ്ട് കടത്തുകളാണ് ഉള്ളത്. ഓരോ കടത്തിലും ദിവസം ശരാശി 250 പേർ യാത്രക്കാരായി ഉണ്ടാകും എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇവിടെയാണ് പാവന്നൂർക്കടവ് പാലത്തിന്റെ നിർമ്മാണം ആവശ്യപ്പെടുന്നത്. ചൂളിയാട്. മലപ്പട്ടം ഭാഗങ്ങളിൽ എത്തണമെങ്കിൽ വളപട്ടണം

പാലം കടന്നോ അതല്ലെങ്കിൽ ഇരിക്കൂർ പാലം കടന്നോ വേണം മറുകര പറ്റാൻ. ഇതാകട്ടെ കിലോമീറ്ററോളം അപ്പുറത്തുമാണ്. അതു കൊണ്ട് തന്നെ ഇത്രയും വേഗം നിർദ്ധിഷ്ട പാലത്തിന്റെപണി ആരംഭിക്കേണ്ടതുണ്ട്. ഇത് യാഥാർത്ഥ്യമാവുകയാണെങ്കിൽ ഗതാഗത ത്തിന്റെ ചരിത്രത്തിൽ നവോഥാനമായി മാറും

മുൻപേ പറഞ്ഞതുപോലെ പഞ്ചായത്ത് ഭൂപ്രകൃതി കുന്നുകളാലും താഴ്വരകളാലും നിറഞ്ഞതിനാൽ ഗതാഗതം റോഡുകളിൽ മാത്രം ഒതുങ്ങിന്നില്ല. അതിനാൽ ഗ്രാമീണ നടപ്പാതകളും തോടുകൾക്ക് ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ലാബുകളുമിട്ട് ഗതാഗതം കൂടുതൽ സുഗമമാക്കാൻ കഴിയണം. ഇങ്ങിനെയുള്ള പ്രദേശങ്ങളിൽ മഴക്കാലമാ യാൽ കാൽനട യാത്ര ദുസ്സഹം തന്നെയാണ്. റോഡുകളിൽ നിന്ന് പാടശേഖരങ്ങളിലേക്ക് ട്രാക്ടറുകളും ടില്ലറുകളും മറ്റു കാർഷിക യന്ത്രങ്ങളും ഇറക്കുന്നതിനുള്ള സൗകര്യം വളരെ കുറവാണ്.

അതുപോലെ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം എടുത്തുപറയേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളോട് ബസ് തൊഴിലാളി കൾക്കുള്ള സമീപനം മാറ്റിയെടുക്കേണ്ടതാണ്. സ്റ്റോപ്പിൽ ബസ്സ് നിർത്തി വിദ്യാർത്ഥികളെ കയറ്റുന്നുണ്ടോ എന്നം പരിശോധിക്കേ ണ്ട താണ്. അതുപോലെ വാഹനങ്ങളുടെ മത്സര ഓട്ടം അവസാനിപ്പിക്കേണ്ടതാണ്. കൂടുതൽ റണ്ണിംങ്ങ് ടൈം അനുവദിച്ച് ഇത് പരിഹരി ക്കാൻ കഴിയും. അതുപോലെ പ്രധാന ബസ്സ്റ്റോപ്പ്കളിൽ എല്ലാം തന്നെ വെയിറ്റിംങ്ങ് ഷെൽട്ടർ നിർമ്മിക്കേണ്ടതാവശ്യമാണ്.

റോഡുകളുടെ സംരക്ഷണം അത തുപ്രദേശത്തെ ജനങ്ങൾ ഏറ്റെടുത്താൽ മാത്രമെ റോഡ് ഗതാഗത യോഗ്യമാക്കുവാൻ കഴിയുകയുള്ളൂ. നില വിലുള്ള റോഡുകൾ അർഹിക്കുന്ന ഗൗരവത്തിൽ സംരക്ഷിക്കേ ണ്ട തുണ്ട്. റോഡുകൾ വ്യക്തികളുടെ ഉപയോഗം കൊണ്ട് ഉപയോഗ ശൂന്യമാക്കുന്ന പ്രവണത

പഞ്ചായത്തിലുടനീളം കാണുന്നു. ഇത് തടയപ്പെടേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നു വന്ന എല്ലാ പ്രശ്നങ്ങളും പരാതികളും അർഹി ക്കുന്ന ഗൗരവത്തിലും മുൻഗണനാക്രമത്തിലും ചെയ്തുതീർക്കേടതാണ്. പുതിയവ നിർമ്മി ക്കുകയാണെങ്കിൽ ഭാവി സൗകര്യം കൂടി കണ ക്കിലെടുത്ത് വേണം നിർമ്മിക്കാൻ.

ഗതാഗത സംവിധാനം 40%ഓളം നമ്മൾ കൈവരിച്ചെങ്കിലും അന്യപ്രദേശങ്ങളുമായി യഥേഷ്ടം ബന്ധപ്പടാൻപാകത്തിൽ നിർമ്മി ക്കാൻ സാധിച്ചിട്ടില്ല. ഇത് സാധ്യമായാൽ ഗ താഗതത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ സുന്ദരവും ദൃഢവുമായൊരു മുഖം ദർശി ക്കാൻ കഴിയും. അതിനുകഴിയുമാറാകട്ടെ.

പ്രശ്നങ്ങൾ

1. ജനപങ്കാളിത്തമില്ലാത്ത അവസ്ഥയിൽ റോഡിന്റെ സ്ഥിതി മോശമായിക്കൊണ്ടിരിക്കുന്നു.
2. വാർഡുകളിൽ യഥേഷ്ടം പോകാൻ പാകത്തിലുള്ള ഗതാഗത സൗകര്യമില്ല.
3. ചില വാർഡുകളിൽ ഉള്ളവർക്ക് പുറം ലോകവുമായി ബന്ധപ്പെടാൻ ഉതകുന്ന തരത്തിൽ റോഡില്ല.
4. നിലവിലുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതല്ല.
5. റോഡുകൾക്കാണെങ്കിൽ ഓവുചാലുക ളുടേയും കൾവർട്ടിന്റേയും ദൗർലഭ്യം.
6. റോഡുകൾക്ക് പലയിടത്തും വേണ്ടത്ര വീതിയില്ല.
7. കയറ്റങ്ങളും ഹെയർപ്പിൻവളവുകളും യാത്ര സുഗമമാക്കാൻ സാധിക്കുന്നില്ല.
8. റോഡുകൾ കാലാകാലങ്ങളിൽ അറ്റകു റ്റപ്പണി നടത്താറില്ല.
9. പടർന്നുപന്തലിച്ച വൃക്ഷങ്ങളുള്ളതിനാൽ റോഡിൽ കൂടിയുള്ള യാത്ര ദുസ്സഹമാണ്.
10 മഴക്കാലങ്ങളിലും മറ്റും കയറിനിൽക്കാൻ ബസ്റ്റോപ്പ്കളിൽ ഷെൽട്ടറുകൾ ഇല്ല.
11. കടത്തുവള്ളങ്ങൾക്ക് അടുക്കുവാൻ ജട്ടി സൗകര്യമില്ല.

12. മലയോര മേഖലയുമായി താമസംവിന ബന്ധപ്പെടുവാൻ സാധിക്കുന്നില്ല.
13. തീരെ ഗതാഗത സൗകര്യമില്ലാത്ത പ്രദേശം പഞ്ചായത്തിനകത്തുണ്ട്.
14. ടെലഫോൺ-കേബിൾ-പൈപ്പ് എന്നിവയ് ക്കടുത്ത കുഴികൾ യഥാസമയം മൂടുന്നില്ല.
15. ബസ്സ് ഗതാഗതത്തിന് ഉതകുന്ന റൂട്ടുകളിൽ ബസ്സ് ഗതാഗതം ഇല്ല.
16, പടർന്നു പന്തലിച്ച വൃക്ഷശിഖരങ്ങളും ടെലഫോൺ - വൈദ്യുതപോസ്റ്റും ഗതാഗതം സുഗമമാക്കാൻ സഹായിക്കുന്നില്ല.
17. ചില വാർഡുകളിൽ നിന്ന് പഞ്ചായ ത്താസ്ഥാനത്തെത്താൻ ഗതാഗത സൗകര്യം ഇല്ല.

സാധ്യതകൾ

1. എല്ലാറോഡുകൾക്കും ഓടകൾ നിർമ്മി ക്കുവാനുള്ള സന്നദ്ധ പ്രവർത്തനം നടത്തുക
2.ബഹുജനസഹകരണത്തോടെ റോഡുക ളുടെ അറ്റകുറ്റപ്പണി നടത്തൽ പരപാടി
3. പ്രധാന റോഡുകൾ ടാർ ചെയ്യൽ പദ്ധതി
4. മുൻഗണനാ ക്രമത്തിൽ പുതിയ റോഡുകൾ നിർമ്മിക്കാൻ പദ്ധതി
5. റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
6. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ കൾവർട്ട് നിർമ്മിക്കുക.
7. അപകടങ്ങൾ ഒഴിവാക്കാൻ റോഡ് വീതി കൂട്ടി ഡിവൈഡറുകൾ നിർമ്മിക്കുക.
8. സന്നദ്ധ പ്രവർത്തനത്തിലൂടെ ഫുട്പാത്ത് നിർമ്മാണം
9. തോടുകൾക്ക് സ്ലാബിട്ട് ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.
10. റൂട്ടുകളിൽ കെ.എസ്,ആർടി.സി ബസ്സ് അനുവദിക്കുക.
11. ടാക്സി സ്റ്റാൻറ്, മിനി ബസ്സ്സ്റ്റാൻറ് സ്ഥാപിക്കുക.

7

പാർപ്പിടവും സാമൂഹ്യക്ഷേമവും

കാലാവസ്ഥക്കും ഭൂമിശാസ്ത്രത്തിനും അനുയോജ്യമായ പാർപ്പിടസങ്കൽപ്പത്തിൽ നിന്നും നാം ഏറെ മാറിയിരിക്കുന്നു. കൃഷിക്കും താമസത്തിനും ഒരു പോലെ സൗകര്യപ്രദമായ രീതിയിൽ വിശാലമായ നെൽവയൽക്കരയോടു ചേർന്നാണു വീടുകൾ നിർമ്മിച്ചിരിക്കുന്നത്. പ്രാദേശികമായി നിർമ്മിച്ചെടുക്കുന്ന മൺകട്ടകളുടെ ചുമരും ഓലമേഞ്ഞ മേൽക്കൂരകളുള്ള വീടുമായിരുന്നു ഭൂരിഭാഗവും കോരളീയ വാസ്തുശില്പത്തിന്റെ ഉദാത്ത മാതൃകയിൽ വിശാലമായ കുളവും കളപ്പുരയും നല്ലറയുമുള്ള വീടുകൾ അന്നത്തെ പ്രത്യേകതയായിരുന്നു. സമീപകാലത്തായി കെട്ടിടനിർമ്മാണ രീതിയിൽ സമൂലമായ മാറ്റം ദൃശ്യമാണ്. ഓലമേഞ്ഞതും ഓടുമേഞ്ഞതുമായ കെട്ടിടങ്ങളുടെ സ്ഥാനത്ത് ആഡംബരങ്ങൾ നിറഞ്ഞ കോൺക്രീറ്റു മന്ദിരങ്ങൾ സ്ഥാനം പിടിക്കുകയാണ്.

1991ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 3558 വീടുകളിലായി 22501 ആളുകൾ താമസിക്കുന്നു. കുറ്റ്യാട്ടൂർ പഞ്ചായത്തിലെ കെട്ടിടനിർമ്മാണ കണക്കനുസരിച്ച് 1996ൽ 6063 കെട്ടിടങ്ങൾ ഉണ്ട്. ഇതിൽ 4738വീടുകളാണ്. കെട്ടിടങ്ങളിൽ 80% ത്തോളം ഓടുമേഞ്ഞതാണ്. 22% കെട്ടിടങ്ങൾ ഓടുമേഞ്ഞതും ഓലമോഞ്ഞതുമായ കൂടിലുകളാണ്.

കെട്ടിടനിർമ്മാണ അസസ്മെൻറ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ സ്വഭാവം 1996

ആകെ കെട്ടിടങ്ങൾ	വീടുകൾ	മറ്റുസ്ഥാപനങ്ങൾ	ഒന്നിൽ കൂടുതൽ നിലയിലുള്ള കെട്ടിടങ്ങൾ	ടെറസ്	ഓട്	ഓല	കൂടിൽ
6063	4738	1325	875	579	3267	37	1305

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും കക്കൂസുണ്ട്. കുളിമുറിയും കിണറുമില്ലാത്ത വീടുകൾ അനവധിയുണ്ട്. ഓടു മേഞ്ഞ അനവധി വീടുകൾ താൽക്കാലികമായി നിലനിൽക്കുന്ന മരങ്ങൾ കൊണ്ട് പണിതതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കുടിലുകളും ഓല മേഞ്ഞ വീടുകളും പാർപ്പിടനിർമ്മാണ രംഗത്ത് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതിലേക്ക് വെളിച്ചം വീശുന്നു.

പഞ്ചായത്തിൽ ദുർബല വിഭാഗങ്ങൾ താമസിക്കുന്ന വിവിധ കേളനികൾ നിലവിലുണ്ട്. പട്ടിക താഴെ ചേർക്കുന്നു.

കോളനികൾ	കോളനികളുടെ എണ്ണം	വീടുകൾ	സ്ഥലം അനുവദിച്ചവരുടെ എണ്ണം	പട്ടയം കിട്ടാത്തത്
ലക്ഷം വീടുകോളനി	2	20	20	2
പട്ടികജാതി കോളനി	6	94	-	-
ഭൂരഹിത തൊഴിലാളി പുനരധിവാസ ഭവന നിർമ്മാണ പദ്ധതിയിൽ 4 സെൻറ് പതിച്ചു നൽകിയ കോളനി	3	5	80	69
ലക്ഷം വീടു കോളനിയിൽ പുതുതായി സ്ഥലം പതിച്ചു നൽകിയത്	-	-	8	8

ഭൂരഹിത തൊഴിലാളികൾക്കായി പഞ്ചായത്ത് സ്ഥലം അക്വയർ ചെയ്യുകയും ചട്ടുകപ്പാറ, വെങ്ങാറമ്പ്, വടുവൻകുളം എന്നീ സ്ഥലങ്ങളിലായി 80 പേർക്ക് 4 സെൻറ് ഭൂമി പതിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഇവരിൽ 11 കുടുംബങ്ങൾക്ക് മാത്രമാണ് പട്ടയം കിട്ടിയിട്ടുള്ളത്. പട്ടയം കിട്ടാത്തവർ വീടു നിർമ്മിക്കാൻ വായ്പ ലഭിക്കുവാൻ ബുദ്ധിമുട്ടുന്നു. പത്താം മൈൽ, ചട്ടുകപ്പാറ ലക്ഷം വീട് കോളനികൾ വൈദ്യുതി എത്തിയിട്ടില്ല. പട്ടികജാതി വിഭാഗങ്ങളിൽ വീടുകൾ പണിയുവാൻ അവശേഷിക്കുന്നവരുടെയും ഓലമേഞ്ഞതും പഴകിയതുമായ കുടിലുകളും പുതുക്കി പണിയുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

പുറംമ്പോക്കിൽ താമസിക്കുന്നവർ നാമമാത്രമായിട്ടേ പഞ്ചായത്തിലുള്ളൂ. തമിഴ് നാട്ടിൽ നിന്നും കുടിയേറിപ്പാർത്ത 50 ഓളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥലമോ പാർപ്പിടമോ ഇല്ല. വാടകമുറികളിൽ താമസിക്കുന്നു.

കെട്ടിടനിർമ്മാണത്തിന് ധനസഹായത്തിന് വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവ്വാസ് സഹകരണ ബേങ്ക്. കാർഷിക വികസനബേങ്ക്, ഇരിക്കൂർ ഹൗസിംങ്ങ് സൊസൈറ്റി മറ്റുസർക്കാർ ഏജൻസികൾ എന്നീ സ്ഥാപനങ്ങളെയാണ് വായ്പകൾക്കായി ആശ്രയിക്കുന്നത്.നാമമാത്രമായ ആളുകൾക്കേ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുന്നുള്ളു. പഞ്ചായത്തിലോ സമീപപ്രദേശങ്ങളിലോ ഹൗസിംങ്ങ് സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല എന്ന പോരായ്മ നിലനിൽക്കുന്നു. സർക്കാർ ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി 42 വീടുകൾക്കാണ് 92 മുതൽ ആനുകൂല്യം ലഭിച്ചത്.

ഡാനിഷ് ഗവൺമെൻറിൻെറ സഹായത്തോടെ കുറ്റ്യാട്ടൂർ പഞ്ചായത്തിൻെറയും സോഷ്യോ എക്കണോമിക്ക് യൂണിറ്റിൻെറയും (കോഴിക്കോട്)സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ സേനിറ്ററി കക്കൂസ് നിർമ്മാണം ഈ രംഗത്തുണ്ടായ എടുത്തുപറയത്തക്ക ഒരു നേട്ടമാണ്. 1570 കക്കൂസുകൾ ഈ പരിപാടിയിൽ പണിതിട്ടുണ്ട്. ഈ പരിപാടിയിലെ ഗുണഭോക്താക്കളുടേയും ജനകീയ കമ്മറ്റികളുടേയും പ്രവർത്തനം ഏതൊരുപരിപാടിയും വിജയിപ്പിക്കുന്നതിനുള്ള ഒരു വഴികാട്ടിയായി നമുക്ക് പരിഗണിക്കാൻ കഴിയും

കെട്ടിനിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, ചെങ്കല്ല്. പൂഴി എന്നിവ പഞ്ചായത്തിൽ ലഭ്യമാണ്. മറ്റുസാമഗ്രികൾ പുറത്തുനിന്നു കൊണ്ടുവരേണ്ടതുണ്ട്. പാവന്നൂരിൽ ഒരു ഇഷ്ടിക നിർമ്മാണ യൂനിറ്റുണ്ടെങ്കിലും അത് വീടു നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നില്ല. കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റവും ഗുണനിലവാരക്കുറവും ഈ രംഗത്തെ പ്രധാന പ്രശ്നമാണ്. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കുറവ് വലിയ പ്രശ്നമല്ലെങ്കിലും വിദഗ്ദ തൊഴിലാളികളുടെ കുറവുമുണ്ട്. ദുർവ്യയമില്ലാത്തതും ചിലവുകുറഞ്ഞതുമായ വീട് നിർമ്മാണത്തിന് വൈദഗ്ദ്യം ലഭിച്ചവർ നമുക്കില്ല. വീട് ഒരാവശ്യം എന്നതിലുപരി അത് ഒരു അന്തസ്സായി കാണുന്ന നമ്മുടെ മനോഭാവം ദുർവ്യയത്തിന് ഇടയാക്കുന്നു.

കെട്ടിട നിർമ്മാണം കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തുന്നത് കുറവാണ്. എന്നാൽ ഭാഗിക ജോലികൾ കരാർ കൊടുക്കുന്ന പ്രവണത കൂടിവരുന്നു.

പ്രശ്നങ്ങൾ

1. കെട്ടിനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരക്കുറവ്
3. ദുർഭല വിഭാഗങ്ങൾക്ക് പതിച്ചുനൽകിയ ഭൂമിക്ക് പട്ടയം കിട്ടാത്ത പ്രശ്നം.
4. വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത.
5. വായ്പ എടുക്കുന്നതിനുള്ള സാങ്കേതിതടസ്സങ്ങൾ മൂലം വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം.
6. ഉയർന്ന പലിശ നിരക്ക്
7. ഹൗസിംങ്ങ് സൊസൈറ്റികൾ ഇല്ല.
8. സർക്കാർ ഏജൻസികൾ നൽകുന്ന വായ്പകളെ കുറിച്ചും ഗ്രേൻറിനെ കുറിച്ചും ഉള്ള അജ്ഞതയും ഈ രംഗത്തെ അഴിമതിയും
9. വിദഗ്ദ തൊഴിലാളികളുടെ കുറവ്.
10. ദുർവ്യയമില്ലാത്ത ഭവന നിർമ്മാണ രംഗത്തുള്ള വിമുഖതയും വൈദഗ്ദ്യക്കുറവും.
11,. വീട് ഒരാവശ്യം എന്നതിലുപരി അത് ഒരു അഭിമാന പ്രശ്നമായി കരുതുന്നു.
12. വീടുകൾ മോടിപിടപ്പിക്കുന്നതിന് കൂടുതൽ പ്രാമുഖ്യം നൽകുന്നു.
13. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
14. കൃഷി ഭൂമി നികത്തി വീടുണ്ടാക്കുന്ന സമ്പ്രദായം.

സാധ്യതകൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകുറക്കുവാനുള്ള നടപടി
2. കെട്ടിനിർമ്മാണ സാമഗ്രികളുടെ ഗുണ നിലവാരം കൂട്ടാനുള്ള പരിപാടി.
3. ഹൗസിംങ്ങ് സൊസൈറ്റി സ്ഥാപിക്കുക.
4. വായ്പ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.
5. ആവശ്യമായവർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ അനുവദിക്കുക.
6. ഭൂരഹിതർക്കും നിർദ്ദനർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി.
7 നിർദ്ധന കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണത്തിന് ഗ്രാൻറും വായ്പയും വർദ്ധിപ്പിക്കുക.

8. ദുർവ്യയമില്ലാത്തതും ചെലവുകുറഞ്ഞതുമായ വീട് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചരണം.
9. നിർമ്മിത കേന്ദ്രം മാതൃകയിലുള്ള സ്ഥാപനം ഉണ്ടാക്കുക.
10. തൊഴിൽ വൈദഗ്ധ്യം ഉയർത്താനുള്ള പരിശീലനം നൽകുക.
11. അസംസ്കൃതസാധനങ്ങൾ ശാസ്ത്രീയമായി ചൂഷണം ചെയ്യുക വഴി വില കുറയ്ക്കുവാനുള്ള പരിപാടി.
12. തമിഴ്നമാട്ടിൽ നിന്നും കുടിയേറിപാർത്തവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി.
13. ദുർവ്യഭവനനിർമ്മാണം നിരുത്സാഹപ്പെടുത്തുവാനുള്ള നികുതി ഘടന.

സാമൂഹ്യക്ഷേമം.

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് ഒരു പിന്നോക്ക പഞ്ചായത്താണ്. മൊത്തം ജനസംഖ്യയുടെ 35% ദരിദ്ര്യജനവിഭാഗങ്ങളാണ് ഈ ഗണത്തിൽപ്പെടുന്നുവർ സാമൂഹ്യമായും പിന്നോക്കമാണെന്നുള്ളത് ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതിലേക്ക് വെളിച്ചം വീശുന്നു.

ദരിദ്ര ജനവിഭാഗങ്ങളുടെ സ്ഥിതി വിശകലനം ചെയ്യുകയാണെങ്കിൽ നിലവിലുള്ള അവസ്ഥ മനസ്സിലാക്കാം. ദാരിദ്ര്യരേഖ്യ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി 1954ൽ വികസന ബ്ലോക്കുകൾ നിലവിൽ വന്നു. പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി 1960 കളിൽ ക്ഷേമ പദ്ധതികൾ ആരംഭിച്ചു. സാമൂഹ്യ ക്ഷേമപദ്ധതികൾ പ്രധാനമായും രണ്ട് വിധത്തിലാണ് നടപ്പിലാക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികളും വിവിധ വിഭാഗ ക്കാർക്കുള്ള പെൻഷനുകളും 1992ലെ ഐ.ആർ. ഡി.പി സർവ്വെ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1056 ആണ്. ഇത് സംസ്ഥാനശരാശരിയേക്കാൾ കുറവാണ്. പക്ഷെ നിരവധി കുടുംബങ്ങൾ ഇനിയും സർവ്വേയിൽ ഉൾപ്പെടേണ്ടതുണ്ട്. വിവിധ ദാരിദ്ര്യ നിർമ്മാർജന പദ്ധതിയിൻ കീഴിൽ 1992ന് ശേഷം പട്ടികജാതിയിൽപ്പെട്ട 89 കുടുംബങ്ങൾക്കും 37 മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ട കുടുംബങ്ങൾക്കും മാത്രമാണ് ഈപദ്ധതിയിൽ ആനുകൂല്യങ്ങൾ ലഭിച്ചത്. കൂടാതെ 2200മീറ്റർ ഗ്രാമീണ റോഡു കൾ ടാർ ചെയ്യുന്ന പ്രവർത്തി നടന്നിട്ടുണ്ട്. ജെ.ആർ.വൈ സ്കീമിൽ 12ഉം എം ഡബ്ലൂഎസ് പദ്ധതിയിൽ 11ഉം ഐ.എ വൈ പ്രകാരം 19വീടുകളും പണിയാൻ സഹായം നൽകിയിട്ടുണ്ട്.എം ഡബ്ലൂ എസ് പ്രകാരം 4കിണറും സി.ആർ.എസ്,പി പ്രകാരം 32കക്കൂസ് നിർമ്മാണത്തിനും സഹായം നൽകിയിട്ടുണ്ട്.5പേർക്ക് ട്രൈസം പരിശീലനവും ഡി.ഡബ്ലൂ .സി.ആർ.എ. പദ്ധതി പ്രകാരം 45 വനിതകൾക്കും സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്.

ഡിഡ്ബ്ലൂ.സി.ആർ.എ യൂനിറ്റ് സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	പദ്ധതി	തൊഴിലാളികളുടെ എണ്ണം	സ്ഥലം
1	ജില്ലിയടി കേന്ദ്രം	15	പാവന്നൂർ
2	ജില്ലിയടി കേന്ദ്രം	10	ചട്ടുകപ്പാറ
3	ജില്ലിയടി കേന്ദ്രം	10	കസ്തൂർബ കോളനി
4	ടൈലറിംങ്ങ്	10	ചെറുവത്തല മെട്ട

ഗ്രാമ വികസന ഓഫീസ് വഴി ഐ. ആർ.ഡി. പി കുടുംബങ്ങൾ നൽകിയ സഹായങ്ങളുടെ വിവരം 1992-1996

സാമ്പത്തിക സഹായം

വർഷം	ഐ.ആർ.ഡി.പി			ജെ.ആർ.വൈ വീടുകൾ	എം.ഡബ്ല്യൂ.എസ്		എ.ഐ.വൈ	സി.ആർ എസ്.പി
	എസ്.എസി	ഒ.സി	ആകെ	എസ്.എസി	വീട്	കിണർ	വീട്	കക്കൂസ്
1192-93	48	15	63	6	8	-	-	11
1993-94	20	7	27	5	1	3	11	9
1994-95	13	7	20	-	1	-	3	3
1995-96	8	8	16	1	1	1	5	9
ആകെ	89	37	126	12	11	4	19	32

ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതിപ്രകാരമുള്ള 4 യൂനിറ്റുകൾ നല്ലനിലയിൽ പ്രവർത്തിക്കുന്നു. ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് തൊഴിൽ നൽകുന്ന പരിപാടി എന്ന നിലയിൽ ഇത്. ഒരു മാതൃക പദ്ധതിയാണെന്ന് വലിയിരുത്താൻ കഴിയും. ട്രൈസം പരിപാടിയിൽ തൊഴിൽ പരിശീലനം കിട്ടിയവർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു പോരായ്മയാണ്.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് നൽകുന്ന വിവിധ ധനസഹായ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു. ലഭിക്കുന്നില്ല എന്നതാണ്. പദ്ധതികളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയും അഴിമതിയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും ആനുകൂല്യങ്ങൾ അർഹരായിവർക്ക് കിട്ടാതിരിക്കാനുള്ള കാരണമാണ്.

1995-96വർഷം ധന സഹായം ലഭിച്ചവിവരം.

ധനസഹായത്തിന്റെ ഇനം	ലഭിക്കുന്നവരുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	2
വിധവാ പെൻഷൻ	13
ക്ഷയരോഗ പെൻഷൻ	5
കർഷക തൊഴിലാളി പെൻഷൻ	55
വികലാംഗ പെൻഷൻ	26
തൊഴിലില്ലായമ വേതനം	60

ഈ കണക്കുകൾ സൂചിപ്പിക്കുന്നത് അർഹരായ നിരവധി പേർക്ക് ധനസാഹായങ്ങൾ

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 23 അംങ്കൺവാടികളും രണ്ട് മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നു. അംഗൻ വാടികൾക്ക് പരിമിതമായ ഭൗതീക സൗകര്യങ്ങളേ നിലവിലുള്ളൂ. നാല് അംഗനവാടി കൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിമുള്ളത്. ചെമ്മാടം, കാവുംചാൽ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലമുണ്ട്. ഇതിൽ അംഗനവാടി കേന്ദ്രം നമ്പർ 56ന് സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ കെട്ടിടം പണിയാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്വന്തമായി കെട്ടിടമില്ലായ്മ, കളിപ്പാട്ടങ്ങളുടെ കുറവ്, കുടിവെള്ളപ്രശ്നം യാത്രാസൗകര്യക്കുറവ് തുടങ്ങി നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയിൽ 50.25% സ്ത്രീകളാണ്. എങ്കിലും ഫലപ്രഥമായി

പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ നിലവിൽ ഇല്ല എന്നത് ഖേദകരമാണ്. ആകെയുള്ള രണ്ടെണ്ണത്തിന്റെ സ്ഥിതി തൃപ്തികരമാണെന്ന് പറഞ്ഞുകൂടാ. സ്ത്രീകളുടെ സാമൂഹികസാംസ്കാരിക വളർച്ചക്ക് നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന ഇത്തരം സ്ഥാപനങ്ങുടെ അപര്യാപ്തത ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമെ ലഭിക്കുന്നുള്ളൂ.
2. ഐ.ആർ.ഡി.പി സർവ്വെ ലിസ്റ്റിൽ അർഹരായ മുഴുവൻ കുടുംബങ്ങളും ഉൾപ്പെട്ടിട്ടില്ല.
3. ഐ.ആർ.ഡി.പി സാമ്പത്തിക സഹായങ്ങളെ കുറിച്ചുള്ള വിവരങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
4. ട്രൈസം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുന്നില്ല.
5. തൊഴിൽ ദാന പദ്ധതികളുടെ നടത്തിപ്പിലുള്ള കാര്യക്ഷമത ഇല്ലായ്മ
6. സഹായം കിട്ടാനുള്ള കാലതാമസവും സങ്കീർണ്ണതയും.
7. ഗ്രാമവികസന ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമല്ല.
8. അർഹരായ നിരവധിപേർക്ക് പെൻഷൻ ആനുകൂല്യങ്ങളും തൊഴിലില്ലായ്മ വേതനവും കിട്ടുന്നില്ല.
9. മഹിളാസമാജങ്ങളുടെ കുറവ്.
10. അംഗനവാടികളുടെ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.
11. അഴിതിയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും
12. ആനുകൂല്യങ്ങളെ പറ്റിയുള്ള അറിവില്ലായ്മ.

സാധ്യതകൾ

1. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റ് അർഹരായവരെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കുക.
2. ഐ.ആർയഡി.പി ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കണം.
3. ഡി.ഡ്ബ്ലൂ.സി.ആർ.എ യൂനിറ്റുകൾ എല്ലാവാർഡിലും സ്ഥാപിക്കണം,
4. ട്രൈസം പരിശീലനം തുടർന്നും നൽകണം.
5. ട്രൈസം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ വസരം സൃഷ്ടിക്കണം.
6. ധനസഹായ പദ്ധതികൾക് അർഹരായവരെ കണ്ടെത്തി ആനുകൂല്യം ലഭ്യമാക്കാനുള്ള ജനകീയ കമ്മറ്റികൾ രൂപീകരിക്കണം,
7. ഏതൊരു അപേക്ഷകൾ കിട്ടിയാലും അപേക്ഷകർക്ക് രശീത് നൽകണം.
8. അംഗനവാടികൾക്ക് ജനകീയ സഹകരണത്തോടെ കെട്ടിടങ്ങൾ പണിയുകയും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം.
9. റവന്യൂ പുറംമ്പോക്ക് ഭൂമികൾ അംഗനവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് സൗജന്യമായി അനുവദിക്കണം.
10. നിലവിൽ അംഗൻവാടികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി അംഗനവാടികൾ അനുവദിക്കണം.
11. എല്ലാഅംഗനവാടികൾ കേന്ദ്രീകരിച്ചും മഹിളാ സമാജങ്ങൾ രൂപീകരിക്കണം.
12. അംഗൻവാടികൾ കേന്ദ്രമാക്കിയുള്ള അമ്മമാർക്കും കുട്ടികൾക്കുമുള്ളപോഷകാഹാര പരിപാടി ഫലപ്രദമാക്കണം.



8

വനിതാ ക്ഷേമം

ലോക ചരിത്രത്തിന്റെ ഗതി വിഗതികളിൽ നിർണ്ണായ പങ്കു വഹിച്ച ഒരു വിഭാഗമാണ് വനിതകൾ ശാസ്ത്ര, സാങ്കേതിക, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ-സേവന മേഖലകളിൽ വ്യക്തി മുദ്രപതിപ്പിച്ച വനിതകളെക്കുറിച്ച് ലോകചരിത്രതാളുകളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്.

പൗരാണിക കാലഘട്ടത്തിൽ സ്ത്രീക്ക് ലഭിച്ചിരുന്ന മാന്യമായ സ്ഥാനത്തിന് മധ്യകാലത്തെ ജന്മിത്വത്തിന്റെ ആവിർഭാവത്തോടുകൂടി കോട്ടംതട്ടാൻ തുടങ്ങി. ഇതിന്റെ മാറ്റൊലി നമ്മുടെ കുറ്റ്യാട്ടൂരിലും പ്രതിധ്വനിച്ചു ജന്മിത്വത്തിന്റെ എല്ലാത രത്തിലുള്ള ക്രൂരതകളും ഏറ്റുവാങ്ങേണ്ടി വന്നവരാരിയിരുന്നു ഞങ്ങളുടെ മുൻ തലമുറക്കാർ അക്കാലത്ത് വനിതകൾക്ക് വിദ്യാഭ്യാസം ചെയ്യുവാനും. ഒരുപരിധിയിൽ കൂടുതൽ വസ്ത്രം ധരിക്കാനുമുള്ള അവകാശം പോലും നിഷിദ്ധമായിരുന്നു.മാത്രവുമല്ല. മാനസികവും ശാരീരികവുമായ ഒട്ടനവധി ചൂഷണങ്ങൾക്കും അവർ വിധേയരായിരുന്നു. ഭൂപരിഷ്ക്കരണവും സാമൂഹ്യരംഗത്തുള മറ്റ് പരിഷ്ക്കരണ പ്രസ്ഥാനങ്ങളും സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്. വിദ്യാഭ്യാസം സാർവ്വത്രികമാക്കിയതോടുകൂടി ആ രംഗത്തും സ്ത്രീകൾ മുന്നോട്ടുവരാൻ തുടങ്ങി. ഇന്നത്തെ തലമുറയിലുള്ള സ്ത്രീകൾ വിദ്യാഭ്യാസരംഗത്തും സാമൂഹ്യസാംസ്ക്കാരിക രാഷ്ട്രീയ രംഗത്തും കാലാനുസൃതമായി പുരോഗതി പ്രാപിച്ചിട്ടുണ്ട്.എന്നുതന്നെ പറയാം. എങ്കിലും ഇനിയും ഏറെ പുരേഗതി കൈവരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ മൊത്ത ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന വനിതകളുടെ പൊതുസ്ഥിതിയെപ്പറ്റിയുള്ള ഒരവലോകനത്തിലേക്ക് കടക്കാം.

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിന്റെ മൊത്തജനസംഖ്യയിൽ 50.25% വനിതകളാണ്. മൊത്ത ജനസംഖ്യയൽ 1000 പുരുഷന്മാർക്ക് 1010 സ്ത്രീകളാണ് ഉള്ളതെങ്കിലും പട്ടിക ജാതിക്കാരിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്.

സ്ത്രീ പുരുഷാനുപാതം	(1000ന്)
ഇന്ത്യ	929
കേരളം	1036
കണ്ണൂർ	1101
കുറ്റ്യാട്ടൂർ	1010

(സെൻസസ് 1991)

മൊത്ത ജനസംഖ്യ

വർഷം	1991		1995	
	എണ്ണം	ശതമാനം	എണ്ണം	ശതമാനം
സ്ത്രീകൾ	11306	50.25	11996	50.56
പുരുഷൻ	11195	49.75	11732	49.44
ആകെ	22501	100.00	23728	100.00

1995 - ലെ കണക്കനുസരിച്ച് 1000 പുരുഷന്മാർക്ക് 1022 സ്ത്രീകൾ വരും. ഇത് സംസ്ഥാന ശരാശരിയേക്കാളും ജില്ലാശരാശരിയേക്കാളും കുറവാണ്. മൊത്തം 4738 കുടുംബങ്ങളിൽ 748 ഓളം കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലുള്ളതാണ്.

91ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം സാക്ഷരതാ നിരക്ക് 77.3%മാണ്. ഇതിൽ പുരുഷ സാക്ഷരത 81.4%വും സ്ത്രീ സാക്ഷരത 73.3% വുമാണ്. സാക്ഷരതാ നിരക്കിൽ മുസ്ലീം, പട്ടികജാതി, വിഭാഗക്കാർക്കിടിയിൽ സ്ത്രീകൾ പിന്നിലാണെന്ന് കണക്കുകൾ കാണിക്കുന്നു. സാക്ഷരതാ പ്രവർതനത്തിൽ പഞ്ചായത്തിലെ വനിതകൾ ഉജ്ജ്വലമായ പ്രവർത്തനം കാഴ്ച വെച്ചിട്ടുണ്ട് എന്നുതന്നെ പറയാം. മൊത്തം 4609 സ്കൂൾ വിദ്യാർത്ഥികളിൽ 2265 പെൺസത്തിന്റെ കുട്ടികളാണുള്ളത്. ഉന്നത വിദ്യാഭ്യാ കാര്യത്തിൽ സ്ത്രീകളും പുരുഷന്മാരും ഒപ്പത്തിനൊപ്പമാണെങ്കിലും, സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ ഇന്നും പിറകിലാണ്.

ആരോഗ്യനിലവാരത്തിൽ സ്ത്രീകളുടെ അവസ്ഥ വിലയിരുത്തപ്പെടേണ്ടതാണ്. സ്ത്രീകളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അംഗൻവാടി, സബ്സെൻറർ എന്നിവ മുഖാന്തിരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്ര ഗവ: മെൻറിന്റെ വനിതാ ക്ഷേമ പദ്ധതിയായ 'മഹിളാ സ്വസ്ഥ് സംഗ്' (എം എസ് എസ്) എല്ലാവാർഡിലും, ജെ.പി.എച്ച്.എൻ കൺവീനറായി പ്രവർത്തിക്കുന്നുണ്ടെങ്കിലും പൂർണ്ണമായും ഫലപ്രദമല്ല. എം.എസ്.എസ് ന്റെ കാര്യക്ഷമമായ പ്രവർത്തനം സ്ത്രീകളുടെ ആരോഗ്യകാര്യത്തെ ബഹുദൂരം മുന്നോട്ടുകൊണ്ടുപോകുവാൻ സഹായിക്കും.

വനിതകളുടെ തൊഴിൽ പങ്കാളിത്തം

വിവിധ മേഖലകൾ	എണ്ണം
കൃഷി	945
കരിങ്കൽ	595
ചെങ്കൽ	168
കെട്ടിടനിർമ്മാണം	76
അദ്ധ്യാപനം	74
സഹകരണം	6
ഖാദി	14
മറ്റുള്ളവ	127
ആകെ	2005

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും വനിതകളുടെ പ്രധാന തൊഴിൽ മേഖല കൃഷി, കരിങ്കൽ, ചെങ്കൽ എന്നിവയാണെന്ന് മനസ്സിലാക്കാം. വനിത കളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 17.73% ആണ്. ഇത് ജില്ലാശരാശരിയേക്കാളും കൂടുതലാണ്. സംസ്ഥാനത്ത് സ്ത്രീകൾക്ക് മുൻകൈയുള്ള അദ്ധ്യാപന രംഗത്തിൽ നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാരാണ് കൂടുതൽ.

ഭക്ഷണം പാകം ചെയ്യൽ വീടും പരിസരവും ശുചിയാക്കൽ, കുട്ടികളുടെ പരിപാലനം, വസ്ത്രം കഴുകൽ എന്നിവയെല്ലാം വനിതകളുടെ മാത്രം ചുമതലയാണെന്ന ഒരു മിഥ്യാധാരണ എല്ലാവരുടെയിടയിലും ഉണ്ട്. വീട്ട് ജോലുകൾക്ക് പുറമെ അനുബന്ധ തൊഴിലുകളായ ആടുമാടുകളെ വളർത്തൽ, പുരയിട കൃഷി, വിറക് ശേഖരണം തുടങ്ങിയ ജോലികളും അവർ ചെയ്തുവരുന്നു.

കാർഷിക മേഖലയിലാണ് സ്ത്രീകൾ ഏറ്റവും കൂടുതൽ ജോലിചെയ്യുന്നത്. ഈ മേഖലയിൽ സ്ത്രീപുരുഷ തൊഴിലാളിക ൾക്കിടയിൽ കൂലി അന്തരം നിലനിൽക്കുന്നു. ജീവിത നിലവാരത്തി ന്നനുസരിച്ച കൂലി കാർഷിക മേഖലയിൽ ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം ചെങ്കൽ. കരിങ്കൽ മേഖലകളിൽ നിരവധി സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. സംഘടിത ട്രേഡ് യൂനിയന്റെ പ്രവർത്തനം ഈ രേഖയിലെ തൊഴിലാ ളികളുടെ ക്ഷേമകാര്യത്തിന് വളരെയധികം സഹായകമാവുന്നുണ്ട്. സ്ത്രീ തൊഴിലാളികൾ മാത്രമുള്ള ഏക വ്യവസായ കേന്ദ്രമായ ഖാദി യൂനിറ്റിലെ കുറഞ്ഞ നിരക്കിലുള്ള വേതനം ആ മേഖലയെ അനാകർഷകമാക്കുന്നു.

ഡി.ഡ്ബ്ലു.സി.ആർ.എ യുടെ കീഴിൽ പ്രവർ ത്തിക്കുന്ന നാല് യൂനിറ്റാണ് ഉള്ളത്. ചെറുവത്തല മൊട്ടയിലുള്ള തുന്നൽ പരിശീലന കേന്ദ്രവും ചട്ടുകപ്പാറ, പാവന്നൂർ മൊട്ട, കസ്തൂർഭാ കോളനി, എന്നിവിടങ്ങളിലുള്ള ജില്ലി യൂനിറ്റുമാണ് ഇവ .ഇത് കൂടാതെ രണ്ട് വനിത സഹകരണ സംഘങ്ങളും പ്രവർത്തി ക്കു ന്നുണ്ട്.

നിരവധി മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും കേവലം രണ്ടെണ്ണം (ചെക്കിക്കുളം, പാവന്നൂർമൊട്ട) മാത്രമാണ് അറിയപ്പെടുന്ന രീതിയിലുള്ള പ്രവർത്തനം കാഴ്ചവെക്കുന്നത്. ചെക്കിക്കുളത്തെ പ്രീയദർശിനി മഹിളാസമാജത്തിൽ തുന്നൽ പരിശീലനവും ചെറയിതൊതൊലുള്ള കലാകായി പ്രേത്സാഹന പ്രവർത്തനവും നടത്തുന്നുണ്ട്.

ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ് എന്നിവായണ് വനിതാ നേതൃത്വത്തിലുള്ള സംഘടനകൾ. ബഹുജനസംഘടനകളിൽ ഭൂരിഭാഗവും വനിതകളാണെങ്കിലും അവകുടെ പങ്കാളിത്തം വെറും അംഗത്വത്തിൽ ഒതുങ്ങി നിലക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് പൊതുരംഗത്ത് സ്ത്രീകൾ കൂടുതലായി കടന്നുവരുന്ന പ്രവണത കണ്ടുവരുന്നു. വനിതകൾ പൊതുരംഗത്തേക്ക് വരാതിക്കാ നുള്ള പ്രധാനപ്പെട്ട കാരണങ്ങൾ; സാമൂഹ്യ പരമായ ചുറ്റുപാട്, കുടുംബ ഗാർഹികപരമായ ചുറ്റുപാട്, ബോധവൽക്കരണത്തിന്റെ അഭാവം പുരുഷമേധാവിത്വം കാരണം സ്ത്രീകൾ രണ്ടാം

കിടയിലേക്ക് തള്ളപ്പെടുന്ന അവസ്ഥ പ്രകാടമാണ്.

വനിതകളുടെ സാമൂഹ്യപരമായ പിന്നോകാവസ്ഥക്ക് കാരണം ആഴമേറിയ വായനാശീലത്തിന്റെ പുരുഷ മേധാവിത്വം സാമൂഹ്യ ദ്രോഹികളുടെ കടന്നാക്രമണ് അഭാവവും സാമ്പത്തിക അടിത്തറ ഇല്ലായമ യുമാണ്. നിലവിലുള്ള വായനശാലകളും ഗ്ര ന്ഥാലയങ്ങളും വനിതകൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വനിതകളുടെ കലാകായിക ശേഷി പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർ ത്തനങ്ങളോ, കേന്ദ്രങ്ങളോ ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ട് കേരളോത്സവം പോലുള്ള പരിപാടികളിൽ നമ്മുടെ പഞ്ചായത്തിലുള്ള യുവതികളുടെ പങ്കാളിത്തം പരിമിതമാണ്.

ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കു ന്നതുമൂലവും മറ്റ് പലകാരണങ്ങളാലും പുരുഷന്മാർ സ്ത്രീകളെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്ന അവസ്ഥാ വിശേഷം ചില പ്രദേശങ്ങളിലുണ്ട്.

വനിതകൾക്ക് വേണ്ടി നിരവധി ക്ഷേമ പദ്ധതികൾ ഇന്ന് നിലവിലുണ്ട്. എഹ്കിലും അവയെ കുറിച്ച് ഒരു വ്യക്തമായ അവബോധം വനിതകൾക്കിടയിലില്ല എന്നുള്ളത് ഒരു വസ്തുതയാണ്. വിധവാ പെൻഷൻ ലഭി ക്കുന്നവർ 13പേരാണ്. പഞ്ചായത്തിൽ ആകെ യുള്ളത് ഇതിൽ നിന്നും അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല. എന്നു വ്യക്തമാണ്. ഇപ്പോൾ ക്ഷേമപ്രവർത്തനങ്ങൾ കൂടുതലായും നടക്കുന്നത് അംഗൻവാടിയിലൂടെയാണ്. ആകെ 23 അംഗൻവാടികളിണ് ഉള്ളത്. അതി ൽ 46 സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്. മിക്ക അംഗൻ വാടികൾക്കും സ്വന്തമായ കെട്ടടിവും മറ്റ് സൗകര്യവും ഇല്ലാത്തതുകൊണ്ട് അവയുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുന്നില്ല. അതുകൊണ്ട് തന്നെ ക്ഷേമ പ്രവർത്തനങ്ങളും വേണ്ടത്രകാര്യക്ഷമമല്ല.

പി.എച്ച്.സി, അംഗൻവാടി. മഹിളാ സമാജം എന്നിവയുടെ മെച്ചപ്പെട്ട പ്രവർത്ത നത്തിലൂടെ മാത്രമെ വനിതകളുടെ സർവ്വോ ത്തോന്മുഖമായ വികാസം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

പ്രശ്നങ്ങൾ

1. വനിതകൾക്കിടയിൽ തൊഴിലില്ലായമ രൂക്ഷമായി നിലനിൽക്കുന്നു.
2. തൊഴിൽ മേഖലയിൽ വനിതകളുടെ പങ്കാളിത്തം കുറവാണ്.
3. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
4. വനിതകൾക്കായുള്ള തൊഴിൽ സംരഭങ്ങൾ വളർത്തി എടുക്കുന്നതിൽ സംഘടിതമാ യിട്ടുള്ള ശ്രമങ്ങൾ കുറവാണ്.
5. കാർഷിക മേഖലയിൽ തൊഴിൽ എടുക്കുന്നവർക്ക് ഭാഗികമായി മാത്രമെ തൊഴിൽ ലഭിക്കുന്നുള്ളൂ.
6. പൊതുരംഗത്തും സംഘടനാ നേതൃ ത്വരംഗത്തും വനിതകളുടെ പങ്കാളിത്തക്കുറവ് നിലനിൽക്കുന്നു.
7. വനിതകളുടെ നേതൃഗുണം വർദ്ധി പ്പിക്കാനുള്ള പരിപാടികൾ ഒന്നും തന്നെ നില വിലില്ല.
8. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹം നടക്കുന്നുണ്ട്.
9. സ്ത്രീധന സമ്പ്രദായവും സ്ത്രീ പീഢനവും ചില മേഖലകളിൽ ഉണ്ട്.
10. ഖാദി വ്യവസായ കേന്ദ്രങ്ങളിലുള്ള തൊഴിലാളികളുടെ കുറഞ്ഞനിരക്കിലുള്ള വേതനം അതിന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു.
11. വനിതകളുടെ ഗഹനമേറിയ വായനാശീലം പൊതുവേ കുറവാണ്.
12. വിധവാ പെൻഷൻഅർഹരായവർക്ക് മുഴുവൻ ലഭ്യമാകുന്നില്ല.

13. ശിശുക്കളുടെ സംരക്ഷണത്തിന് ആവശ്യമായ ക്രഷുകളുടെ അഭാവം

14. കലാകായിക പ്രവർത്തനങ്ങളിൽ മികവു പുലർത്താനുള്ള സംവിധാനം ഇല്ലായ്മ.

15. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.

16. സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വനിതകളെ മോശമായി രീതിയിൽ നോക്കിക്കാണുന്ന അവസ്ഥ

17. അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നു.

18. ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് പൂർണ്ണമായും അറിവില്ലായ്മ.

സാധ്യതകൾ

1. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ താഴെ പറയുന്ന കേന്ദ്രങ്ങൾ അനുയോജ്യമായ പ്രദേശങ്ങളിൽ സ്ഥാപിക്കുക.

1. തുന്നൽ പരിശീലന കേന്ദ്രം.
2. ജില്ലി അടി യൂനിറ്റ്
3. വനിതാഹോട്ടൽ
4. പഴസംസ്ക്കരണ കേന്ദ്രം
5. കുട, സോപ്പ്, മെഴുകുതിരി നിർമ്മാണ കേന്ദ്രങ്ങൾ
6. ബുക്ക് ബൈൻഡിംങ്ങ് കേന്ദ്രം
7. ക്ഷീരോൽപന്ന യൂനിറ്റ്
8. കോഴിവളർത്താൽ കേന്ദ്രം

2. നിലവിലുള്ള ഉപഭോഗ സംസ്കാരത്തിന്റെ അശാസ്ത്രീയയെക്കുറിച്ച് ബോധവൽക്കരിക്കുക.

3. ഐ.ആർഡിപി സ്കീമിൽ നടത്തുന്ന ട്രൈസം പദ്ധതിയിൽ വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകി തൊഴിലവസരങ്ങൾ സൃഷ്ടി.

4. കുൺകൃഷി. പുഷ്പ കൃഷി പോലുള്ളവ ആരംഭിച്ച് വ്യാപിക്കുക.

5. വ്യവസായ സംരഭങ്ങൾക്ക് നിർദ്ദേശിക്കുന്ന വരുമാന പരിധി ഒഴിവാക്കുക.

6, സ്ത്രീധന സമ്പ്രദായം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹം എന്നിവ നിർത്തലാക്കാൻ സമൂഹത്തെ ബോധവൽക്കരിക്കുക.

7. പൊതുരംഗത്ത് പങ്കാളിത്തം വർദ്ധിപ്പിക്കാനും, നേതൃഗുണം മെച്ചപ്പെടുത്താനും വേണ്ടി ബോധവൽക്കരണ ക്യാമ്പുകൾ

8. മഹിളാ സമാജങ്ങൾ ഇല്ലാത്ത മേഖലയിൽ അവ രൂപീകരിക്കാനും, നിലനിലുള്ളവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ആവശ്യമായ സഹായങ്ങൾ ചെയ്യുക.

9. വായനാശാലകളും ഗ്രന്ഥാലയങ്ങളും വനിതകൾക്ക് ഉപയോഗപ്പെടുത്താൻ അനുയോജ്യമാക്കിതീർക്കുക.

10. വനിതകൾക്കിടയിൽ സമത്വ ബോധം ഉറപ്പു വരുത്തുക.

11. മഹിളാ സ്വസ്ഥ് സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

12. അംഗൻവാടിയിലൂടെ നടപ്പാക്കുന്ന സ്ത്രീ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

13 നിലവിലുള്ള ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് പൂർണ്ണമായ ബോധമ സ്ത്രീകൾക്കിടിയൽ ഉണ്ടാക്കി എടുക്കുക.

14. അയൽകൂട്ടങ്ങളിൽ പങ്കാളിത്തം സജീവമാക്കുക.

15. കലാകായിക രംഗങ്ങളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുക.

16. ടി.വി. പോലുള്ള മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് ഭോധവൽക്കരിക്കുക.

17. പി.എച്ച്.സി.യിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക

18. ഇന്നും സ്ത്രീകൾ കടന്നുചെന്നിട്ടില്ലാത്ത തൊഴിൽ മേഖലകളിൽ അവരുടെ പ്രാധിനിധ്യം ഉറപ്പുവരുത്തുക

9

സംസ്കാരം

സമ്പന്നമായൊരു സാംസ്കാരിക പൈതൃകമുള്ളൊരു പഞ്ചായത്താണ് നമ്മുടേത്. മതസൗഹാർദ്ദത്തിന്റെ വിളനിലമായ ഇവിടെ ഹിന്ദുക്കളും മുസ്ലീങ്ങളും ഏകോദര സഹോദരന്മാരെപോലെ ജീവിക്കുന്നു. ജനസംഖ്യയിൽ ഏകദേശം 80 % ഹിന്ദുക്കളും 20% മുസ്ലാങ്ങളുമാണ്.

പഞ്ചായത്തിലെ ചില സ്ഥലപ്പേരുകൾക്കു പിന്നിൽ പലരസാവഹമായ ഐതീഹ്യങ്ങളും നിലവിലുണ്ട്. മാണിയുടെ ഊര് (സുബ്രഹ്മണ്യന്റെ ആലയം) ലോപിച്ച് 'മാണിയൂരും' വേദശാലകളുടെ കേന്ദ്രം 'വേശാലും', പാവനമായ ഊര് 'പാവന്നൂരും; ആയി എന്നതൊക്കെയാണ് ഐതീഹ്യങ്ങളിൽ ചിലത്. പണ്ട് വേദശാലകളുടെ കേന്ദ്രമായിരുന്ന വേശാലയിൽ പയ്യനെഴുത്തച്ഛനെ പോലെയുള്ള സിദ്ധന്മാരും ഗുരുക്കന്മാരും നാട്ടുചികിത്സാചാര്യന്മാരും മന്ത്രവാദികളും ജീവിച്ചിരുന്നു എന്ന് പറയപ്പെടുന്നു.

പണ്ട് കാലത്ത് ഇവിടുത്തെ നായന്മാർ കൊട്ടിയൂരേക്ക് അഭിഷേകത്തിന് വേണ്ടി കുറ്റികളിൽ നെയ്യ് കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു. ഇങ്ങിനെയാണ് 'കുറ്റിയാട്ടിയ ഊര് എന്നർത്ഥം വരുന്ന കുറ്റ്യാട്ടൂർ' എന്ന പേരുണ്ടായത് എന്നാണ് വിശ്വാസം കുറ്റിക്കാടുകൾ ധാരാളമുള്ളത് കൊണ്ടാണ് 'കുറ്റ്യാട്ടൂർ എന്ന പേർ വന്നതെന്നും ഐതിഹ്യമുണ്ട്.

അതിപുരാതനമായ ക്ഷേത്രമാണ് 'മാണിയൂർ ശ്രീ സുബ്രഹ്മണ്യസ്വാമീ ക്ഷേത്രം' ഇതിന് 1000വർഷത്തിലധികം പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. പഴമക്കാരുടെ കലാവൈദഗ്ധ്യം വിളിച്ചോതുന്ന ക്ഷേത്ര ചുവരുകളിലെ ശില്പ വേലകൾ കാലപഴക്കത്തെ അതിജീവിച്ചുകൊണ്ട് ജനങ്ങലെ ഹഠാദാകർഷിക്കുന്നു. ഇതിന്റെ സമീപത്തുള്ള കിഴക്കൻകാവ് ഭഗവതീക്ഷേത്രത്തിലെ കളിയാട്ട മഹോത്സവത്തോടനുബന്ധിച്ചുള്ള

തിരുമുടിയും കേരളത്തിന്റെ തന്നെ അത്യപൂർവ്വങ്ങളിൽ ഒന്നാണ്. മത മൈത്രിയുടെ പ്രതീകമായ ഒരു മുസ്ലീം ദേവാലയമാണ് ചെക്കിക്കുളത്തിനടുത്തുള്ള 'പാറാൽപ്പള്ളി'പള്ളിയോട് അനുബന്ധിച്ചുള്ള മഖാമിൽ രണ്ട് 'ശൂഹതാക്കൾ' (രക്തസാക്ഷികൾ) അന്ത്യ വിശ്രമം കൊള്ളുന്നു, എല്ലാ വർഷവും കുംബം 24ന് ആഘോഷിക്കുന്ന പാറാൽപ്പള്ളി നേർച്ച ഈ പ്രദേശത്തിന്റെ മാത്രമല്ല ജില്ലയുടെ തന്നെ ഒരു മഹോത്സവമാണ്. അന്നത്തെ ദിവസം വിവിധ ജാതിമതക്കാർ ആഘോഷത്തിൽ പങ്കെടുക്കുകയും നേർച്ചകൾ നേരുകയും ചെയ്യുന്നു. പ്രസ്തുത മഖാമിൽ എല്ലാവർക്കും പ്രവേശനം ഉണ്ട് എന്നതാണ് ഇവിടുത്തെ പ്രത്യേകത. കുറ്റ്യാട്ടൂരിലെ ശ്രീ കൂറുമ്പകാവിലെ താലപ്പൊലി മഹോത്സവം ആബാലവൃദ്ധം ജനങ്ങളുടെഒരു ഉത്സവമാണ്. കൂടാതെ നിരവധി തിറ മഹോത്സവങ്ങളും മുത്തപ്പൻ കോലം കെട്ടിയാടിക്കലും (വെള്ളാട്ടം) പഞ്ചായത്തിന്റെ സാംസ്കാരിക മേഖലയെ സമ്പുഷ്ടമാക്കുന്നു.

പഞ്ചായത്തിലുള്ള പ്രധാന ക്ഷേത്രങ്ങളുടേയും പള്ളികളുടേയും പേരുകളും ഉത്സവങ്ങളും താഴെ പട്ടികപ്പെടുത്തുന്നു.

പട്ടിക 1 ക്ഷേത്രങ്ങൾ

ക്രമനമ്പർ	ക്ഷേത്രത്തിന്റെ പേര്	സ്ഥലം	ഉൽസവവും മാസവും
1	മാണിയൂർ ശ്രീ സുബ്രഹ്മണ്യസ്വാമീ ക്ഷേത്രം	മാണിയൂർ	കാർത്തിക മഹോത്സവം വൃശ്ചികം
2	കിഴക്കൻ കാവ് ഭഗവതി ക്ഷേത്രം	മാണിയൂർ	കളിയാട്ട മഹോത്സവം എടവം 10
3	ചന്ദ്രത്തിൽ കാവ് ശ്രീ ഭഗവതീ ക്ഷേത്രം	വേശാല	തിറയടിയന്തിരം മകരം 25
4	അയ്യപ്പൻ ക്ഷേത്രം,	വേശാല	
5	കുറ്റ്യാട്ടൂർ ശിവക്ഷേത്രം,	കുറ്റ്യായട്ടൂർ	ശിവരാത്രി ഉത്സവം കുംഭം
6	കുറ്റ്യാട്ടൂർ ശ്രീ കൂറുമ്പ കാവ് ഭഗവതീ ക്ഷേത്രം	കുറ്റ്യാട്ടൂർ	കുംഭമാസം
7	മുച്ചിലോട്ട ഭഗവതീക്ഷേത്രം	കുറ്റ്യാട്ടൂർ	കുംഭമാസം
8	എക്കോട്ടില്ലം ക്ഷേത്രം	പഴശ്ശി	കുംഭമാസം

പട്ടിക 2 പള്ളികൾ

1	പാറാൽപ്പള്ളി	കുണ്ടിലാക്കണ്ടി	പാറാൽ നേർച്ച
2	പള്ളിയത്ത് പള്ളി	പള്ളിയത്ത്	
3	കുണ്ടിലാക്കണ്ടി പള്ളി	കുണ്ടിലാക്കണ്ടി	
4	തണ്ടപ്പുറം പള്ളി	തണ്ടപ്പുറം	
5	കുവക്കാട്ട് പള്ളി	തണ്ടപ്പുറം	
6	എടവച്ചാൽ പള്ളി,	എടവച്ചാൽ	
7	തരിയേരിപള്ളി	തരിയേരി	
8.	തരിയേരി കനാൽ പള്ളി	തരിയേരി	
9	പുറവൂർ പള്ളി	പുറവൂർ	
10	ചെറുവത്തല പ്പള്ളി	ചെറുലത്തല	
11	വേശാല പള്ളി	വേശാല	

12	വേശാല താഴെ പള്ളി	വേശാല	
13	നെല്ലിയോട്ട് വയൽപള്ളി	നെല്ലിയോട്ട്	
14	ചോലപ്പള്ളി	ചോല	
15	തുപ്പണിച്ചാൽ പള്ളി	തുപ്പണിച്ചാൽ	
16	പാവന്നൂർ പള്ളി (കടവ്)	പാവന്നൂർ	
17	പാവന്നൂർ പള്ളി	പാവന്നൂർ	
18	പാവന്നൂർ മൊട്ട പള്ളി	പാവന്നൂർ	

ഹിന്ദു മതക്കാരിൽ നായർ, ഈഴവർ ജാതിയിൽ പെട്ടവരാണ് ബഹുഭൂരിപക്ഷവും പട്ടിക ജാതി മറ്റ് പിന്നോക്ക ജാതിയിൽ പെട്ടവർ എന്നിവരും ഹിന്ദുമതക്കാരിൽ ഉൾപ്പെടുന്നു. ഇതിൽ പട്ടിക ജാതിയിൽ പെട്ടവർ സാമ്പത്തിക വിദ്യാഭ്യാസ സാമൂഹ്യ രംഗത്ത് ഇന്നും പിന്നോക്കം തന്നെയാണ്. സർവ്വജാതി മതവിഭാഗങ്ങൾക്കിടയിലും പല അന്ധ വിശ്വാസങ്ങളും ദുരാചാരങ്ങളും കൊടികുത്തിവാണിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. വ്യത്യസ്ഥ ജാതി വിഭാഗങ്ങൾ തമ്മിലുള്ള ഐത്താചരണവും തൊട്ടുകൂടായ്മയും ഈശ്വ പ്രീതിക്കുവേണ്ടിയുള്ള ജന്തുബലി രോഗശാന്തിക്ക് വേണ്ടി മന്ത്രവാദം, പ്രേതബാധ നീക്കൽ തുങ്ങിയ ദുരാചാരങ്ങൾ പൂർണ്ണമായും ദുരീകരിക്കപ്പെട്ടിട്ടില്ലെങ്കിലും വിദ്യാഭ്യാസ സാമൂഹ്യസാംസ്കാരിക പ്രവർത്തനത്തിന്റെ ഫലമായി ഒരു പരിധിവരെ ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ ഗ്രന്ഥശാലകൾ, വായനശാലകൾ, മറ്റ് കലാസാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ സാമൂഹ്യപരമായ പരിവർത്തനത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന 12 ഗ്രന്ഥശാലകൾ പഞ്ചായത്തിലുണ്ട്. അവയുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 3 ഗ്രന്ഥാലയങ്ങളുടെ വിവരം

ക്ര. ന	ഗ്രന്ഥാലയത്തിന്റെ പേര്	വാർഡ്	സ്ഥാപിച്ച വർഷം	പുസ്തകങ്ങളുടെ എണ്ണം	പ്രസിദ്ധീകരണങ്ങൾ പത്രം	മാസിക
1	എ.കെ.ജി വായനശാല &ഗ്രന്ഥാലയം,ചെമ്മാടം	1	1981	1294	2	9
2	കൃഷ്ണപിള്ള ഗ്രന്ഥാലയം, ചെക്കിക്കുളം	2	1983	700	-	-
3	നവ കേരള വായനശാല& ഗ്രന്ഥാലയം, കട്ടോളി	3	1958	1802	2	14
4	ഗ്രാമോദ്ധാരണ വായനശാല&ഗ്രന്ഥാലയം,നെല്ലിയോട്ട്	4	1956	600	2	-
5	നവപ്രഭ വായനശാല &ഗ്രന്ഥാലയം, വേശാല	5	1959	3352	5	20
6	സെൻറൽ സി.ആർ സി വായനശാല, ഗ്രന്ഥാലയം	6	1960	1250	2	4
7	സൗത്ത് സി.ആർ.സി. &ഗ്രന്ഥശാല കുറ്റ്യാട്ടൂർ	7	1964	2450	4	14
8	പൊതുജന വായനശാല& ഗ്രന്ഥാലയം കുറ്റ്യാട്ടൂർ	7	1971	5489	10	23
9	ബ്രില്ല്യൻറ് വാനശാസ ഗ്രന്ഥാലയം, വാരച്ചാൽ	7	1992	1551	5	22
10	നവോത്ഥയാ പൊതുജന വായനശാല ഗ്രന്ഥാലയം പെരുമ്പള്ളിക്കരി	7	1970	1043	8	13
11	എ.കെ.ജി വായനശാല &ഗ്രന്ഥാലയം നിടുകുളം	7	1986	1024	3	11
12	വാണീവിലാസം വായനശാല ഗ്രന്ഥാലയം പാവന്നൂർ മൊട്ട	9	1960	4110	6	21

പട്ടിക 4 വായനശാലകളുടെ വിവരം

ക്ര. ന	വായനശാലയുടെ പേര്	വാർഡ്	സ്ഥാപിച്ച വർഷം	പ്രസിദ്ധീകരണങ്ങൾ പത്രം	മാസിക
1	ഏ.കെ.ജി വായനശാല, ചെറുവത്തല മൊട്ട	2	1989	2	1
2.	സുഭാഷ് സ്മാരക വായനശാല തരിയേരി	3	1964	2	5
3.	നവോദയാ വായനശാല, കൂവാച്ചിക്കുന്ന്	3	1995	1	-
4.	പി.എ ഉസ്താദ് വായനശാല, തണ്ടപ്പുറം	3	1995	2	-
5.	രാജീവ്ജി സ്മാരക ക്ലബ്&വായനശാല, ചുണ്ടയിൽ	5	1986	2	-
6.	എ.കെ.ജി വായനശാല പൊറാളം	6	1992	1	-
7.	കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് വായനശാല കാഞ്ഞിരത്തട്ട്	6	1995	-	-
8.	സരഗ്രചേതന വായനശാല ഉരുവച്ചാൽ	7	1996	-	-
9.	പഴശ്ശി പൊതുജന വായനശാല, പഴശ്ശി	9	1960	2	-

1056ൽ സ്ഥാപിച്ച ഗ്രമോദ്ധാരണ വായനശാല & ഗ്രന്ഥാലയമാണ് പഞ്ചായത്തിലെ ആദ്യത്തെ വായനശാലയും & ഗ്രന്ഥാലയവും. കൃഷ്ണപിള്ള ഗ്രന്ഥാലയം ഒഴിച്ചുള്ള ഗ്രന്ഥാലയങ്ങളിലെല്ലാം വായനശാലയും പ്രവർത്തിക്കുന്നുണ്ട്. സാഹിത്യം സംസ്ക്കാരം ശാസ്ത്രം. തുടങ്ങിയ വിഷയങ്ങളെ ആധാര മാക്കി ഗ്രന്ഥശാലകളിലും വായനശാല കളിലും സെമിനാറുകളും ചർച്ചകളും സംഘടിപ്പി ക്കാറുണ്ട്. വായനശീലം വളർത്താൻ ഇവ പൊതുവെ പ്രയോജനപ്പെടുന്നുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിൽ വനിതകളുടെ അദൃശ്യത വൻതോതിൽ പ്രകടമാകുന്നുണ്ട്. അംഗീകരം ലഭിക്കാനും ഗ്രേഡ് ഉയർത്തികിട്ടാനുമുള്ള മാനദണ്ഡങ്ങളിലൊന്ന് പുസ്തകങ്ങളുടെ എണ്ണമായതുകൊണ്ട് വാർഷിക ഗ്രാൻറ് ലഭിക്കുമ്പോൾ നിലവാരമുള്ള പുസ്തുകങ്ങൾ വാങ്ങാൻ പല ഗ്രന്ഥാലയങ്ങളും തയ്യാറാകു ന്നില്ല. നവപ്രഭ വായനശാല പ്രസിദ്ധീകരി ക്കുന്ന ചിലങ്കപോലുള്ള കൈയെഴുത്ത് മാസി കകൾ ചുരുക്കം ഗ്രന്ഥാലയങ്ങളും വായന ശാലകളും പ്രസിദ്ധീകരിക്കുന്നു.

വായനശാലകൾക്കും ഗ്രന്ഥാലയ ങ്ങൾക്കും പുറമെ കലാസാംസ്ക്കാരിക രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച വെക്കുന്ന 22 ക്ലബ്ബുകൾ പഞ്ചായത്തിൽ നിലവി ലുണ്ട്. ഈ സ്ഥാപനങ്ങൾ ഓണാഘോഷ പരിപാടികൾ, കലാകായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ സിസ്തുലമായ സേവനം കാഴ്ചവെക്കുന്നുണ്ട് ക്ലബ്ബുകളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 5 ക്ലബ്ബുകളുടെ വിവരം

ക്ര.ന	ക്ലബ്ബിന്റെ പേര്	സ്ഥലം
1	പ്രീയദർശിനി ആർട്ട്സ് സ്പോർട് ക്ലബ്ബ്	ചെമ്മാടം
2	വിക്ടറി ആർട്സ് ആൻറ് സ്പോർടസ് ക്ലബ്ബ്	കുണ്ടിലാക്കണ്ടി
3	റയിൻബോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	ചെക്കിക്കുളം
4	പ്രീയദർശിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്,	വേശാല
5	ഉദയാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	കുറവോട്ട് മൂല
6	റഡ്സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	വെള്ളുവയൽ
7	,, ,,	വടുവൻ കുളം

8	അനുപമ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	ഉരുവച്ചാൽ
9	ബ്രില്ല്യൻറ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	വാരച്ചാൽ
10	എസ്പാന ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	കുറ്റ്യാട്ടൂർ ബസാർ
11	പഞ്ചമി ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	കുറ്റ്യാട്ടൂർ ബസാർ
12	യുവതരംഗം ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	പാവന്നൂർ
13	റെഡ് സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	പഴശ്ശി
14	സംഗമ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	കുറ്റ്യാട്ടൂർ
15	ഫ്രൻസ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	തണ്ടപ്പുറം
16	കോമ്രേഡ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	കട്ടോളി
17	ഫ്രൻസ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	ചെക്കികുളം
18	സെഞ്ചറി ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	കാവുംചാൽ
19	പ്രീയ ദർശിനി ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	പഴശ്ശി
20	നവോദയ കലാസമിതി	പാവന്നൂർ
21	നവപ്രഭ കലാകായികസമിതി	വേശാല, കോമക്കശ്ശി
22	ദർശന കലാസാംസ്കാരിക കേന്ദ്രം	വേശാല

പഞ്ചായത്തിൻെറ എല്ലാ കോണുകളിലും ഇലക്ട്രോണിക് വാർത്താമാധ്യമങ്ങളുടെ വ്യപനത്തിൻെറ സജ്ജീവത ദൃശ്യമാകുന്നുണ്ട്. പഞ്ചായത്തിലെ മ്മൊത്തം വീടുകളിൽ 10% ത്തോളം വീടുകളിൽ ടി.വിയും ഏതാണ്ട് എല്ലാവീടുകളിലും റേഡിയോയും ഇന്നുണ്ട്. ദേശാഭിമാനി, മാതൃഭൂമി, മലയാളമനോരമ മാധ്യമം ചന്ദ്രിക, തുടങ്ങിയ പത്രങ്ങളും അനേകം മാസികകളും വാരകകളും പഞ്ചായത്തിൻെറ സാംസ്കാരിക മേഖലയെ ഊർജ്ജിതമാക്കുന്നു.

കലാരംഗത്ത് മഹത്തായൊരു പാരമ്പര്യം തന്നെ നമുക്ക് അവകാശപ്പെടാനുണ്ട്. കണ്ണൂരിലെതന്നെ എടുത്തുപറയാവുന്ന ചവിട്ടുനാടകങ്ങളുടേയും സംഗീതനാടങ്ങളുടേയും സങ്കേതങ്ങളായിരുന്നു ചെക്കികുളവും കുറ്റ്യാട്ടൂരും. രൂഗ്മാങ്കത വിജയം നൈഷദം പോലുള്ള സംഗീത നാടകങ്ങളുടെ പ്രത്യേകത സംഭാഷണങ്ങൾ സംഗീതത്തിൽ കൂടി മാത്രം പ്രേഷകരിൽ എത്തിച്ചുകൊടുക്കുകയായിരുന്നു. ചില ജാതിവിഭാഗക്കാർ വീടുകളിൽ എകട്ടിയാടിക്കുന്ന തെയ്യകോലങ്ങൾ വേടൻ, ആടി, കോതാമൂരി കേളീപാദം വെളിച്ചപ്പാട്, കോൽക്കളി, ദഫ്മുട്ട് തുടങ്ങിയ നാടൻ കലാരൂപങ്ങൾ കാലത്തിൻെറ കുത്തൊഴുക്കിൽ പെട്ട് ഏറെകുറേ അദൃശ്യമായെങ്കിലും ചിലതിൻെറയൊക്കെ ചെറിയൊരംശം ഇന്നും അവശേഷിക്കുന്നുണ്ട്. മഹത്തായ കലാപാരമ്പര്യം തലമുറ കളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട് വ്യത്യസ്ഥ രൂപഭാവങ്ങളോടു കൂടിയാണെങ്കിലും ഐ പഴമയുടെ തനിമ ഇന്നും നമ്മുടെ ഗ്രാമഹൃദയങ്ങളിൽ മായാതെ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള കലാസമിതിയുമായ ബന്ധപ്പെട്ട് കേരളോ ത്സവം പോലുള്ള പരിപാടികളിൽ പങ്കെടുത്ത് സമ്മാനം നേടുന്ന നിരവധി കലാകാരന്മാർ പഞ്ചായത്തിലുണ്ട്. കലാസമിതികളിലെ സ്ത്രീ പങ്കാളിത്തം തുലോം പരിമിതം തന്നെയാണ്.

നമുക്ക് അഭിമാനാർഹമായ ഒരു കായിക സംസ്ക്കാരം തന്നെയാണുള്ളത്. ക്ലബ്ബുകൾ മുഖേനയാണ് കായിമത്സരങ്ങൾ കൂടുതലായി സംഘടിപ്പിക്കാറുള്ളത്. പഞ്ചായത്ത് തലത്തിൽ കായിക പരിശീലനം നൽകുന്നതിനുവേണ്ടി ഒരു മിനിസ്റ്റേഡിയം മാത്രമാണപള്ളത്. കായികരംഗത്ത് മികച്ച നിലവാരം പുലർത്തു ഒരു ക്ലബ്ബാണ് ചെക്കിക്കുളത്തെ റയിൻബോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. കഴിഞ്ഞ 15 വർഷമായി പ്രശസ്തരായ വോളീബോൾ ടീമുകളെ പങ്കെടുപ്പിച്ചു കൊണ്ട് എല്ലാവർഷവും വോളീബോൾ

മത്സരവും സംഘടിപ്പിക്കാറുണ്ട്. കായിമത്സരങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രധാനമായപം സ്കൂൾ തലത്തിലും കേരളോത്സവവുമായി ചുരുങ്ങിയിരിക്കുന്ന അവസ്ഥയാണിപ്പോൾ. ഇതിന്റെ പ്രധാന കാരണമായി ചൂണ്ടി കാണിക്കാവുന്നത് ചിട്ടയായ പരിശീലനത്തിന്റെ അഭാവവും അതിനുവേണ്ട ഭൗതീക സാഹചര്യത്തിന്റെ പോരായ്മയുമാണ്. നമ്മുടെ പഞ്ചായത്തിലെ കായികശേഷിയുടെ ആക്കവും തൂക്കവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള ഭൗതീക സാഹചര്യങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുകയും വളർന്നുവരുന്ന കലാകായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനം തൃപ്തികരമല്ല.
2. നിലവിലുള്ള വായനശാലകളും ഗ്രന്ഥശാലകളും വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നിലല്ല
3. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അധിപ്രസരം സാംസ്കാരിക ജീർണ്ണതക്ക് കാരണമാകുന്നു.
4. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും നിലനിൽക്കുന്നു.
5. യുവാക്കളിൽ മദ്യാസക്തി വർദ്ധിച്ചുവരുന്നു.
6 അവശത അനുഭവിക്കുന്ന നിരവധി നാടൻ കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്.
7. നാടൻ കലകൾ കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്നു.
8. വിവാഹച്ചടങ്ങുകളിലെ ആർഭാടം വർദ്ധിച്ചുവരുന്നു.
9. കലാകായിക പരിശീലനകേന്ദ്രങ്ങളുടെ അപര്യപ്ത ത നിലവിലുണ്ട്.
10. കലാസമിതികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നു.
11. സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിലുള്ള അധപതനം ദൃശ്യമാണ്.
12. പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ അതിപ്രസരം നിലനിൽക്കും
13. വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.
14. പഞ്ചായത്തിൽ സൗകര്യപ്രദമായ കളിസ്ഥലങ്ങളുടെ അഭാവം
15. പഞ്ചായത്തിന്റെ പ്രധാന ധനാഗമമാർഗ്ഗവും സാംസ്കാരിക രംഗത്തിന്റെ നിലവാരം ഒരു പരിധിവരെ ഉയർത്താൻ സഹായിക്കുന്നു. സിനിമാപ്രദർശനശാലയുടെ അഭാവം ഒരു പോരായ്മയാണ്.

സാധ്യതകൾ

1. സാംസ്കാരിക പ്രവർത്തനങ്ങളിൽ പിന്നോകം നിൽക്കുന്ന മേഖലകളിൽ സാംസ്കാരികനിലയങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ഊർജ്ജിതമാക്കണം.
2. നിലവിലുള്ള വാനയശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ആവശ്യമായ മേഖലകളിൽ അവ സ്ഥാപിക്കുകയും വേണം.
3. വായനശാലകളോടനുബന്ധിച്ച് ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം.
4. വായനശാലാപ്രവർത്തനം വനിതകൾക്കുകൂടി ഉപയോഗിക്കത്തക്കിവിധത്തിൽ ക്രമീകരിക്കണം.
5.ആ വശ്യമായ ബോധവൽക്കരണത്തിലൂടെ മദ്യനിരോധനം പ്രാവർത്തികമാക്കണം.
6 കാലാകായി ഉപകരണങ്ങൾ വാങ്ങുന്നതിനുവേടി ബന്ധപ്പെട്ടവർക്ക് ധനസഹായം അനുവദിക്കണം
7. അവശ കലാകാരന്മാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം
8. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻ കലകളെ പ്രോത്സാഹിപ്പിക്കുകയും അവയെ നിലനിർത്താൻ നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

9. നിലവിലുള്ള വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും പ്രമുഖ പത്രങ്ങൾ , റേഡിയോ ടി. വി നിലവാരമുള്ള പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കണം

10. റജിസ്ട്രേഷനില്ലാത്ത ക്ലബ്ബുകളും വായനശാലകളും റജിസ്റ്റർ ചെയ്യേണ്ടതാണ്.

11. മാണിയൂർ വില്ലേജിലെ കട്ടോളിയിൽ കനാൽ പാലത്തിന് സമീപമുള്ള സ്ഥലം ആവശ്യമായ നടപടികൾ സ്വീകരിച്ച് ഉപയോഗപ്പെടുത്തി ഒരു സ്റ്റേഡിയം സ്ഥാപിക്കണം.

12. പ്രാദേശികമായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക.

13. പഞ്ചായത്ത് തലത്തിൽ കലാകായിക സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കണം.

14. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ബോധവൽക്കരണം നടത്തണം.

15. വിവാഹച്ചടങ്ങുകളിലെ ആർഭാടങ്ങൾ ലഘൂകരിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു കല്ല്യാണ മണ്ഡപം സ്ഥാപിക്കണം.

16. സാംസ്ക്കാരിക മൂല്യം ഉയർത്തുന്ന വീഡിയോ കോർണറുകൾ സ്ഥാപിക്കുക.

17. സർക്കാർ തീരുമാനിക്കുന്ന കലാകായിക പരിപാടികൾക്ക് ടൈംടേബിൾ നിശ്ചയിക്കണം.

18. പഞ്ചായത്ത് തലത്തിൽ ഒരു സിനിമാശാല സ്ഥാപിക്കുക.

10

പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം

നമ്മുടെ സമൂഹത്തിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗം. വർഷങ്ങളായി സർക്കാറും മറ്റ് ഏജൻസികളും ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഇന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ട് വരുന്നതിന് ആവശ്യമായ ക്ഷേമപദ്ധതികൾ ഫലപ്രദമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ 165കുടുംബങ്ങളിലായി 932പേരുണ്ട്. ഇതിൽ 483പേർ പുരുഷന്മാരും 449പേർ സ്ത്രീകളുമാണ്. ഈ വിഭാഗത്തിൽ സ്ത്രീകൾ പുരഷന്മാരെക്കാൾ കുറവാണ്. ഇതിനു പ്രത്യേക കാരണമൊന്നും എടുത്തുകാണിക്കാനില്ല. നമ്മുടെ പഞ്ചായത്തിൽ ഇവർ മൊത്തം ജനസംഖ്യയുടെ 3.87 % ആണ്.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വള്ളുവ, മലയ, പുലയ വണ്ണാൻ പുള്ളുവ എന്നീ വിഭാഗങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. പട്ടികവർഗ്ഗക്കാർ ഈ പഞ്ചായത്തിൽ ഇല്ല. ആദ്യകാലങ്ങളിൽ പുലയ സമുദായക്കാർ കൃഷിപ്പണി, പായനയ്ത് എന്നിവയിലൂടേയും മലയ വണ്ണാൻ വിഭാഗങ്ങൾ മുഖ്യമായും തെയ്യം. തുടങ്ങിയ അനുഷ്ഠാനകലകളിലുള്ള വകരുമാനത്തിൽ നിന്നുമാണ് ഉപജീവനം കഴിച്ചുവന്നിരുന്നത്. ഈ പഞ്ചായത്തിൽ എണ്ണത്തിൽ കൂടുതൽ പുലയസമുദായക്കാരാണ്. രണ്ടാമത് വള്ളുവ സമുദായത്തിൽപ്പെടുന്നവരാണ്. പുലയ സമുദായക്കാരുടെ വീടുകളെ ചാള എന്നും സ്മശാനങ്ങളെ ചുടലകൾ എന്നുമാണ് വിളിച്ചിരുന്നത്. മുസ്ലീം വിഭാഗങ്ങൾ ഒഴികെയുള്ളവർ ഇവരെ സമൂഹത്തിന്റെ പുറംമ്പോക്കുകളിൽ പിൻന്തള്ളപ്പെടുകയാണ് ചെയ്തത്. 40വർഷങ്ങൾക്കുമുമ്പ് വരെ തൊപ്പിപാളയും തോർത്തുമുണ്ടും മാത്രം ധരിച്ചുനടന്നിരുന്ന ഇവർ സാമൂഹ്യമുഖ്യധാരയിലേക്ക് ഉയർന്നുവന്നത്

സാമൂഹ്യനവോഥാന പ്രസ്ഥാനങ്ങളുടെ കടന്നുവരവോടുകൂടിയാണ്.

നമ്മുടെ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി 6 ഹരിജൻ കേളനികൾ ഉണ്ട്. കസ്തൂർഭാ കോളനി. ലക്ഷം വീട് കോളനികിൽ നാല് സെൻറ് കോളനികൾ എന്നിവയിലും മറ്റ് പ്രദേശങ്ങളിലുമായി ഈ വിഭാഗക്കാർ താമസിച്ചുവരുന്നു.

പഞ്ചായത്തിലെ പട്ടികജാതി കോളനികളിലെ വീടുകളും ജനസംഖ്യയും പട്ടിക 1ൽ കാണുക

ക്രമ നമ്പർ	വാർഡ്	കോളനികളുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	1	പള്ളിയത്ത്	13	73
2	3	തരിയേരി	10	46
3	4	വെങ്ങാറമ്പ്	9	36
4	6	പൊറോലം	6	30
5	9	ചാളമൂല	13	75
6	8	പാവന്നൂർ വള്ളുവകോളനി	44	320
		ആകെ	95	580

കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണെന്ന് പറയാൻ കഴിയില്ല. തീരെ വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനിയാണ് പോറോലം. മറ്റ് കോളനികിളിൽ വൈദ്യുതി ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ. കുടിവെള്ളത്തിന്റെ കാര്യത്തിൽ അപര്യാപ്തത നിലനിൽക്കുന്നു. ചാള മൂല ഒഴിച്ച് മറ്റ് കോളനികളിൽ വേനൽകാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. വേനൽകാലം കിണറുകളിൽ വെള്ളം വറ്റുന്നതതിനാൽ ദൂരസ്ഥലങ്ങളിൽ നിന്ന് വെള്ളം കൊണ്ടുവരേണ്ടിവരുന്നു. വാട്ടർ അതോറിറ്റിയുടെ ടേപ്പുകൾ ഉള്ള സ്ഥലങ്ങളിൽ തന്നെ അതിന്റെ നിർമ്മാണത്തിനുണ്ടായിട്ടുള്ള തകരാറുകൾ കാരണം വെള്ളം ആവശ്യത്തിന് ലഭിക്കുന്നില്ല. കുഴൽ കിണറുകളിൽ നിന്ന് ലഭിക്കുന്ന വെള്ളം കുടിക്കുവാനും ഉപയോഗപ്രദമല്ല. കോളനികളിലെ 95 വീടുകളിൽ 75പേർക്ക് കക്കൂസ് ഉണ്ട്. കക്കൂസില്ലാത്ത സ്ഥലങ്ങളിൽ ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നത്. കോളനിയുടെ സമീപ പ്രദേശങ്ങളാണ്. ഇത് പകർച്ചവ്യാധികൾക്കും മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകാൻ സാധ്യതയുണ്ട്.

കോളനികളുടെ അടിസ്ഥന സൗകര്യങ്ങളുടെ പട്ടിക '2'ൽ കൊടുക്കുന്നു

ക്രമ	കോളനിയുടെ പേര്	വീടുകളുടെ നിലവാരം				
		കോൺ	ഓട്	ഓല	വൈദ്യുതി	കക്കൂസ്
1	പള്ളിക്കുന്ന്				13	
2	തരിയേരി		9	1	2	5
3	വെങ്ങാറമ്പ		9	-	6	9
4	പൊറോലം		6	-	-	6
5	ചാളമൂല	-	13	-	9	10
6	പാവന്നൂർ	3	31	-	39	33

ഈ വിഭാഗത്തിന് സമൂഹത്തിലുള്ള പൊതു അവസ്ഥ പരിശോധിച്ചാൽ മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് ഇന്നും പിന്നോക്കാവസ്ഥയിൽ തന്നെയാണ് സാമ്പത്തികമായും സാമൂഹ്യ മായും പുരോഗതിയുണ്ടാകാതെ പിന്നോക്കാ വസ്ഥയിൽ മാറ്റമുണ്ടാവുകയില്ല. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ കൃത്യമായി സ്കൂളിൽ പോകാത്ത അവസ്ഥ ഇന്ന് ഇല്ല. എങ്കിലും ചിറിയ വിഭാഗം ഒഴിച്ച് ഭൂരിഭാഗവും ഹൈസ്കൂൾ തലത്തിൽ എത്തുമ്പോഴേക്കും കൊഴിഞ്ഞുപോകുന്നു. എസ്എസ്എൽ സി കഴിഞ്ഞാൽ ബഹുഭൂരിപക്ഷവും തുടർന്നും ശ്രമിക്കുന്നില്ല. ഉപരിവിദ്യാഭ്യാസം നേടിയ പട്ടികജാതി വിഭാഗത്തിലുള്ളവരുടെ എണ്ണം വളരെ കുറവാണ്. നിലവിലുള്ള ഗാർഹീ കാന്തരീക്ഷം പഠനത്തിന് സഹായകരമല്ല. അഭ്യസ്ത വിദ്യരായവർക്ക് തൊഴിൽ ലഭിക്കാ ത്ത അവസ്ഥ ഉണ്ട്. പഞ്ചായത്തിലെ വിവിധ സ്കൂളിലായി ഈ വിഭാഗത്തിൽപ്പെടുന്ന 177കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 95 ആൺകുട്ടികളും 82 പെൺകുട്ടികളുമാണ്. മുഴുവൻപേർക്കും ലംസംഗ്രാൻറ് ലഭിച്ചിട്ടുണ്ട്

ഈ വിഭാഗത്തിൽ ഭൂരിപക്ഷവും നിർമ്മാണ മേഖലകളിലും അനുബന്ധ വ്യവസായങ്ങളിലും തൊഴിൽ ചെയ്തുവരുന്നു. കാർഷിക മേഖലയിൽ ചെറിയ ശതമാനം ആളുകൾ തൊഴിലെടുക്കുന്നു. പരമ്പകാഗത മായ പായ മടയലിൽ ഏർപ്പെട്ടുവരുന്ന സ്ത്രീകളുമുണ്ട്. പരമ്പരാഗത തൊഴിലിൽ നിന്നും ഇവർ അകന്നുപേകുന്ന സ്ഥിതിയുണ്ട്. മാർക്കറ്റ് ഉണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവാണ് ഇതിനുകാര ണം. പായമെടയലിന് ആവശ്യമായ ഓല ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കയാണ്. വളരെ കുറച്ചുപേർക്ക് മാത്രമെ സർക്കാർ അർദ്ധസർക്കാർ മേഖലയിൽ ജോലിലഭി ച്ചിട്ടുള്ളൂ. സ്വയം തൊഴിൽ കെണ്ടെത്തൽ സംരംഭങ്ങൾ ഇവർക്കിടിയിൽ വേണ്ടത്ര വിജയപ്രദമായിട്ടില്ല. സാക്ഷരതയുടെ കാര്യ ത്തിൽ ചെറിയ വിഭാഗം ഒഴിച്ച് നിരക്ഷരതയുടെ പ്രാഥമി വിദ്യാഭ്യാസം നേടിയവരോ ആണ്. അതുകൊണ്ട് ഇവരുടെ ഇടയിൽ നിരക്ഷരത കൂടുതൽ പ്രശ്നം സൃഷ്ടിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ ബഹുജനസംഘടനകളുടെ നേതൃനിരയിൽ പ്രവൃത്തിച്ചുവരുന്ന വിരലിലെണ്ണാവുന്നവർ ഈ വിഭാഗത്തിലുണ്ട്.

സാമൂഹ്യ പദവിയിൽ ഈ ജനവിഭാഗം ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തിയിട്ടില്ല. സാമ്പത്തിക തുല്യത നേടിയവർ പോലും സമൂഹത്തിൽ മറ്റ് വിഭാഗക്കാരുമായി തുല്യത കൈവരിച്ചിട്ടില്ല. ആരാധനാലയങ്ങൾ, പൊതുസേവന തുറകൾ, വിവാഹം മറ്റ് സാമൂഹ്യച്ചടങ്ങുകൾ എന്നിവയിൽ പ്രകടമായ വിവേചനം നിലനിൽക്കുന്നില്ല. എങ്കിലും ചെറിയ തോതിൽ ഇത് പ്രകിപ്പിക്കുന്നവരും നമ്മുടെ സമൂഹത്തിൽ ഉണ്ട്. നമ്മുടെ സമൂഹത്തിൽ ഈ വിവേചനം ഇല്ലായ്മ ചെയ്യുന്നതിന് വിവിധ ബഹുജനസംഘടനകൾ പുരോഗമന പ്രസ്ഥാനങ്ങൾ മറ്റ് സാംസ്കാ രിക സംഘടനകൾ എന്നിവ വഹിച്ച പങ്ക് വലുതാണ്.

ഈ വിഭാഗത്തിൽ പ്പെടുന്നവരിൽ 95% പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇവർക്കുള്ള വരുമാനം തൊഴിൽ ചെയ്ത് കിട്ടുന്ന കൂലിമാത്രമാണ്. അതുകൊണ്ട് തന്നെ ജീവിതത്തിന് നാളേക്ക് പണമോ മറ്റ് സമ്പാദ്യ ങ്ങളോ സൂക്ഷിച്ച് വെക്കുന്നതിന് കഴിയുന്നില്ല. പട്ടിണി പ്രത്യക്ഷത്തിൽ കാണാൻ കഴിയി ല്ലെങ്കിലും കറച്ചതുദിവസം തൂർച്ചയായി തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥ വന്നാ ൽ ഇവരുടെ ജീവിതത്തെ കാര്യമായി ബാധിക്കും.

സാമൂഹ്യപരിവർത്തനത്തിൻെറ ഭാഗമായി അന്ധവിശ്വാസങ്ങളുംമറ്റ് അനാചാരങ്ങളും സമൂഹത്തിൽ കുറഞ്ഞു വരുന്നു. അങ്ങിനെയുള്ള മാറ്റം ഇവരുടെ ഇടയിലും കാണാൻ കഴിയും എന്നിരുന്നാലും ചെറിയ % ആളുകൾ അന്ധ വിശ്വാസം വെച്ച് പുലർത്തുന്നുണ്ട്.

കേന്ദ്ര സംസ്ഥാനസർക്കാറുകളുടെ വിവിധ പദ്ധതികളിലായി ഈ വിഭാഗത്തിനായി വളരെയധികം ആനുകൂല്യങ്ങൾ നിലവിലുണ്ടെങ്കിലും അവ നേടിയെടുത്ത് പ്രയോജനപ്പെടുത്തുന്നകാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്ത അവസ്ഥയുണ്ട്.

ഇവർക്ക് അനുവദിക്കുന്ന വായ്പകൾ പലകാരണങ്ങളാൽ തിരിച്ച് അടക്കാൻ കഴിയാത്തതുമൂലം ബേങ്കുകളും മറ്റ് സ്ഥാപനങ്ങളും ഇവർക്ക് പിന്നീട് കിട്ടാനുള്ള വായ്പകളും സഹായങ്ങളും നൽകുന്നതിന് മടി കാണിക്കുന്നു.

അടുത്തകാലത്ത് ഈ ജനവിഭാഗത്തിന് ഐ.ആർ ഡി. പി. മുഖേന ലഭിച്ചു വന്നിട്ടുള്ള ആനുകൂല്യങ്ങളുടെ കാണുക പട്ടിക 3

വർഷം	എം ഡബ്ല്യൂ എസ് സ്കീം വീട്	ജെ ആർ വൈ വീട്	ഐ ആർ ഡി പി സ്കീം കിണർ	ട്രൈസം പരിശീലനം ലഭിച്ചവർ
1992-93	8	6		
1993-94	1	4		
1994-95	1	3		
1995-96	1	1		
ആകെ	11	14	4	5

പ്രശ്നങ്ങൾ

1. പൊറോളം കോളനിയിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. മറ്റ് കൊളനികളിൽ ഭാഗീഗമായി മാത്രമേ ലഭിച്ചിട്ടുള്ളു.

2. കുടിവെള്ളതിന്റെ കാര്യത്തിൽ അപര്യാപ്തത നിലനൽക്കുന്നു.
3. മുഴുവൻ വീടുകൾക്കും കക്കൂസില്ല.
4. സ്വന്തമായി സ്ഥലം വീട് എന്നിവയില്ലാത്ത ചില കുടുംബങ്ങൾ ഈ വിഭാഗത്തിലുണ്ട്.
5. റോഡുകൾ വേണ്ടത്ര ഇല്ല. ഉള്ളവ ഗതാഗത യോഗ്യമല്ല.
6. വീടുകൾക്ക് ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണ്.
7. അനുവദിച്ചുകിട്ടുന്ന ആനുകൂല്യങ്ങൾ മുഴുവനും ഫലപ്രദമായി ഉപയോഗിക്കുന്നില്ല. കിട്ടുന്നതുതന്നെ പലപ്പോഴും ദുരുപയോഗം ചെയ്യപ്പെടുന്നു.
8. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. ഉപരിപഠനത്തിന് സാദ്ധ്യത ഉണ്ടായിട്ടും ഉപയോഗപ്പെടുത്തിന്നില്ല.
9. അഭ്യസ്ത വിദ്യരായവരിൽ തൊഴിലില്ലായ്മ നിലനിൽക്കുന്നു.
10 അഭ്യസ്ഥവിദ്യരായവർക്ക് നൽകുന്ന ധനസഹായവും വായ്പകളും ഉപയോഗപ്പെടുത്തുന്നില്ല. ഉപയോഗപ്പെടുത്തിയാൽ തന്നെ ലക്ഷ്യം കൈവരിക്കുന്നില്ല.
11 കോളനിപ്രദേശങ്ങളിൽ തെരുവുവിളക്ക് ഇല്ല.
12. നിർദ്ദന കുടുംബങ്ങളുടെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
13. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, പായനെയ്ത്ത് പോലുള്ള പരമ്പരാഗത തൊഴിലുകളെ ബാധിക്കുന്നു.
14. അവശത അനുഭവിക്കുന്ന തെയ്യം കലാകാരന്മാർക്ക് ആനുകൂല്യം ഒന്നും ലഭിക്കുന്നില്ല.
15. കോളനികളിൽ ബോധവൽക്കരണത്തിന്റെ കുറവുണ്ട്.

സാധ്യതകൾ

1. കുടിവെള്ള പ്രശ്നംപരിഹരിക്കുന്നതിന് സ്ഥിരം സംവിധാനം വേണം
2. പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം
3. പാരമ്പര്യ തൊഴിൽ മേഖലയിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണം.
4 ഇടയ്ക്ക് വെച്ച് പഠനം നിർത്തിയവർക്ക് പുനർവിദ്യാഭ്യാസം നൽകാനുള്ള സംവിധാനം
5. കോളനികളിൽ ബോധവൽക്കരണം നൽകൽ
6. റോഡുകളുടെ നിർമ്മാണവും സംരക്ഷണവും
7 കോളനികളിലെ വീടുകളുടെ സംരക്ഷണം
8 പട്ടികജതി കലാകാരന്മാർക്ക് പ്രേത്സാഹനവും സംരക്ഷണവും
7. ആരോഗ്യശുചീകരണ രംഗങ്ങളിൽ ബോധവൽക്കരണം
8. കോളനികളിൽ പ്രത്യേക അംഗനക്ഷവാടികളും ലൈബ്രറികളും സ്ഥാപിക്കണം.
9. പട്ടികജാതി സർവ്വീസ് സഹകരണ സംഘം.
10 ഈ വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നുവെന്നും അത് ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ടോഎന്ന് ഉറപ്പുവരുത്തുന്നതിന് ഒരു പഞ്ചായത്ത്തല സമിതി.

11

സഹകരണം

കൃഷി മുഖ്യുപജീവനമാർഗ്ഗമായിട്ടുള്ള നമ്മുടെ പഞ്ചായത്തിൽ വിത്ത് വിതയ്ക്കൽ, കൊയ്ത്ത്, വളംസംഭരണം കന്നുകാലി സംരക്ഷണം, ജലസേചനം തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ ബഹുഭൂരുപക്ഷം കൃഷിക്കാരും സ്വയംപര്യാപ്തമായിരുന്നില്ല. മദ്ധ്യവർത്തികളായ പണമിടപാട്കാരിൽനിന്നും അമിതപലിശക്ക് കടം വാങ്ങിയാണ് കൃഷി നടത്തിവന്നിരുന്നത്. ഇങ്ങിനെ അമിതമായ പലിശ ഈടാക്കുന്നതിനാൽ ഈ കടം തിരിച്ചടക്കാൻ കഴിയാതെ ബഹുഭൂരിപക്ഷംകൃഷിക്കാരം പാപ്പരീകരിക്കപ്പെടുന്ന അവസ്ഥയിലേക്ക് എത്തി. ഈ കാലഘട്ടത്തിൽ തന്നെ നാടൊട്ടുക്കും സഹകരണ പ്രസ്ഥാനം രൂപം കൊണ്ട് വരികയായിരുന്നു. ഇതിന്റെ ചുവട് പിടിച്ച് നമ്മുടെ നാട്ടിലും കൃഷിക്കാരേയും മറ്റും സംഘടിപ്പിച്ച് സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നതിന്റെ തുടക്കം കുറിച്ചു.

വായ്പാ സംഘങ്ങൾ

മാണിയൂർ വില്ലേജ് പ്രവർത്തനപരിധിയായികൊണ്ട് അംഗങ്ങൾക്ക് പണം കടം കൊടുക്കുക, അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുക. അംഗങ്ങളുടെ കൃഷി ആവശ്യങ്ങൾക്കും വീടാവശ്യങ്ങൾക്കും വേണ്ട ഉപകരണങ്ങൾ വിതരണം ചെയ്യുക. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുക ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി എൽ.എൽ.1510 നമ്പർമാണിയൂർ വിവിധോദ്ദേശ്യഐക്യ നാണയസംഘം 1932ലെ 60ം നമ്പർ മദിരാശി ആക്ട് പ്രകാരം ഒരു പരസ്പര ധനസഹായ സംഘമായി 1951 ഡിസംമ്പർ 240ം തീയ്യതി രജിസ്റ്റർ ചെയ്യപ്പെട്ടു. ഇതേ കാലഘട്ടത്തിൽ തന്നെ കുറ്റ്യാട്ടൂർ വില്ലേജ് പ്രവർത്തനപരിധിയായി കുറ്റ്യാട്ടൂർ വിവിധോദ്ദേശ്യ ഐക്യ നാണയ സംഘവും രജിസ്റ്റർ ചെയ്യപ്പെട്ടു. നമ്മുടെ പഞ്ചായത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ച

ഈ രണ്ട് സഹകരണ സ്ഥാപനങ്ങളാണ് ഇന്നത്തെ കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്കായത്.

കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക് മേൽപ്പറഞ്ഞ ഐക്യ നാണയസംഘങ്ങളുടെ പ്രവർത്തനങ്ങൾ പരിമിതമായതിനാലും നിലവിലുള്ള ഐക്യ നാണയസംഘങ്ങൾ സർവ്വീസ് സഹകരണ സംഘങ്ങളായി വിപുലപ്പെടുത്തുക എന്ന സർക്കാർ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ 1964 ഏപ്രിൽ 7ാം തീയ്യതി സി 153ാം നമ്പർമാണിയൂർ സർവ്വീസ് സഹകരണ സംഘവും 1969 മാർച്ച്മാസം 13ാം തീയ്യതി നമ്പർ എൽ.എൽ.16 ആയി കുറ്റ്യാട്ടൂർ സഹകരണ സംഘവും സ്ഥാപിതമായി.

ചെക്കിക്കുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന മാണിയൂർ സർവ്വീസ് സഹകരണ സംഘം പൊതുവിൽ തൃപ്തികരമായ പ്രവർത്തനം കാഴ്ചവെച്ചുവെങ്കിലും കുറ്റ്യാട്ടൂർ സഹകരണസംഘം മേനേജ് മെൻറിന്റെ വൈകല്യവും ജീവനക്കാരുടെ കാര്യക്ഷമത ഇല്ലായ്മ.ഉം കാരണം പ്രവർത്തന രഹിതമാകുന്ന നിലയിലേക്ക് നീങ്ങി. മാത്രവുമല്ല മാണിയൂർ സംഘത്തിനാണെങ്കിൽ അംഗങ്ങളുടെ പരിമിതമായ ആവശ്യങ്ങൾ നിറവേറ്റാൻമാത്രമേ കഴിഞ്ഞുള്ളൂ.

ഈ പശ്ചാതലത്തിൽ മേൽപ്പറഞ്ഞ രണ്ട് സംഘങ്ങളും സംയോജിപ്പിച്ച് കൊണ്ട്കുറ്റ്യാട്ടൂർ പഞ്ചായത്ത് പ്രവർത്തന പരിധി യായി ഒരു സഹകരണ ബേങ്ക് രൂപീകരിക്കുന്നത് അംഗങ്ങൾക്ക് കൂടുതൽ ഉപകാര പ്രദമായിരിക്കുമെന്ന സർക്കാർ നിർദ്ദേശമനുസരിച്ച് അംഗങ്ങളുടെ ഇടയിൽ മിതത്വം സ്വയം പ്രാപ്തതാബോധം പരസ്പര സേവന ബുദ്ധി എന്നീഗുണങ്ങൾക്ക് പ്രോത്സാഹനം നൽകുക സംഘങ്ങൾക്ക് ഹ്രസ്വകാല മദ്ധ്യകാല വായ്പകൾ വിതരണം ചെയ്യുക കാർഷിക ആവശ്യത്തിന് വിത്ത്, വളം, കീടനാശിനി, ഉപകരണങ്ങൾ മുതലായവ വിതരണം ചെയ്യുക എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയും മറ്റ് ബേങ്കിംങ്ങ് പ്രവർത്തനം നടത്തുന്നതിനുവേണ്ടിയും 1980 ഫെബ്രുവരി 5ാം തീയ്യതി കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ് നമ്പർ സി 817 ചെക്കിക്കുളം ആസ്ഥാനമായി മാണിയൂർ സംഘത്തിന്റെ സ്വന്തമായ ബിൽഡിങ്ങിൽ പ്രവർത്തനം ആരംഭിച്ചു. ബേങ്ക് രൂപീകിരക്കുമ്പോൾ അംഗങ്ങൾ 2298 നിക്ഷേപങ്ങൾ 4,44,000 വായ്പകൾ 3,54,000 ഓഹരി മൂലധനം 1,04,000പ്രവർത്തന മൂലധനം 7,05,000 ആയിരുന്നെങ്കിൽ തുടർന്ന് വളർച്ചയുടെ പടവുകൾ പിന്നിട്ട് കൊണ്ട് 1995 96 അംഗങ്ങൾ 7147 നിക്ഷേപങ്ങൾ 2, 43, 50,000വായ്പകൾ 2,28,20,000 ഓഹരി മൂലധനം 17,36,000 പ്രവർത്തന മൂലധനം 2, 91, 000ലും എത്തിനിൽക്കുന്നു. 1976 മുതൽ ആരംഭിച്ച നിക്ഷേപ സമാഹരണ യജ്ഞവും സഹകാരിക ളും അംഗങ്ങളും മറ്റ് അഭ്യുദയകാംക്ഷികളും നൽകിവരുന്ന നിർലോഭമായ സഹായവും കൂട്ടായ്മയുമാണ് ഈ സ്ഥാപനത്തിന്റെ ഇന്നത്തെ നിലയിലുള്ള വളർച്ചക്ക് കാരണമായി ചൂണ്ടികാട്ടുന്നത്

പട്ടിക 1 നൽകിയിട്ടുള്ള വായ്പകൾ

ഇനം				തുക
1	തെങ്ങ് കൃഷി			11,00,000
2	കവുങ്ങ് കൃഷി			1,60,000
3	നേന്ത്രവാഴ കൃഷി			10,00,000
4	മരച്ചീനി			1,60,000

5	കാർഷികേതര വായ്പകൾ	65,00,000
6	സ്വർണ്ണപണയ വായ്പകൾ	56,00,000
7	മറ്റ് വായ്പകൾ	58,00,000
8	ഐ.ആർ.ഡി.പി വായ്പകൾ	4,50,000
9	പദ്ധതി വായ്പകൾ കിണർ പമ്പ് സെറ്റ് മുതലായവ	20,50,000
	ആകെ	2,28,20,000

സഹകരണ തത്വവും നിയമവും അനുശാസിക്കുന്ന രീതിയിൽ ബേങ്കിനെ സമീപിക്കുന്ന എല്ലാവർക്കും അംഗത്വവും വായ്പാ വിതരണ കാര്യത്തിൽ യാതൊരു തരത്തിലുള്ള വിവേചനവും കാണുക്കുന്നില്ല എന്നുള്ളതുമാണ് ബേങ്കിന്റെ അംഗങ്ങളുടെ എണ്ണത്തിലും വായ്പാ തോതിലുള്ള വർദ്ധനവും കാണിക്കുന്നത്. ബേങ്കിൽ നിന്നുംഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപവരെ വായ്പ നൽകിവരുന്നു.

ബേങ്കിന്റെ പ്രവർത്തനങ്ങൾ

☐ നിക്ഷേപങ്ങൾ സ്വീകരിക്കുക.

1.കറൻറ് അകൗണ്ട്.
2. സേവിങ്ങ്സ് ഡെപ്പോസിറ്റ്
3. സ്ഥിര നിക്ഷേപം
4. ദിനനിക്ഷേപം
5. 5വർഷം കൊണ്ട് ഇരട്ടിക്കുന്ന സ്വയം വർദ്ധിക്കുന്ന ഡെപ്പോസിറ്റ്സ്കീം.
6. വിവിധതരം കേഷ് ഡപ്പോസിറ്റ്
7. റക്കറിങ്ങ് ഡപ്പോസിറ്റ്
8 ഗ്രൂപ്പ് ഡപ്പോസിറ്റ് ആൻറ് ക്രഡിറ്റ് സ്കീം.

☐ വായപകൾ നൽകുക

ഹ്രസ്വകാല മദ്ധ്യകാല വാർഷിക കാർഷികേതര വായ്പകൾ സ്വർണ്ണപണ്ട പണയത്തിന്മേലുള്ള വായപ്പകൾ, ഗൃഹോപകരണ വായ്പകൾ ജീവനക്കാരുടെ ജാമ്യത്തിന്മേലുള്ള വായ്പകൾ, ജില്ലാ സഹകരണ ബേങ്കിൽ നിന്നും ലഭിക്കുന വായ്പകൾ വിധേയമായി വിവാഹ വായ്പകൾ, വീട് റിപ്പേറിന് വാആയ്പകൾ തുടങ്ങിയവ കൂടാതെ ഐ.ആർ.ഡി.പി വായ്പകൾ ഡി.ഡ്ബ്ലൂ.സി.ആർ,എ യൂനിറ്റ് വായ്പകൾ തുടങ്ങിയവകൂടാതെ കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനും ദീർഘകാല വായ്പകൾ നൽകിവരുന്ന തോടൊപ്പം സ്വത്ത് പണയത്തിന്മേൽ മെമ്പർ മാർക്ക് 10000രൂപ വരെ വായ്പ അനുവദിക്കുന്നുണ്ട്.

മറ്റ് സേവന പ്രവർത്തനങ്ങൾ

ബേങ്കിന്റെ ആഭിമുഖ്യത്തിൽ ചെക്കിക്കുളത്ത് ഒരു പൊതു വിതരണ കേന്ദ്രവും ചെക്കിക്കുളം കുറ്റ്യാട്ടൂർ കട്ടോളി എന്നിവടങ്ങളിൽ വളം, കീടനാശിനി ഡിപ്പോകൾ. ചെറുവത്തല മൊട്ട കുറ്റ്യാട്ടൂർ എന്നിവിടങ്ങളിൽ സിമൻറ് ഡിപ്പോകൾ ഉത്സവകാലങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹയത്തോടുകൂടി ചന്തകൾ സർക്കാർ തീരുമാനത്തിന്റെ ഭാഗമായി കശുവണ്ടി സംവരണ ഡിപ്പോകൾ എന്നിവയും നല്ല നിലയിൽ റവർത്തിച്ചുവരുന്നു. ചെക്കുകൾ ഡ്രാഫ്റ്റുകൾ എന്നിവ കലക്ടു ചെയ്തു കൊടുക്കുന്നു.എൽ.ഐ.സി. ഓഫ് ഇന്ത്യ കണ്ണൂർ ബ്രാഞ്ച് 11ലേക്കുള്ള എൽ.ഐസി. പ്രീമിയം കുറ്റ്യാട്ടൂർ ബ്രാഞ്ചിൽ സ്വീകരിക്കുന്നതും ബേങ്കിലെ അംഗങ്ങൾ അപകടത്തിൽ മരിച്ചാൽ 10000രൂപ ലഭ്യമാക്കുന്ന എക്സ്ഗ്രീഡിയൻറ് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതും ബേങ്കിന്റെ സേവന തൽപരത എടുത്തുകാട്ടുന്നു.

അംഗങ്ങളുടേയും ഇടപാടുകാരുടേയും സൗകര്യാർത്ഥം ഭൂപ്രകൃതി അനുസരിച്ച് വിസ്തൃതമായ പഞ്ചായത്തിലെ എല്ലാ അംഗ

ങ്ങൾക്കും ഇടപാടുകാർക്കും ബേങ്ക് സ്ഥിതി ചെയ്യുന്ന ചെക്കിക്കുളത്ത് എത്തിച്ചേരുന്നതിനുള്ള പയാസം ലഘൂരിക്കുന്നതിനു വേണ്ടിയും ബേങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുവേണ്ടിയും 1987ൽ കുറ്റ്യാട്ടൂരിലും 1995ൽ പാവന്നൂർ മൊട്ട.ഇലും ഒരോ ശാഖകൾ പ്രവർത്തനമാരംഭിച്ചു. കുറ്റ്യാട്ടൂർ ബ്രാഞ്ച് സ്വന്തം കെട്ടിടത്തിലും, പാവന മോട്ട ബ്രാഞ്ച് വാടകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

വനിതാസഹകരണ സംഘങ്ങൾ

പഞ്ചതായത്തിൽ രണ്ട് വനിതാ സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. കുറ്റ്യാട്ടൂർ പഞ്ചായത്ത് ഒരു വനിത കോ-ഓപ്പ്റേറ്റീവ് സൊസൈറ്റിയും പഴശ്ശി വനിതാ കോ-ഓപ്പ് സൊസൈറ്റി എന്നിവയാണ് അവ.

കുറ്റ്യാട്ടൂർ പഞ്ചായത്ത് വനിതാ സഹകരണസംഘം:

1993ലാണ് സംഘം സ്ഥാപിതമായത്. നിലവിൽ 284 അംഗങ്ങളും 178000 രൂപ നിക്ഷേപവും ഉണ്ട്. 173000രൂപ വായ്പയായി നൽകിയിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം നഷ്ടത്തിലാണ്,

പഴശ്ശിവനിതാ കോ- ഓപ്പ്റേറ്റീവ് സൊസൈറ്റി.:

കുറ്റ്യാട്ടൂർ വില്ലേജ് പ്രവർത്തന മേഖലയായി കൊണ്ട് 1992ലാണ് സംഘം സ്ഥാപിതമായത്. നിലവിൽ 213 അംഗങ്ങളും 2980000രൂപ നിക്ഷേപവുമുണ്ട്. 2930000 രൂപ വായ്പ കൊടുത്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം നഷ്ടത്തിലാണ്.

വായ്പേതര സംഘങ്ങൾ

വ്യവസായ സഹകരണ സംഘം:
മാണിയൂർ കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം

1983ന്റെ അവസാന ഗവ: പ്രഖ്യാപിച്ച മിനിമം കൂലിയും ഷാമബത്തയുപം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കാറി മുതലാളിമാർക്ക് തൊഴിലാളില സംഘടന ഡിമാൻറ് നോട്ടിസ് കൊടുക്കുകയു ണ്ടായി. എന്നാൽ മുതലാളിമാർ നിഷേധാത്മക സമീപനം കാണിച്ചതിന്റെ ഫലമായി പ്രസ്തുത ആനുകൂല്യം നേടിയെടുക്കുന്നതിനുവേണ്ടി തൊഴിലാളികൾ സമരരംഗത്ത് ഇറങ്ങി. സമരം 4മാസത്തോളം നീണ്ടുനിന്നു. പ്രസ്തുത ആനുകൂല്യം നേടിയെടുക്കുന്നതിന്റെ പോരാട്ടത്തിന്റെ ഫലമായി ജില്ലാവ്യാപകമായി തൊഴിലാളികൾ തൊഴിൽ സ്ഥാപനം നേരിട്ട് ഏറ്റെടുക്കുകയുണ്ടായി. ഏതാണ്ട് ഒരു വർഷക്കാലം ഈ മേഖലയിൽ തൊഴിലാളികൾ മൂന്നു കാറികളിലായി (വെള്ളുവയൽ, പെരുമ്പനം,ചുണ്ട) നേരിട്ട് പണി നടക്കുകയും തുടർന്ന് സഹകരണ സ്ഥാപനം രജിസ്റ്റർ ചെയ്യാനുള്ള നടപടി ആംരിഭിക്കുന്നതിന്റെ ഫലമായി ശ്രീ. കെ രവീന്ദ്രൻ ചീഫ് പ്രമോട്ടർ ആയി സൊസൈറ്റി രൂപീകരിച്ചു. 164 മെമ്പർമാരെ ഉൾപ്പെടുത്തിക്കൊണ്ട് 22.4.1987 1320ം നമ്പർ മാണിയൂർ കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്തു. 1987മെയ് 80ം തീയ്യതി ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. 9വർഷക്കാലമായി ലാഭകരമായി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. സംഘത്തിന് 1996വർഷത്തിൽ മാത്രം ഒരു ലക്ഷം രൂപ വാർഷിക വിറ്റുവരവുണ്ട്. ഇതിനുകാരണം സേവനസന്നദ്ധരായ തൊഴിലാളികളും കാര്യക്ഷമമായ മാനേജുമെൻറുമാണ്. നിലവിൽ 39 തൊഴിലാളികൾ പണി എടുക്കുന്നു. സ്റ്റോൺ ക്രഷർ യന്ത്രത്തിന്റെ കടന്നുവരവ് ഈ വ്യവസായത്തിന് ഒരു വെല്ലുവിളിയായി മാറുകയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപെടുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്.

ഉപഭോക്തൃ സഹകരണ സംഘം

1980ൽ പ്രവർത്തനം ആരംഭിച്ച കുറ്റ്യാട്ടൂർ പഞ്ചായത്ത് കോ-ഓപ്പ്റേറ്റീവ് കൺസ്യൂമർ സ്റ്റോർ പ്രവർത്തനം നിലച്ചനിലയിലാണ് ഉള്ളത്. മാനേജ് മെൻറിന്റെ പ്രവർത്തനം, പ്രവർത്തനമൂലധനത്തിന്റെ അഭാവം കമ്പോള മത്സരം,വൈവിധ്യവൽക്ക

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ പട്ടിക - 2

ക്രമനമ്പർ	സഹകരണസ്ഥാപനങ്ങളുടെ പേര്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം: ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാർ	മറ്റുള്ളവർ	സംഘത്തിന്റെ സ്വഭാവം	ഓഹരി മൂലധനം	നിക്ഷേപം	വായ്പ	പ്രവർത്തന ലാഭം	ലാഭം/നഷ്ടം	റിമാർക്ക്
1	കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക്	1980	7147	12	7	ക്രെഡിറ്റ്	7,36,000	2,43,50,000	2,28,20000	2,91,00,000,	ലാഭം	
2	പഴശ്ശി വനിതാ സഹകരണ സംഘം	1992	213	1	2	ക്രെഡിറ്റ്	-	2,98,000	2,93,000	-	നഷ്ടം	
3	കുറ്റ്യാട്ടൂർ വനിതാ സഹകരണസംഘം	1993	284	1	2	ക്രെഡിറ്റ്	-	1,78,000	1,73,000	-	നഷ്ടം	
4	മാണിയൂർ കരിങ്കലാന തൊഴിലാളി വ്യവസായ സഹകരണ സംഘം	1987	188	1	39	നോൺ ക്രഡിറ്റ് വ്യവസ്ഥയം	1,33,000	-	-	7,00000 ടേൺ ഓവർ	ലാഭം	
5	മാണിയൂർ ആർ.കെ.യു.പി.കോ-ഓപ്പ് സൊസൈറ്റി	1976	2179	-	-	നോൺക്രെ. സ്കൂൾ സൊ	2179	-	-	32000 ടേൺ ഓവർ	നഷ്ടം	
6.	കുറ്റ്യാട്ടൂർ എ.യു.പി.എസ് ഗ്രൂപ്പ് കോ-ഓപ്പ് സൊസൈറ്റി	1976	2845	-	-	,,	3453	-	-	25000 ടേൺ ഓവർ	നഷ്ടം	
7.	കുറ്റ്യാട്ടൂർ പഞ്ചായത്ത് കോ ഓപ്പ് കൺസ്യൂമർ സൊസൈറ്റി	1980	285	-	-	നോ.ക്രെ.ഉപഭോ ക്തൃ സഹകരണ സംഘം	10000	-	-	-	-	പ്രവർത്തനം നിലച്ചു
8.	കുറ്റ്യാട്ടൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ വർക്കസ് ഷോപ്പ് കോ-ഓപ്പ് സൊസൈറ്റി	-	-	-	-	-	-	-		-		,,
9.	തെങ്ങ് ചക്കര ഉൽപാദക സഹകരണ സംഘം	-	-	-	-	-	-	-	-	-	-	,,
10.	ബി. കീപ്പേഴ്സ് സഹകരണ സംഘം	-	-	-	-	-	-	-	-		-	,,
11.	ഓയിൽ ഉൽപാദന സഹകരണ സംഘം	-	-	-	-	-	-	-	-	-	-	,,
12.	മൾബറി കോ-ഓപ്പ് സോസൈറ്റി	-	-	-	-	-	-	-	-	-	-	,,
13.	കുറ്റ്യാട്ടൂർ ക്ഷീരോൽപാദക സഹകരണ സംഘം	-	-	-	-	-	-	-	-	-	-	,,

പട്ടിക - 3 കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക്

വർഷം	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം	നിക്ഷേപങ്ങൾ	അംഗങ്ങൾക്ക് നൽകിയ വായ്പ	ജില്ലാ സഹകരണ ബേങ്കിൽ നിന്നും ലഭിച്ച വായ്പകൾ	പ്രവർത്തന മൂലധനം
1980	2298	1,04,000	4,44,000	3,54,000	1,84,000	2,70,000
1985	3232	2,32,000	21,11,000	26,51,000	8,49,000	32,77,000
1990	5057	5,48,000	61,30,000	71,19,000	20,28,000	87,13,000
1991	5291	6,03,000	72,34,000	73,43,000	16,98,000	94,27,000
1992	5508	6,73,000	89,63,000	86,05,000	20.55.000	1,16.84,000
1993	5789	8,77,000	1,06,82,000	1,08,20,000	23,78,000	1,37,73,000
1994	6075	10,46,000	1,55,52,000	1,38,63,000	28,10,000	1,87,08,000
1995	6503	14,45,000	2,03,10,000	1,88,00,000	32,10,000	2,42,65,000
1996	7147	17,36,000	2,43,50,000	2,28,20,000	38,20,000	2,91,00,000

രണത്തിന്റെഅഭാവം, ബഹുജന പിന്തുണയുടെ അഭാവം, ക്രഡിറ്റ് സൗകര്യത്തിന്റെ അഭാവം എന്നിവ ഇതിന്റെ തകർച്ചയ്ക്ക് കാരണമായി ചൂണ്ടികാണിക്കാം.

സ്കൂൾ സഹകരണ സംഘങ്ങൾ:

പഞ്ചായത്തിൽ രണ്ട് സ്കൂൾ സഹകരണ സംഘങ്ങളാണ പ്രവർത്തിക്കുന്നത്. ചെക്കികുളം രാധാകൃഷ്ണയു.പി.സ്കൂൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന മാണിയൂർ രാധാകൃഷ്ണ യു.പി. സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ്-റേറ്റീവ് സൊസൈറ്റി പരിതിയിൽ മാണിയൂർ സെൻറ്രൽ എൽ.പി. സ്കൂൾ ഭഗവതീ വിലാസം എൽ.പി സ്കൂൾ കട്ടോളി, തണ്ടപ്പുറം എൽ.പി സ്കൂൾ എന്നിവയാണ്. കുറ്റ്യാട്ടൂർ എ.യു.പി. സ്കൂൾ, കുറ്റ്യാട്ടൂർ എ.എൽ.പി സ്കൂൾ, കുറ്റ്യാട്ടൂർ ഈസ്റ്റ് എ.എൽ.പി സ്കൂൾ, കുറ്റ്യാട്ടൂർ സൗത്ത് എ എൻ പി. സ്കൂൾ, വേശാല ഈസ്റ്റ് എ. എൻ പി സ്കൂൾവേശാല എൽ.പി.സ്കൂൾ, പഴശ്ശി എ. എൽ.പി സ്കൂൾ എന്നീ സ്കൂളുകൾ പ്രവർത്തനപരിധിയായി കുറ്റ്യാട്ടൂർ എ.യു.പി.സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ് സൊസൈറ്റിയും പ്രവർത്തിക്കുന്നു. മെൽപ്പറഞ്ഞ സ്കൂളുകളിലെ കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുകയാണ് ഈ സൊസൈറ്റികൾ ചെയ്തുവരുന്നത്.

ക്രഡിറ്റ് മേഖല

പ്രശ്നങ്ങൾ

0 കൃത്യസമയത്ത് വായപകൾ തിരിച്ചടക്കാതെ കുടുശ്ശിക വരുത്തുന്നു.

2,. പ്രത്യുൽപാദനമേഖവകൾക്ക് മൂലധനമിറക്കാനുള്ള വൈമുഖ്യം.

3. പുതിയപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള കാലതാമസവും സാങ്കേതിക തടസ്സവും.

4. ജില്ലാ സഹകരണ ബേങ്കിൽ നിന്നും കടം ലഭിക്കുന്നതിനുള്ള കാലതാമസവും സാങ്കേതിക തടസ്സവും.

5. പ്രവർത്തന മൂലധനത്തിന്റെ ലഭ്യതക്കുറവ്.

6. വായ്പകൾ ദുരുപയോഗം ചെയ്യൽ. (നിർദ്ധിഷ്ട പദ്ധഥികൾക്കനുവദിക്കുന്ന വായ്പകൾ മറ്റുംആവശ്യങ്ങൾക്കു വേണ്ടി ഉപയോഗി ക്കുന്നു.

7. വൈവിധ്യവൽക്കരണത്തിന്റെ അഭാവം.

8. ഡിപ്പാർട്ടുമെൻറിന്റെ അമിതമായ നിയന്ത്രണം.

9 അംഗങ്ങൾക്കുള്ള സഹകരണ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത

10. വിദേശനിക്ഷേപകരെ ആകർഷിക്കത്തക്കരീതിയിൽ സഹകരണ ബേങ്കുകളിൽ എൻ ആർ ഇ അക്കൗണ്ടുകൾ തുടങ്ങാനുള്ള നിയമതടസ്സം.

11. സ്വത്ത് പണയവായപകൾ ഈടീക്കുന്ന ഉയർന്ന രജിസ്റ്റേഷൻ ഫീസ്

12. നിക്ഷേപങ്ങൾക്കും വായ്പകൾക്കുമുള്ള പലിശ നിരക്കുകൾ തമ്മിൽ കൂടുതൽ വ്യത്യാസം മില്ലായ്മ

13. ഓഡിറ്റിങ്ങിന്റെ കാലതാമസം

14. കുടിശ്ശിക വായ്പകൾ എഴുതി തള്ളുന്നതപോലെയുള്ള കടാശ്വാസ പദ്ധതികൾ മൂലം കുടിശ്ശിക വർദ്ധിക്കുന്നതിനുള്ള പ്രവണത

15. വനിതാ സഹകരണ സംഘങ്ങളുടെ മേനേജ് മെൻറിന്റെ കാര്യക്തമത ഇല്ലായ്മയും വനിതാ പങ്കാളിത്തത്തിന്റെ അഭാവവും.

സാധ്യതകൾ

1. കൂടുതൽ നിക്ഷേപകരെ ആകർഷിക്കത്തക്കരീതിയിൽ മാനേജ്മെൻറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

2. കുടുശ്ശിക നിർമ്മാർജ്ജനം ചെയ്യാനുള്ള ബോധപൂർവ്വമായപരിപാടികൾ ആവിഷ്ക്കരിക്കുക.

3. സഹകരണ വിദ്യാഭ്യാസം നൽകുക.

4. കൂടുതൽ മെമ്പർ മാരെ ചേർത്തുകൊണ്ട് ജനങ്ങളെ ബേങ്ക് പ്രവർത്തനത്തിൽ ഭാഗവാക്കാക്കുക.

5. വൈവിധ്യവൽക്കരണം നടപ്പിലാക്കുക.

6. അംഗങ്ങളുടെ ആവശ്യങ്ങൾ അനുസരിച്ച് പുതിയ സ്കീമുകൾ തയ്യാറാക്കുക

7. കാർഷികവായ്പകൾക്കും ഉൽപാദന വ്യവസായ വായ്പകൾക്കും മുൻഗണന നൽകുക.

8. പദ്ധതി വായ്പകളുടെ വിനിയോഗം നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കുക.
9. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ സഹകരണബേങ്കിന്റെ ബ്രാഞ്ചുകൾ തുറന്ന് പ്രവർത്തനം വ്യാപിപ്പിക്കുക.
10. നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് ദേശസാൽകൃതബേങ്കിനേക്കാൾ ഉയർന്നതാണെന്ന് ഉറപ്പുവരുത്തുക.
11. ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് ക്രീയാത്മകമായ സഹകരണവും പ്രോത്സാഹനവും ലഭിക്കുക.
12. ജനറൽ ബോഡികളിലും ബേങ്ക് പ്രവർത്തനങ്ങളിലും കൂടുതൽ ജനപങ്കാളിത്തംഉറപ്പുവരുത്തുക.
13. പുതുയ പ്രവർത്തനമേഖലകളിലേക്ക് കടന്നുകയറാനുള്ള പ്രത്യേക പഠനക്ലാസുകൾ സംഘടിപ്പിക്കുക.
14. സേവന തുറകൾ വ്യാപിപ്പിക്കുക.
15. കാർഷികോൽപാദന ഉൽപ്പന്നങ്ങൾ ശേഖരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
16. സ്വയം തൊഴിൽ പരിശീലന കേമ്പുകൾ സംഘടിപ്പിക്കുക.
17. കുടിശ്ശിക പിരിച്ചെടുക്കു ന്നതിനുവേണ്ടിയുള്ള നിയമനടപടികൾ ത്വരിതപ്പെടുത്തുക.

വായ്പേതര സംഘങ്ങൾ.

പ്രശ്നങ്ങൾ

1. വ്യവസായ മേഖല(കരിങ്കൽ വ്യവസായം)
1. പ്രവർത്തനമൂലധനത്തിൻറ അഭാവം
2. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതകുറവ്
3. ഉൽപാദനങ്ങൾക്ക് വിപണി ലഭ്യമാക്കാത്ത അവസ്ഥ
4. യന്ത്രവൽക്കരണത്തിന്റെ (ക്രഷർ) ഭാഗമായിട്ടുള്ള പ്രശ്നങ്ങൾ
5. കമ്പോളത്തിലുള്ള മത്സരം

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. സംഘത്തിൽ തൊഴിലാളി പങ്കാളിത്തം വർദ്ധിപ്പിക്കുക.
2. തൊഴിലാളികൾക്ക് വിദഗ്ദ പരിശീലനം നൽകുക.
3. പുതിയ വിപണന മേഖലകണ്ടെത്തുക.

മറ്റ് സഹകരണ സംഘങ്ങൾ

പ്രശ്നങ്ങൾ

O ഉപഭോക്തൃസംഘങ്ങൾ
1. പ്രവർത്തനമൂലധനത്തിന്റെ അഭാവം
2. കമ്പോള മത്സരം
3. വൈവിധ്യവൽക്കരണത്തിന്റെ അഭാവം

സാധ്യതകൾ

1. ജനങ്ങളെ ഉപഭോക്തൃമേഖലയുമായി സഹകരിപ്പിക്കുക.
2, ഉപഭോക്തൃസംഘങ്ങളെ വിൽപ്പന നികുതിയിൽ നിന്ന് ഒഴിവാക്കുക.
3. പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഗ്രാൻറ് അനുവദിക്കുക.
4. മേനേജേരിയൽ സബ്സീഡി അനുവദിക്കുക.
5. അംഗങ്ങൾക്ക് ക്രഡിറ്റ് വ്യവസസ്ഥയിൽ സധാനങ്ങൾ ലഭ്യമാക്കുക.

സ്കൂൾ കോ-ഓപ്പ് സൊസൈറ്റീകൾ

പ്രശ്നങ്ങൾ

1. പുസ്തക വിതരണത്തിൽ മാത്രമാണ് പ്രവർത്തിക്കുന്നത്.
2. പഠനോപകരണങ്ങൾ യഥാസമയം ലഭിക്കാത്ത അവസ്ഥ

സാധ്യതകൾ

1. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ, യൂനിഫോമുകൾ എന്നിവ സംഘത്തിൽ ലഭ്യമാക്കുക.
2. സൊസൈറ്റികളുടെ നടത്തിപ്പിന് ജീവനക്കാരെ നിയമിക്കുക.
3. പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവ: ഗ്രാൻറ് അനുവദിക്കുക സാമ്പത്തിക സഹകരണം നടത്തുക

മറ്റ് നിർദ്ദേശങ്ങൾ

1. ക്ഷീരോൽപാദന സഹകരണ സംഘം സ്ഥാപിക്കുക.

2. പഴസംസ്ക്കരണ(കുറ്റ്യാട്ടൂർ മാങ്ങ)യൂനിറ്റ് ആരംഭിക്കുക.

3. കശുവണ്ടി സംസ്ക്കരണ സംഘം തുടങ്ങുക

4. കൃഷിക്കാർക്ക് ആധുനിക കൃഷി സമ്പ്രധായങ്ങൾ നടപ്പിലാക്കുന്നതിന് യന്ത്രോപകരണങ്ങൾ നൽകുന്നതിനായി കാഗ്രോ യൂനിറ്റ് സ്ഥാപിക്കുക.

5. ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. കശുമാങ്ങ സംസ്ക്കരിച്ച് പാനീയം നിർമ്മിക്കാനുള്ള സഹകരണ സംഘം സ്ഥാപിക്കുക.

7. ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം, പരിഷ്ക്കരിക്കുക.

8. കൃഷിക്കാരുടെ ഉൽപാദനങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും മാർക്കറ്റിംങ്ങ് സൊസൈറ്റികൾ രൂപീകരിക്കുക.

9. വർദ്ധിച്ചുവരുന്ന കെട്ടിടനിർമ്മാണപ്രവർത്തനങ്ങളും പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവർത്തനങ്ങളും നടത്തുന്നതിനാവശ്യമായ ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിക്കുക.

10. ശാസ്ത്രീയമായി സംസ്ക്കരിച്ച് മദ്യം(കള്ള്) ലഹരികുറഞ്ഞ പാനീയമാക്കി മാറ്റുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ സംഘം രൂപീകരിക്കുക.

11. ഡി.ഡ്ബ്ലൂ.സി.ആർ.എ യൂനിറ്റുകളെ പ്രോത്സാഹിപ്പിക്കുക.

12. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അവശ്യമായ മൂലധനം ലഭ്യമാക്കുക.

13. കോഴിമുട്ട ശേഖരിക്കാനും വിപണനം നടത്താനും വേണ്ടി പോൾട്രി സൊസൈറ്റികൾ രൂപീകരിക്കുക.

14. കൂടുതൽ ഉൽപ്പന്നംനൽകുന്ന മുന്തിയിനം പശുക്കളം ലഭ്യമാക്കുക.

15. ഗാർമെൻറ്സ്, റെഡീമെയ്ഡ് യൂനിറ്റുകളും വിവിധതരം അസംബ്ലിംങ്ങ് യൂനിറ്റുകളും സ്ഥാപിക്കുക.

16. വനിതാസഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

17. കൊപ്ര സംഭരണവും സംസ്ക്കരണ യൂനിറ്റും സ്ഥാപിക്കുക.

18. പട്ടികജാതി വിഭാഗത്തിലുള്ളവരെ സംഘടിപ്പിച്ചുകൊണ്ട് പായനെയ്ത്ത് സഹകരണ സംഘം രൂപീകരിക്കുക.

19. പഞ്ചായത്തിൽ ലഭ്യമാകുന്ന ചകിരി ഉപയോഗിച്ച് ചകിരി ഉൽപ്പന്ന വ്യവസായ സഹകരണ സംഘം രൂപീകരിക്കകു.

12

വിഭവ സമാഹരണം

ഏതൊരു പ്രവർത്തനത്തിനും അത്യാവ ശ്യമായ ഒരു ഘടകമാണ് വിഭവം. വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗത്തിൽ കൂടി മാത്രമേ നല്ല നിലയിലുള്ള സാമൂഹ്യ സാമ്പത്തികപുരോഗതിക്കൈ വരിക്കാൻ സാധിക്കുകയുള്ളൂ. ശക്തമായ സാമ്പ ത്തിക അടിത്തറയിൽ നിന്നുകൊണ്ട് മാത്രമേ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ എറ്റെടുത്ത് നടപ്പക്കാൻ കഴിയു കയുള്ളൂ. ഇതിലേക്ക് നിലവിലുള്ള കാർഷിക വ്യവസായരംഗങ്ങൾ മെച്ചപ്പെടുത്തുന്നതിനോ ടൊപ്പം വ്യത്യസ്ഥമായ മറ്റു സ്രോതസ്സുകൾ കൂടി കണ്ടെത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനങ്ങൾ

1984-85	15959	38335	ഇല്ല	14018	94365	ഇല്ല	82531
1986-87	26167	37799	"	74662	230546	ഇല്ല	103264
1988-89	31652	68924	25	169535	131169	ഇല്ല	71719
1990-91	41418	79367	ഇല്ല	276676	168467	1,80,000	149011
1992-93	52930	88935	ഇല്ല	168372	228158	210600	212423
1994-95	91035	137330	ഇല്ല	490066	364893	293290	182803
1995-96	106385	145962	ഇല്ല	586678	322898	299740	326805
ആറു വർഷം കൊണ്ടുണ്ടായ വർദ്ധനവ് %	157%	84%		112%	92%	66%	119%

മേൽ കൊടുത്ത പട്ടിക പഞ്ചായത്തിന്റെ മൊത്തത്തിലുള്ള ചിത്രം സൂചിപ്പിക്കുന്നു. കഴിഞ്ഞ 11 വർഷകാലയളവിൽ പഞ്ചായത്തിന്റെ വരുമാനത്തിന്റെ ക്രമാനുഗതമായ വർദ്ധനവ് കാണാൻ സാധിക്കുമെങ്കിലും നമ്മുടെ സാദ്ധ്യതക്കനുസരിച്ച് എല്ലാ മേഘലകളിലും വർദ്ധനവ് ഉണ്ടായിട്ടില്ല. കെട്ടിട നികുതി, തൊഴിൽ നികുതി, സർക്കാർ ഗ്രാൻറ് എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാനമായ വരുമാന മാർഗ്ഗങ്ങൾ മണൽ ലേലത്തിൽ നിന്നുള്ള വരുമാനം സ്ഥായിയല്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ സാമ്പത്തിക നിലഭദ്രമല്ല എന്നു മനസ്സിലാക്കാം. എങ്കിലും ഇപ്പോൾ എസ്റ്റാബ്ളിഷ്മെൻറ് ഗ്രാൻറ് ലഭിക്കുന്നില്ല എന്നത് വരുമാനത്തിൽ ഉണ്ടായ നേരിയ പുരോഗതിയെ സൂചപ്പിക്കുന്നു. വിശദവിവ രങ്ങൾ താഴെ കൊടുക്കുന്നു.

കെട്ടിട നികുതി

വാർഷിക വാടകയുടെ 6% മുതൽ 10% വരെ നികുതിയായി ചുമത്താമെന്നിരിക്കെ മിനിമം നിരക്ക് മാത്രമാണ് ചുമത്തിയിരിക്കുന്നത്. അതുപോലെ കെട്ടിട നികുതി നിർണ്ണയിക്കുന്നത് ശാസ്ത്രീയമായ രീതിയിലല്ല. വിലക്കൂടുതലുള്ള നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് ആഡംബരത്തോടെ പണിയുന്ന വീടുകൾക്കും സാധാരണ വീടുകൾക്കും ഇന്ന് ഒരേ നിരക്കിലുള്ള നികുതിയാണ് ഈടാക്കുന്നത്. ഈ പ്രശ്നത്തിൽ വ്യത്യസ്ത നികുതി നിരക്ക് ഏർപ്പെടുത്തിയാൽ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. ആദ്യ സമയം നികുതി പിരിവ് 100% ആക്കുന്നതിലും വർഷങ്ങളായി വിജയിക്കുന്നുഎന്നത് അഭിമാനാർഹമാണ്.

തൊഴിൽ നികുതി

ഇപ്പോൾ മാസ ശമ്പളക്കാരിൽ നിന്നും കച്ചവടസ്ഥാപന ഉടമസ്ഥരിൽ നിന്നും കാറി ഉടമസ്ഥരിൽ നിന്നും ബസ്സ് ഉടമസ്ഥരിൽ നിന്നും മാത്രമേ തൊഴിൽ നികുതി പിരിക്കുന്നുള്ളു. ലോറി,ടാക്സിപെർമിറ്റുള്ള ജീപ്പ്,കാറ്,തുടങ്ങിയ വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും കാർഷികമേഘലയിൽ നിന്നുള്ള വരുമാനം തൊഴിലായി കണക്കാക്കി അതിൻ മേൽ കൂടി തൊഴിൽ നികുതി ചുമത്താവുന്നതാണ്.

പൂഴിലേലം

പഞ്ചായത്തിന്റെ ആധീനതയിലുള്ള പുഴപ്പുറമ്പോക്കിൽ നിന്നുള്ള പൂഴിലേലം ഇനത്തിൽ പഞ്ചായത്തിന് നല്ലൊരു സംഖ്യ ലഭിക്കുന്നുണ്ട്.നിലവിലുള്ളറോഡ് സൗകര്യം വർദ്ധിപ്പിക്കുകയും മണൽവാരി സ്റ്റോക്ക് ചെയ്യാനുള്ള സ്ഥലസൗകര്യം ഉണ്ടാക്കുക യും ചെയ്താൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

പുതിയസാദ്ധ്യതകൾ-ഗൾഫ് പണം

നമ്മുടെ പഞ്ചായത്തിൽ 600 ആളുകൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്.ഇവരുടെ വരുമാനത്തിന്റെ ഭൂരിഭാഗവും ഉല്പാദനപരമായ മേഘലയിലല്ല ചെലവഴിക്കുന്നത്.ഇവരുടെ സമ്പത്ത് ഒറ്റയ്ക്കോ കൂട്ടായ്മയിലോ ഉള്ള ഉല്പാദനപരമായ സംരംഭങ്ങളിലേക്ക് തിരിച്ചുവിടാൻ കഴിഞ്ഞാൽ പഞ്ചായത്തിന് നല്ല രീതിയിലുള്ള പുരോഗതി പ്രാപിക്കാൻ കഴിയും.

കല്ല്യാണമണ്ഡപം,പൊതുമാർക്കറ്റ്

പൊതുമാർക്കറ്റ്, കല്ല്യാണമണ്ഡപം എന്നിവ നിർമ്മിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.ഇതിനാവശ്യമായ ധനം ഗ്രാമീണവികസന ബോർഡുകൾ,മറ്റുധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന ലഭ്യമാകുന്നതാണ്.

പഞ്ചായത്തിന്റെ ചെലവിനങ്ങൾ

വർഷം	എസ്റ്റാബ്ലിഷ് മെൻറ്	മറ്റുവികസന ചെലവുകൾ	പൊതുമരാമത്ത്	ശതമാനം	കടം തിരിച്ചടവ്
1984-85	42163	89602	40379	59%	ഇല്ല
1986-87	85209	152241	186023	135%	
1988-89	137826	92206	124668	46%	
1990-91	168038	194702	418726	105%	
1992-93	199389	501210	182877	59%	
1994-95	297610	330068	561363	78%	
1995-96	293009	312625	495570	59%	

അവലംബം ദ്വിതീയവിവരശേഖരണം 96

നമ്മുടെ പഞ്ചായത്തിനകത്ത് ലഭിക്കുന്ന വരുമാനത്തിന്റെ 70%വും പൊതുമരാമത്ത് ജോലികൾക്കാണ്. വിനിയോഗിക്കുന്നത്.ഇതിൽ പലജോലികളും കരാർ അടിസ്ഥാനത്തിൽ നടത്തിവരുന്നത് കൊണ്ട്പദ്ധതി ചെലവിന്റെ നല്ലൊരു ശതമാനം ഇടത്തട്ടുക്കാരുടെ കൈകളിലെത്തുന്നു.ഇതിൽ ഭൂരിഭാഗം പ്രവർത്തികളും ജനകീയ്കമ്മറ്റികൾക്ക് ഏറ്റെടുത്ത് ചെയ്യാൻ കഴിയും.ഇതുവഴി ഒരു പരിധിവരെവിഭവചോർച്ച തടയാൻകഴിയും.

ധനകാര്യ സ്ഥാപനങ്ങൾ

ഗ്രാമവികസനത്തിന്റെ കാര്യത്തിൽ ധനകാര്യസ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കുന്നതിന് ആസൂത്രിതമായ ശ്രമങ്ങൾ ഇതുവരെ നടന്നിട്ടില്ല. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ധനകാര്യസ്ഥാപനങ്ങളെ സംബന്ധിച്ചവിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	പേര്	നിക്ഷേപം	വായ്പ	നിക്ഷേപ വായ്പാ ശതമാനം
1	കുറ്റ്യാട്ടൂർപഞ്ചായത്ത്സർവ്വീസ് സഹകരണ ബേങ്ക്,	2,43,50,000	2,28,20,000	94%
2	സിൻറിക്കേറ്റ്ബേങ്ക്	120,00,000	55,00,000	46%
3	വനിതാസഹകരണസംഘം പഴശ്ശി	298000	193000	98%
4	വനിതാസഹകരണസംഘം മണിയൂർ	178000	173000	97%

അവലംബംദ്വിതീയവിവരശേഖരണം-96

സഹകരണബാങ്കുകൾ അവയുടെ നിക്ഷേപത്തിനോടടുത്ത സംഖ്യവായ്പയായി നല്കുന്നുണ്ട്.എന്നാൽ ദേശസാൽകൃതബേങ്കിന്റെ നിക്ഷേപ വായ്പാ അനുപാതം കുറവാണ്.46% സഹകരണസംഘങ്ങൾ നൽകിവരുന്ന വായ്പ പ്രത്യുല്പാദനപരമായ മേഘലയിലേയ്ക്ക് തിരിച്ചുവിടുകയുംദേശസാല്കൃത ബേങ്കുകളുടെ വായ്പാസാദ്ധ്യത പ്രയോജനപ്പെടുത്താൻ

കഴിയുന്ന സ്കീമുകൾ തയ്യാറാക്കുകയും വേണം.

പ്രശ്നങ്ങൾ

1, തൊഴിൽ നികുതിയിൽ എല്ലാ വിഭാഗം തൊഴിലും ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
2, സർക്കാറിന്റെറ സാമ്പത്തീക സഹായം യഥാസമയം ലഭിക്കുന്നില്ല.
3, ധനകാര്യസ്ഥാപനങ്ങളുടെ ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നില്ല.
4, ദേശസാത്കൃതബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം വളരെ കുറവാണ്.
5, കരാറുകാരും ഇടത്തട്ടുകാരും അമിതലാഭം തട്ടിയെടുക്കുന്നു.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1, തൊഴിൽ നികുതി വിപുലീകരിച്ച് നടപ്പാക്കുക.
2, ഗ്രാൻറുകൾ യഥാസമയം ലഭ്യമാക്കാൻ ശ്രമിക്കുക.
3, ഗൾഫുമലയാളികളുടെ സാമ്പത്തിക നക്ഷേപം ആകർഷിക്കാൻ പറ്റുന്ന തരത്തിലുള്ള സ്കീമുകൾ തയ്യാറാക്കുക.
4, സ്ഥിര വരുമാനമുള്ള ആസ്ഥികൾ നിർമ്മിക്കുക.
5, മണൽ ഖനനസാദ്ധ്യത പഠന വിധേയമാക്കി വിപുലീകരിക്കുക.
6, പൊതുമരാമത്ത് പ്രവർത്തികളിൽകരാർ സമ്പ്രദായംകുറച്ച് കൊണ്ടു വന്ന് ജനകീയകമ്മറ്റികളുടെ പ്രവർത്തനം ഉറപ്പ് വരുത്തുക.
7, ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.

11.11.96ന് ചേർന്ന കുറ്റ്യാട്ടൂർ പഞ്ചായത്ത്
ഭരണസമിതി യോഗം അംഗീകരിച്ചത്